LIBRARY ARCHIVES Kerala Legislative Assembly

2. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അൻപത്തിനാല് മുതൽ എഴുപത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ

ഡോ. ടി. എം. തോമസ് ഐസക്: സർ, പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ 54 മുതൽ 74 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VIII നിയമനിർമ്മാണകാര്യം

2014-ലെ കേരള ധനകാര്യ ബിൽ, 2014-ലെ കേരള ധനകാര്യ (2-ാം നമ്പർ ബിൽ) എന്നിവ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2014-ലെ കേരള ധനകാര്യ ബിൽ ഭൂനികുതിയും 10.55 AM ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും മത്സ്യത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും സംയുക്തമായി പരിഗണിക്കുന്നതിനും 2014-ലെ കേരള ധനകാര്യ രണ്ടാം നമ്പർ ബിൽ പ്രത്യേകമായി പരിഗണിക്കുന്നതിനും സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനക്ക് അയക്കണമെന്നുമുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ധനകാര്യ ബിൽ നമ്പർ- (1) 281, ധനകാര്യ 10.56 AM ബിൽ നമ്പർ- (2) 282 എന്നിങ്ങനെ രണ്ട് ബില്ലുകളാണുള്ളത്. ഒരു ബിൽ ഇംഗ്ലീഷിലും മറ്റൊരു ബിൽ മലയാളത്തിലുമാണുള്ളത്. 2014-15-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ വിവിധ ഖണ്ഡികകളിൽ പ്രഖ്യാപിച്ചിട്ടുള്ളപ്രകാരം ഈ സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്കുവേണ്ടി 10 നിയമങ്ങൾ ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ആദ്യത്തെ ബിൽ. ആദ്യത്തെ ബില്ലിലെ രണ്ടാമത്തെ ക്ലാസിൽ തിരു-കൊച്ചി സാഹിത്യ ശാസ്ത്ര ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യൽ ആക്ടിലെ ഭേദഗതികളാണ്. അതിലെ 3-ാം വകുപ്പിൽ 1959-ലെ കേരളാ സ്റ്റാമ്പ് ഡ്യൂട്ടി ആക്ടിലെ ഭേദഗതികളാണ്. അതുപോലെ 3-ാം ബില്ലിലെ നാലാം ഖണ്ഡം കേരളാ പ്ലാന്റേഷൻ ആക്ടിൽനിന്ന് കമ്പനികളല്ലാത്ത ആളുകളെ ഒഴിവാക്കുന്നതാണ്. 4-ാം ബില്ലിലെ 5-ാം ഖണ്ഡം കേരള പൊതുവിൽപ്പന നികുതിക്കുള്ള ഭേദഗതികളാണ്. 5-ാം ബില്ലിലെ 6-ാം ഖണ്ഡം 75-ലെ കേരള കെട്ടിട നികുതി നിയമമനുസരിച്ചുള്ള കെട്ടിട നികുതി വർദ്ധിപ്പിക്കുന്നതിനും കന്നുകാലി, പന്നി, കോഴി ഫാമുകളേയും പോളി ഹൗസുകളേയും കെട്ടിട നികുതിയിൽനിന്നും ഒഴിവാക്കുന്നതിനുള്ള ഭേദഗതികളാണ്. 6-ാം ബില്ലിലെ 7-ാം ഖണ്ഡം 1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ

Page 2 of 59

ആക്ടിലെ ഭേദഗതികളാണ്. ബില്ലിലെ 8-ാം ഖണ്ഡം 1978-ലെ കേരള ആഡംബര ആക്ടിലെ ഭേദഗതികളാണ്. ബില്ലിലെ 9-ാം ഖണ്ഡം 1991-ലെ കേരള കാർഷികാദായ നികുതി നിയമത്തിലെ ഭേദഗതികളാണ്. ബില്ലിലെ 10-ാം ഖണ്ഡം കേരള മൂല്യവർദ്ധിത നികുതി നിയമത്തിലെ ഭേദഗതികളും ബില്ലിലെ 11-ാം ഖണ്ഡം 2013-ലെ കേരള ധനകാര്യ ആക്ടിലെ ഭേദഗതികളുമാണ്. 2014-ലെ കേരള ധനകാര്യ രണ്ടാം ബിൽ നമ്പർ 282, 2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ആക്ട് അനുസരിച്ച് ഓരോ ബമ്പർ നറുക്കെടുപ്പിലും നിലവിലുള്ള നികുതി 60 ലക്ഷം രൂപയിൽനിന്നും ഒരുകോടി രൂപയായും മറ്റ് നറുക്കെടുപ്പുകൾക്ക് 30 ലക്ഷം രൂപയിൽനിന്ന് 50 ലക്ഷം രൂപയായും വർദ്ധിപ്പിക്കുന്നതിനും കേന്ദ്ര ലോട്ടറി നിയമമനുസരിച്ച് സംസ്ഥാനത്ത് നടത്തുന്ന ലോട്ടറികൾ കേന്ദ്ര നിയമങ്ങളുടെയും ചട്ടങ്ങളുടെയും കേന്ദ്ര നിർദ്ദേശങ്ങൾക്കും വിധേയമാണോയെന്ന് പരിശോധിച്ച് എൻ.ഒ.സി. നൽകാൻ ലോട്ടറി ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിനുമാണ് ബില്ലിലെ ഭേദഗതികൾ. 1985-ലെ കേരള താൽക്കാലിക റവന്യൂ പിരിച്ചെടുക്കൽ ആക്ട് അനുസരിച്ച് പ്രസ്തുത ബില്ലുകളിലെ വ്യവസ്ഥകളെല്ലാം 2014 ഏപ്രിൽ 1-ാം തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുമെന്ന് പൊതുതാൽപര്യാർത്ഥം പ്രഖ്യാപിച്ചിട്ടുണ്ട്. അതനുസരിച്ച് ബില്ലിലെ വ്യവസ്ഥകൾ സംസ്ഥാനത്ത് 1-4-2014 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പൊതുചർച്ചയ്ക്കുശേഷം അതുസംബന്ധിച്ച് മറുപടി പറയാം.

പ്രൊഫ. സി. രവീന്ദ്രനാഥ്: 2014-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

10.58.AM]

ശ്രീമതി കെ. എസ്. സലീഖ: 2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-08-2014 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു

ശ്രീ. വി. ഡി. സതീശൻ: 2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ചർച്ച ആരംഭിക്കുകയാണ്. നമ്മുടെ ധാരണയനുസരിച്ച് മൂന്ന് മണിക്കൂർകൊണ്ട് (180 മിനിട്ട്) ബിൽ ചർച്ച ചെയ്ത് പാസ്സാക്കി സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണം.

11.00.AM]

ഡോ. ടി. എം. തോമസ് ഐസക്: സർ, ധനകാര്യ ബില്ലുകളെ എതിർക്കുന്നു. ഫിനാൻസ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് ഡിമാൻഡ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസ്ഥാനത്തിന്റെ ധനകാര്യസ്ഥിതി കൂടുതൽ അപകടത്തിലേക്ക് പോകുകയാണെന്നുപറഞ്ഞതിനെ സാധൂകരിക്കുന്ന കണക്കുകൾ പുതുതായിവന്നിരിക്കുകയാണ്. അന്ന് നമുക്ക് ഏപ്രിൽ-മേയ് മാസത്തെ കണക്കേയുള്ളൂ. എ.ജി.-യുടെ കണക്ക് വന്നിട്ടില്ലെങ്കിലും ഡിപ്പാർട്ട്മെന്റിന്റെ കണക്ക് ജൂൺ മാസത്തേതും വന്നു. അതുനോക്കുമ്പോൾ കഴിഞ്ഞവർഷം 5,981 കോടിരൂപ സെയിൽസ് ടാക്സ് കിട്ടിയ സ്ഥാനത്ത് ഈ വർഷം

11.00.AM]



LIBRARY ARCHIVES Kerala Legislative Assembly

6,785 കോടിരൂപയാണ് കിട്ടിയത്. 13 ശതമാനം കൂടുതലുണ്ട്. മോട്ടോർ വെഹിക്കിൾ ടാക്സ് 49[illegible] കോടി രൂപയിൽനിന്ന് 503 കോടി രൂപയിലേക്ക് വന്നു, 2 ശതമാനം വർദ്ധനവേയുള്ളൂ. എക്സൈസ് വകുപ്പുമന്ത്രി ബിവറേജസ് കോർപ്പറേഷൻവഴി മദ്യവിൽപ്പന കൂടിയിട്ടുണ്ടെന്ന് പറഞ്ഞെങ്കിലും എക്സൈസ് വരുമാനം 492 കോടി രൂപയിൽനിന്ന് 522 കോടിരൂപ, അതായത് 6 ശതമാനമേ വർദ്ധിച്ചിട്ടുള്ളൂ. സ്റ്റാമ്പ് ഡ്യൂട്ടി 637 കോടിരൂപയിൽനിന്ന് 568 കോടിരൂപയായി കുറഞ്ഞിരിക്കുകയാണ്, 10 ശതമാനത്തിന്റെ കുറവാണ്. നമ്മുടെ മൊത്തം നികുതിവരുമാനം കഴിഞ്ഞവർഷം ആകെ 7,601 കോടി രൂപയുണ്ടായിരുന്നത്, ഈ വർഷം 8,378 കോടിരൂപയാണ്, 10 ശതമാനമേ കൂടിയിട്ടുള്ളൂ. ഇതിന്റെ അപകടമെന്താണ്; കഴിഞ്ഞ വർഷം ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്, 2013-14-ൽ 54,966 കോടിരൂപ റവന്യൂ വരുമാനമുണ്ടാകുമെന്നാണ്. റിവൈസ്ഡ് എസ്റ്റിമേറ്റ് - അതിനേക്കാൾ 18 ശതമാനം കൂടുതൽ റവന്യൂ ഈ വർഷം പിരിക്കുമെന്നാണ്. എന്നുവച്ചാൽ 64,842 കോടി രൂപ. പക്ഷേ, അവസാനം കണക്ക് വന്നപ്പോൾ കഴിഞ്ഞവർഷം 54,966 കോടിരൂപ ഉണ്ടായിരിക്കുമെന്നു പറഞ്ഞ സ്ഥാനത്ത് 49,148 കോടി രൂപയേയുള്ളൂ. എന്നുവച്ചാൽ ധനകാര്യമന്ത്രിക്ക് ബഡ്ജറ്റിലെ ലക്ഷ്യമെത്തണമെങ്കിൽ, 18 ശതമാനം വരുമാനം വർദ്ധിച്ചാൽ പോരാ, 32 ശതമാനം കൂടണം. ഈ സ്ഥാനത്ത് ആദ്യത്തെ മൂന്ന് മാസത്തെ കണക്കെടുക്കുമ്പോൾ 10 ശതമാനമേ വർദ്ധനവുള്ളൂ. കഴിഞ്ഞ വർഷം സാമ്പത്തിക പ്രതിസന്ധി എന്നുപറഞ്ഞതെന്താണ്? 20 ശതമാനം വരുമാനം കൂടുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു, അതിന്റെ പകുതിയേ വരുമാനം കൂടിയിട്ടുള്ളൂ, പ്രതിസന്ധിയിലായി. ഈ വർഷം 30 ശതമാനം കൂടുമെന്നാണ് കണക്ക്, എന്നാൽ ഇപ്പോൾ കൈവരിച്ചത് അതിന്റെ മൂന്നിലൊന്നാണ്. ഇതാണ് പ്രതിസന്ധി എന്നുപറയുന്നത്. ഈ സ്ഥിതിവിശേഷത്തിന്റെ ഗൗരവം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉൾക്കൊണ്ടിട്ടുണ്ടോ എന്നെനിക്കറിയില്ല. ഇത് അതീവ ഗൗരവതരമായിട്ടുള്ള കാര്യമാണ്. 10 ശതമാനം വിലക്കയറ്റമുണ്ടാകുമ്പോൾ ആ തോതിൽ മാത്രമാണ് നികുതി വരുമാനം വർദ്ധിക്കുന്നത്. ഇൻഡ്യയിൽ സാമ്പത്തിക മുരടിപ്പുണ്ട്, അതും ബാധിക്കുമെന്ന് പറയാം. അങ്ങ് നികുതി നിരക്കുകൾ കൂട്ടി. ഫിനാൻസ് ബില്ലിൽ നിരക്കുകൂട്ടിയിട്ടും കാര്യമില്ല. കാരണം, വരുമാനം കൂടുകയില്ല. അതുകൊണ്ടാണ് നിരക്കു വർദ്ധനവിനെ ഞങ്ങൾ എതിർക്കുന്നത്. നിരക്കു വർദ്ധനവുണ്ടായിട്ടും വാറ്റ് നികുതി ഏതാണ്ട് 15 ശതമാനം ശരാശരി വർദ്ധിപ്പിച്ചിട്ടും നികുതി വരുമാനം 10 ശതമാനത്തിലധികം വർദ്ധിക്കുന്നില്ലെങ്കിൽ ഗൗരവമായ എന്തോ കുഴപ്പമുണ്ട്, ഗൗരവമായ നികുതിച്ചോർച്ചയുണ്ടെന്നാണ് ഞാൻ പറയുന്നത്. ഈ ചർച്ചയിൽ ആദ്യം പങ്കെടുത്ത് സംസാരിക്കുന്നത് ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ ഉന്നയിക്കുന്ന ആരോപണത്തെക്കുറിച്ച് ആലോചിച്ച് മറുപടി പറയാൻ സമയം തരാൻവേണ്ടിയാണ്. It is not a surprise or anything. ഒരുപക്ഷേ കേരളത്തിന്റെ നികുതി ചരിത്രത്തിൽ ഏറ്റവും വലിയ പെനാൽറ്റി അട്ടിമറി നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ നടന്നിരിക്കുകയാണ്. ഞാൻ ചില സന്ദർഭങ്ങളിൽ അക്കാര്യം പരാമർശിച്ചിട്ടുണ്ട്, അതിന്റെ മൊത്തം ഡൈമെൻഷൻസ് നോക്കിക്കഴിഞ്ഞപ്പോൾ കാര്യമാണെന്ന് എനിക്ക് തോന്നി. നമ്മുടെ പ്രധാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

വരുമാനമാർഗ്ഗമാണ് കോഴി. ഏകദേശം 200 കോടിരൂപ നികുതിയിനത്തിൽ കോഴി വിൽപ്പനയിലൂടെ കിട്ടുന്നുണ്ട്. അക്കാര്യത്തിൽ വലിയതോതിൽ നികുതി വെട്ടിപ്പ് ഇപ്പോഴും നടക്കുന്നുണ്ട്. പുറത്തുനിന്നും കോഴികളെ കൊണ്ടുവരുമ്പോൾ നികുതി കൊടുക്കാതെ കൊണ്ടുപോകാം. അതുപോലെ നാട്ടിൽ വിൽപ്പന നടത്തുമ്പോൾ അവിടെയും നികുതി വെട്ടിപ്പുണ്ട്. പുറത്തുനിന്നും കൊണ്ടുവരുന്നതിന് നികുതിച്ചോർച്ച തടയാനായി നമ്മൾ തറവില നിശ്ചയിച്ചു. പലരും എടുക്കുന്ന നിലപാട് പുറത്തുനിന്നും കൊണ്ടുവരുന്നതിന് മാത്രമേ തറവിലയുള്ളൂ, നാട്ടിൽ അതില്ലെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് വിൽക്കുന്നത്. പലപ്പോഴും വളരെ താഴ്ന്ന വിലയിൽ ബില്ലിട്ടാണ് വിൽക്കുന്നത്. ഇത് മനസ്സിലാക്കി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പല അന്വേഷണങ്ങളും നടത്തി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് മൂർത്തമായ നടപടികളിലേക്ക് നീങ്ങിയത്. 2011 ജൂൺ മാസത്തിൽ ഇതുസംബന്ധിച്ചുള്ള അന്വേഷണത്തിന് നോട്ടീസ് കൊടുക്കുകയും അന്വേഷണം തുടങ്ങിയപ്പോൾ ആൾക്കാരെ സ്ഥലം മാറ്റുകയും ചെയ്തു. ഇതേത്തുടർന്ന് തൃശ്ശൂർ ഡി.സി. ശ്രീമതി വിജയലക്ഷ്മി വിശദമായിട്ടുള്ള ഒരു കുറിപ്പ്, ഗൗരവമായ നികുതി വെട്ടിപ്പാണ് നടക്കുന്നത്, അതുകൊണ്ട് ഇതിനെക്കുറിച്ച് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെവച്ച് അന്വേഷണം നടത്തണമെന്ന് കമ്മീഷണറോട് നിർദ്ദേശിക്കുകയും കമ്മീഷണർ അതംഗീകരിക്കുകയും ചെയ്തു. അങ്ങനെ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം ഇന്റലിജൻസ് അസിസ്റ്റന്റ് കമ്മീഷണർ ശ്രീ. കെ. പി. സജീവന്റെ നേതൃത്വത്തിൽ രൂപീകരിച്ചു. ഞാൻ ഈ അന്വേഷണ റിപ്പോർട്ട് വായിച്ചു. ഞാൻ ഉറപ്പിച്ചുപറയുന്നു, ഇത്രയും സമഗ്രമായ ഒരന്വേഷണ റിപ്പോർട്ട് ഈ ഡിപ്പാർട്ടുമെന്റിൽ അപൂർവ്വമായിരിക്കും. മൂന്ന് വർഷക്കാലത്തെ തൃശ്ശൂരിലെ കോഴിയുടെ റീട്ടെയിൽ പ്രൈസ് അവർ കളക്ട് ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ബില്ലിൽ കാണുന്നതെല്ലാം പകുതി വിലയാണെന്ന് തെളിയിക്കുകയും ചെയ്തു. തറവില അംഗീകരിച്ചില്ലെങ്കിലും നാട്ടിലെ വില അംഗീകരിക്കണമല്ലോ; അങ്ങനെ ബില്ലിലെ വില പകുതിയാണെന്ന് തെളിയിച്ചു. രണ്ടാമത്, അവർ ബില്ലുകളെടുത്തു. അൺ-രജിസ്റ്റേർഡ് ഡീലേഴ്സിന്റെ ബില്ലുകളൊക്കെ ആളില്ലാതെ വെറുതെ എഴുതിയിട്ടിരിക്കുന്ന ബില്ലുകളാണ്, അതിന്റെ കള്ളത്തരം പിടിച്ചു. മൂന്നാമതായി രജിസ്റ്റേർഡ് ഡീലേഴ്സെന്ന് പറഞ്ഞത് നമ്മുടെ പ്രധാനപ്പെട്ട ഹോട്ടലുകാരാണ്. അവിടെയെല്ലാം റെയ്ഡ് ചെയ്യുകയും വെള്ളക്കടലാസ്സിൽ ശരിയായ വിലയ്ക്ക് എഴുതിയ ബില്ലും കള്ളക്കണക്കെഴുതിയ ഫോർമലായിട്ടുള്ള ബില്ലിന്റേയും കോപ്പി കണ്ടുപിടിക്കുകയും ചെയ്തു. ഈ കച്ചവടക്കാർ, തോംസൺ ഗ്രൂപ്പ്, ഫെഡറൽ ബാങ്ക് എന്നിവിടങ്ങളിൽനിന്നുമൊക്കെ എടുത്തിട്ടുള്ള വായ്പയുടെ സ്റ്റേറ്റുമെന്റുണ്ട്. എത്ര സ്റ്റോക്ക് ഉണ്ടെന്ന് നോക്കി അതുവച്ച് നികുതി വെട്ടിപ്പ് തെളിയിച്ചു. ഇതിനെല്ലാം പുറമെ സർപ്ലസ് റവന്യൂവിന് ഇൻകംടാക്സ് പിടിച്ചു. അവിടെ അവർ കൺസീഡ് ചെയ്ത 12 കോടിരൂപയുടെ നികുതിവെട്ടിപ്പുണ്ട്. ഇതെല്ലാംവച്ച് റിപ്പോർട്ട് തയ്യാറാക്കി. 2011, 12-ാം മാസം ആയപ്പോൾ ഈ ടീമിലെ അംഗങ്ങളിൽ മൂന്നുപേരെ സ്ഥലംമാറ്റി. അവർ കമ്മീഷണർക്ക് പരാതി കൊടുത്തു. സ്ഥലംമാറ്റം കമ്മീഷണർ അറിയുന്നില്ല. അന്വേഷണം കഴിഞ്ഞശേഷം

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലംമാറ്റം ക്യാൻസൽ ചെയ്യുകയും അവിടെത്തന്നെ റീഡിപ്ലോയ് ചെയ്യുകയും ചെയ്തു. അപ്പോൾ വീണ്ടും സ്ഥലംമാറ്റ സമ്മർദ്ദംവന്നു. ഇത്തവണ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്നെ സ്പെഷ്യൽ ടീം അംഗങ്ങളെ ഡിസ്മാൻഡിൽ ചെയ്യണമെന്ന് നിർദ്ദേശിച്ചു. എന്നാൽ അന്നത്തെ കമ്മീഷണർ ഈ നിർദ്ദേശം നടപ്പിലാക്കിയില്ല. സ്റ്റാറ്റ്യൂട്ടറി പ്രൊസീഡ്യുവർ നടക്കുകയാണ്, അതുകഴിഞ്ഞിട്ടാകാമെന്ന് പറഞ്ഞു. പുതിയ കമ്മീഷണർ വന്നു, അദ്ദേഹവും വിസമ്മതിച്ചു. റിപ്പോർട്ട് തയ്യാറായി നോട്ടീസുകൊടുത്തശേഷം 2013-ൽ എസ്ഐടി. ഡിസ്മാൻഡിൽ ചെയ്തു, ഇവരെയൊക്കെ പലസ്ഥലത്തുംവിട്ടു. ഇതിലുള്ള ഒന്നാമത്തെ പ്രശ്നമെന്നു പറയുന്നത്, സ്പെഷ്യൽ ടീം ഉണ്ടാക്കിയിട്ട് കമ്മീഷണർപോലും അറിയാതെ ഈ സ്ഥലംമാറ്റങ്ങൾ എങ്ങനെ വരുന്നു എന്നതാണ്. രണ്ടാമത്, കേസ്സുമായി ഇവർ നേരെ ഹൈക്കോടതി സിംഗിൾ ബഞ്ചിൽ പോയി, ബഞ്ച് ഡിസ്മിസ് ചെയ്തു. നടപടികൾ പൂർത്തീകരിക്കട്ടെ; എന്നിട്ട് ഇടപെടാമെന്നുപറഞ്ഞു. നടപടികൾ പൂർത്തീകരിച്ച് ഫൈനൽ ഓർഡർ ഇറങ്ങിയതിനുശേഷം വീണ്ടും സിംഗിൾ ബഞ്ചിൽ പോയപ്പോൾ കേസ് തള്ളി. അപ്പീൽ പോയപ്പോഴും കേസ് തള്ളി. അപ്പോൾ അപ്പീൽ തീരുന്നതുവരെ 1.5 കോടി രൂപ കെട്ടിവയ്ക്കുക, മേൽനടപടികൾ അപ്പീൽ വന്നതിനുശേഷം നടപ്പിലാക്കാമെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉത്തരവിറക്കി. ഞാൻ അതിനെ ചോദ്യം ചെയ്യുന്നില്ല. അപ്പോൾ പണം കെട്ടിവയ്ക്കണം. അങ്ങനെ പണം കെട്ടിവച്ചു, 6 കോടിയിൽപ്പരം രൂപ കെട്ടിവച്ചു. ഈ പണം കെട്ടിവച്ചശേഷമാണ് ഹൈക്കോടതിയിൽനിന്നും സ്റ്റേ വാങ്ങുവാൻ പറ്റുമെന്നറിഞ്ഞത്. ഉടനെ കെട്ടിവച്ച പണം തിരികെ വാങ്ങി, അവിടത്തെ തഹസീൽദാർ റവന്യൂ വകുപ്പുമന്ത്രി പറഞ്ഞുവെന്ന് എഴുതിക്കൊടുത്തു. റവന്യൂ വകുപ്പുമന്ത്രി അത് നിഷേധിച്ചിട്ടുണ്ട്. തഹസീൽദാരെ സസ്പെൻഡുചെയ്തു. ഹൈക്കോടതിയിൽ പോയപ്പോൾ അവിടെയും സിംഗിൾ ബഞ്ച് തള്ളി, ഡിവിഷൻ ബെഞ്ചിൽ പോയപ്പോൾ രണ്ടു കോടി രൂപ കെട്ടിവയ്ക്കാൻ അവർ ആവശ്യപ്പെട്ടു. അതിനെത്തുടർന്ന് സ്പെഷ്യൽ ലീവ് പെറ്റീഷന് സുപ്രീംകോടതിയിൽ പോയപ്പോൾ അവർ പറഞ്ഞത്, അപ്പീലിന് അവകാശമുണ്ട്, അതുകൊണ്ട് അപ്പീലിന്റെ നടപടിക്രമം പാലിക്കാമെന്നാണ്. ഇനിയാണ് കഥ നടക്കുന്നത്. അവിടെ ടോം ജോസ് എന്ന ഡി.സി.-യാണുള്ളത് (അപ്പീൽ). ഈ കേസ് അദ്ദേഹത്തിന്റെ ബെഞ്ചിൽ വന്നു. അദ്ദേഹത്തിനുമേൽ സമ്മർദ്ദമുണ്ടായി എന്ന് അദ്ദേഹം പരസ്യമായി പറയുന്നുണ്ട്. അതേത്തുടർന്ന്, പറഞ്ഞാൽ കേൾക്കാത്തതുകൊണ്ട് അദ്ദേഹത്തെ സ്ഥലംമാറ്റി പകരം ജോസ്കുട്ടി വന്നു. അദ്ദേഹവും വിസമ്മതിച്ചപ്പോൾ അദ്ദേഹത്തെയും സ്ഥലംമാറ്റിയിട്ട് ചാൾസ് എന്നയാളിനെ നിയമിച്ചു. ചാൾസ് കോട്ടയം ഡി.സി. (അപ്പീൽ) ആണെങ്കിലും എറണാകുളം ഓഫീസിലാണ് ഇരിക്കുന്നത്. അടുത്തടുത്ത കസേരയിലെ സ്ഥലംമാറ്റമെന്തിനാണ്; എന്നിട്ട് ചാൾസ് 380 പേജുള്ള പതിനെട്ട് പെനാൽറ്റി ഡിസിഷൻസിന്മേൽ ഹിയറിംഗ് കഴിഞ്ഞതിന്റെ പിറ്റേദിവസം റിമാൻഡ് ചെയ്തുകൊണ്ട് നൂറുപേജുള്ള ജഡ്ജ്മെന്റ് പാസ്സാക്കുകയാണ്. അങ്ങനെ റിമാൻഡ് ചെയ്യാൻ നിയമത്തിൽ അവകാശമില്ല. പെനാൽറ്റി പ്രൊസീഡിംഗിൽ എവിടെയാണ് റിമാൻഡ് വരുന്നത്? അസെസ്മെന്റ് റിമാൻഡ് ചെയ്യാം,

LIBRARY ARCHIVES Kerala Legislative Assembly

Page 6 of 59

പെനാൽറ്റി അനൽ ചെയ്യാം. പക്ഷെ, പെനാൽറ്റി ഒരിക്കൽകൂടി പരിശോധിക്കണമെന്ന് പറയാൻ അവകാശമില്ല. അങ്ങനെ ചെയ്ത് ഒരുവർഷം കഴിഞ്ഞതിനുശേഷം ആരെങ്കിലും ഇതിന്മേൽ സ്റ്റേയ്ക്ക് പോയിട്ടുണ്ടോ; പോയിട്ടില്ല. അതിന്റെ ഫലമെന്താണ്; കെട്ടിവച്ച 6 കോടി രൂപകൂടി കൊടുക്കണം. രണ്ടാമതായി അപ്പീൽ കൊടുക്കാൻ നാലുമാസത്തെ സമയമുണ്ടായിട്ടും (ഇപ്പോൾ ഒരുവർഷമായിട്ടും) അപ്പീലിന് പോയിട്ടില്ല. ഒരു അർജൻസി പെറ്റീഷനെങ്കിലും മൂവ് ചെയ്തിട്ടുണ്ടോ? 64 കോടി രൂപയുടെ കാര്യമാണ്. ഞാൻ പറഞ്ഞ ഓരോ കാര്യത്തിനും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് രേഖാമൂലം തെളിവുകൾ തരാൻ ഞാൻ തയ്യാറാണ്. കെ.എഫ്.സി.-യുടെ കാര്യം പറഞ്ഞപ്പോൾ അങ്ങ് ഡിപ്പാർട്ടുമെന്റൽ എൻക്വയറി നടത്തി കുറ്റക്കാരെ ശിക്ഷിക്കുമെന്ന് പറഞ്ഞു. ഞാനിപ്പോൾ അങ്ങേയ്ക്കെതിരായി അഴിമതിയാരോപണമൊന്നും ഉന്നയിക്കുന്നില്ല. ഏതാണ്ട് അഞ്ച് കോടി രൂപയുടെ അഴിമതി ഇതിന്റെ പിന്നിലുണ്ടെന്നാണ് കേൾക്കുന്നത്, അത് ആർക്ക് കിട്ടിയെന്നൊന്നും ഞാൻ പറയുന്നില്ല, അങ്ങനെയൊരാരോപണവും ഉന്നയിക്കുന്നില്ല. പക്ഷെ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ഞാൻ ഇത്രയും പറഞ്ഞതിൽ നിന്ന് ഒരു വിജിലൻസ് അന്വേഷണം ഇതിന്മേൽ നടത്തണമെന്ന് തോന്നുന്നുണ്ടോ:, കമ്മീഷണർ അറിയാതെ സ്ഥലംമാറ്റം നടത്തുന്നതാരാണ്; നിയമവിരുദ്ധമായി ഡിപ്പാർട്ടുമെന്റിൽനിന്ന് ട്രിബ്യൂണലിന് നിർദ്ദേശം നൽകാനുള്ള അധികാരത്തിനുള്ള വകുപ്പ് ഇന്നത്തെ ഫിനാൻസ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെ റിമാൻഡ് ചെയ്യുന്നതിനുള്ള നൂറുപേജ് ജഡ്ജ്മെന്റ് ടൈപ്പ് ചെയ്യണമല്ലോ; ഇന്ന് കേസ് തീർന്നാലുടൻ നാളെ ജഡ്ജ്മെന്റ് വരികയാണ്. ഇതൊന്നും നികുതി ഓഫീസിലെ കമ്പ്യൂട്ടറിൽനിന്നും വേർഡ് പ്രോസസ്സ് ചെയ്തതല്ലെന്നുള്ളതിന് വ്യക്തമായ തെളിവുണ്ട്. പിന്നെ എവിടെയാണ് ഇതെല്ലാം ടൈപ്പ് ചെയ്തത്; പ്രതിഭാഗം വക്കീലിന്റെ ഓഫീസിൽ നിന്നാണെന്നാണ് ഞാൻ പറയുന്നത്. 65 കോടിരൂപയുടെ ഗൗരവതരമായിട്ടുള്ള അഴിമതി ആരോപണത്തിന്മേൽ ഒരു വിജിലൻസ് അന്വേഷണം നടത്താൻ അങ്ങ് തയ്യാറുണ്ടോ. കെ.എഫ്.സി.-യുടെ കാര്യത്തിലെന്നപോലെ കുറ്റക്കാരെ കണ്ടുപിടിച്ച് ശിക്ഷിക്കുന്നതിന് തയ്യാറാവുന്നില്ലെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിക്കും ഇതിൽ പങ്കുണ്ടെന്ന് പറയേണ്ട പ്രയാസകരമായൊരു സ്ഥിതിയിലേക്ക് പോകേണ്ടിവരും. അതുകൊണ്ട് കെ.എഫ്.സി.-യുടെ കാര്യത്തിലെന്നപോലെ ഈ പ്രശ്നത്തിലും വിജിലൻസ് എൻക്വയറി നടത്തണം. ഡിപ്പാർട്ടുമെന്റൽ എൻക്വയറിയല്ല; കാരണം, ഡിപ്പാർട്ടുമെന്റിലെ സീനിയറായിട്ടുള്ള പലരും ഇതിൽ ഇൻവോൾവ്ഡാണ്.

ഞാൻ ബില്ലിലേക്ക് കടക്കുകയാണ്. മോട്ടോർ വെഹിക്കിൾ ടാക്സ് അഞ്ച് വർഷത്തേയ്ക്ക് എന്നുള്ളത് ഉപേക്ഷിക്കണമെന്ന് മാത്രമല്ല, ടാക്സ് വർദ്ധനവെന്നുപറയുന്നത് 222 ശതമാനം കൂടുതലാണ്. നേരത്തെ സ്ലാബായിരുന്നുവെങ്കിൽ ഇപ്പോൾ ടാക്സ് എല്ലാവർക്കും ഒരേ നിരക്കിലാക്കി. പുഷ് ബാക്ക് സീറ്റുള്ളതുകൊണ്ട് സീറ്റിന്റെ എണ്ണം കുറയുന്നതിലുള്ള നഷ്ടം കുറയ്ക്കാനാണെന്ന് അങ്ങ് പറഞ്ഞു. അങ്ങനെയാണെങ്കിൽ പുഷ്ബാക്ക് സീറ്റുള്ള വെഹിക്കിൾസിന് മാത്രം ടാക്സ് വർദ്ധിപ്പിക്കൂ, എല്ലാ വാഹനങ്ങൾക്കും ഇത് ബാധകമാക്കണോ;

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഓട്ടോറിക്ഷയുടെയും കാറിന്റെയുമൊക്കെ ടാക്സ് കുറയ്ക്കാൻ തയ്യാറാകണം. വാറ്റ്-ന്റെ കാര്യത്തിൽ, ഇപ്പോൾ പോലീസ് ക്യാന്റീൻ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ സി.എസ്.ഡി. അപ്രൂവ്ഡ് ഡീലേഴ്സിന് മാത്രമേ സാധനങ്ങൾ വിൽക്കാൻ പാടുള്ളൂഎന്നുപറഞ്ഞാൽ ഇപ്പോൾ കൊടുത്തുകൊണ്ടിരുന്ന ഒരുപാട് ഡീലേഴ്സിന് അവരുടെ തൊഴിൽ നഷ്ടപ്പെടുമെന്ന കാര്യത്തിൽ യതൊരു സംശയവുമില്ല. ക്യാന്റീൻവഴിയുള്ള ചോർച്ച തടയുന്നതിനാവശ്യമായ ഫലപ്രദമായ യാതൊരു നടപടിയും ഇതിലില്ല. അതിനുപകരം ഡീലേഴ്സിനെ കുഴപ്പത്തിലാക്കാനുള്ള നടപടി മാത്രമേയുള്ളൂ. കൊച്ചി മെട്രോയുടെ കാര്യത്തിൽ ഒരു ചോദ്യം മാത്രമേ ചോദിക്കുന്നുള്ളൂ, വിമർശനമായി പറയുന്നതല്ല. ഇപ്പോൾ അവാർഡ് ചെയ്തുകഴിഞ്ഞ കോൺട്രാക്റ്റുകളിൽ നികുതിയിളവ് ചെയ്തിട്ടുണ്ടോ; ടെണ്ടർ ചെയ്തപ്പോൾ അതുണ്ടായിരുന്നോ എന്നുള്ളൊരു ചോദ്യമുന്നയിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിലൊന്നും ഈ നികുതിയില്ല. അതുകൊണ്ട് കൊച്ചി മെട്രോക്ക് നികുതിയിളവ് കൊടുക്കേണ്ടെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, ഇത് കോൺട്രാക്ട് കൊടുത്തപ്പോൾ നികുതിയിളവ് കൊടുത്താൽ അത് കുറച്ചുള്ള തുക മാത്രമേ തരികയുള്ളൂവെന്ന് ടെണ്ടറിലുണ്ടായിരുന്നോ; കൊച്ചി മെട്രോ റെയിൽ കോർപ്പറേഷനാണ് നികുതിയിളവ് അവാർഡ് ചെയ്യേണ്ടത്. പക്ഷേ, അവരല്ല, ഡൽഹി മെട്രോയാണ് അവാർഡ് ചെയ്യുന്നത്. ഇങ്ങനെയൊരു പ്രൊവിഷൻ വച്ചതുകൊണ്ട് നേട്ടമുണ്ടാവുമെന്ന് തോന്നുന്നില്ല.

അതുപോലെ തുണികളിന്മേലുള്ള ടേൺ ഓവർ ടാക്സ് മറ്റൊരു സംസ്ഥാനങ്ങളിലുമില്ല. ഡൽഹിയിൽ 1,000-2,000 രൂപ പെർ മീറ്ററിനേക്കാൾ കൂടുതൽ വരുന്ന തുണിക്കുമാത്രമേയുള്ളൂ. വേറെയെങ്ങും ഈ നികുതിയില്ല. ടേൺ ഓവർ ടാക്സ് എന്നുപറഞ്ഞാൽ പ്രോഫിറ്റിൽനിന്ന് കൊടുക്കേണ്ടതാണ്. കൺസ്യൂമർക്ക് കൊടുക്കാൻ പാടില്ല. അപ്പോൾ ടേൺഓവർ ടാക്സിന്റെ തത്വമെന്താണെന്നു വച്ചാൽ it must be very small. 0.1 ശതമാനമെന്നോ 0.2 ശതമാനമെന്നോ 0.5 ശതമാനമെന്നോ പറഞ്ഞാൽ അത് അവർക്ക് ബെയർ ചെയ്യാൻ പറ്റും. 2 ശതമാനം ടേൺ ഓവർ ടാക്സ് പ്രോഫിറ്റിൽനിന്ന് എടുക്കണമെന്ന് പറഞ്ഞാൽ എങ്ങനെയാണ് ചെയ്യാൻ പറ്റുന്നത്; So it will be transferred over through price. മൂന്ന് ലെയർ വിൽപ്പനക്കാരുണ്ട്. Cascading impact വരും. ഖാദി-കൈത്തറി തുടങ്ങിയവയെ ഇത് പ്രതികൂലമായി ബാധിക്കും. മാത്രമല്ല, ബ്രാന്റഡ് ഉൽപ്പന്നങ്ങൾ പുറത്തേക്ക് പോകാനുള്ള സാധ്യതയുമുണ്ട്. അതുകൊണ്ട് ഇക്കാര്യങ്ങളൊക്കെ പരിശോധിക്കേണ്ടതാണ്. വർക്സ് കോൺട്രാക്ടിനെപ്പറ്റി പി.എ.സി. ചർച്ച ചെയ്തപ്പോൾ സി. ആന്റ് എ.ജി. ഒന്നുരണ്ട് കാര്യങ്ങൾ ചൂണ്ടിക്കാണിച്ചത് ഞങ്ങളുടെ ശ്രദ്ധയിൽ വന്നു. ഒന്ന്, ഹോൾ എമൗണ്ട് ഓഫ് ദ കോൺട്രാക്റ്റിനാണ് കോമ്പൗണ്ട് ചെയ്യുന്നത്. അങ്ങനെ വരുമ്പോൾ ഭൂമിയുടെ വില എങ്ങനെ കണക്കാക്കണം? ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത് നിയമവിരുദ്ധമാണ്. അതുമാറ്റണം. ഭൂമിയുടെ വില കൂട്ടാൻ പാടില്ലെങ്കിൽ അത് നിയമത്തിൽ കൊണ്ടുവരുന്നോളൂ, ഞങ്ങൾക്ക് എതിർപ്പില്ല. പക്ഷേ, നിയമവിരുദ്ധമായി അത് ചെയ്യുന്നത് ശരിയാവില്ല. രണ്ടാമതായി, കോമ്പൗണ്ടിംഗിനുള്ള ഓപ്ഷൻ കൊടുക്കേണ്ടത് എന്നാണ്; നേരത്തെ ഡേറ്റ് കഴിഞ്ഞ് ഓപ്ഷൻ എടുത്തതിന്റെ പ്രശ്നങ്ങളെല്ലാം സി. ആന്റ് എ.ജി.-യുടെ ഒബ്സർവേഷനായി വരുന്നുണ്ട്. ഇവിടെയും

ആ പ്രശ്നം തന്നെ വരാം. പിന്നെ വർക്ക്സ് കോൺട്രാക്ടിലാണ് ഏറ്റവും കൂടുതൽ തർക്കം വരുന്നത്. 2007-ലെ ഫിനാൻസ് ബില്ലിൽ ഡബിൾ ടാക്സേഷൻ ഒഴിവാക്കുന്നതിനുവേണ്ടി എം.സാന്റിന്മേലുള്ള നികുതി ഒഴിവാക്കിയിരുന്നു. ഇപ്പോൾ എം.സാന്റിനുമേലുള്ള നികുതികൂടി എടുക്കുമ്പോൾ മൊത്തം നികുതി വർദ്ധനവ് വളരെ ഭീമമാണ്. അതിനെക്കുറിച്ച് ഒരു പുനരവലോകനം നടത്തണം. ബേക്കറികളുടെ നികുതി അഞ്ച് ശതമാനമാക്കി ചുരുക്കി. പക്ഷെ അതിന് മുൻകാല പ്രാബല്യം കൊടുത്തില്ലെങ്കിൽ അവർ കൂടുതൽ ബുദ്ധിമുട്ടിലേക്ക് പോകും. ബാക്കി കാര്യങ്ങളൊക്കെ ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുമ്പോൾ പറയാം.

രണ്ട് കാര്യങ്ങളെക്കുറിച്ചുകൂടി പറയാനുണ്ട്. ഒന്ന്, ജി.എസ്.റ്റി., അത് വളരെ ഗൗരവമായിട്ടുള്ള കാര്യമാണ്. രണ്ടാമതായി എം.എൽ.എ. ഫണ്ടിനെ കുറിച്ചാണ്. ഈ രണ്ട് പ്രശ്നങ്ങളെയും കുറിച്ച് ഡിസെന്റ് രേഖപ്പെടുത്തുന്ന സമയത്ത് പറയാം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഞാൻ നിർത്തുകയാണ്. വളരെ ഗൗരവമായിട്ടുള്ള സാമ്പത്തിക സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. നികുതിച്ചോർച്ച തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ എടുക്കണം. കേരളത്തിൽ നടന്നിട്ടുള്ള പെനാൽറ്റി അട്ടിമറിയുടെ, ജീവനക്കാർ ഏറ്റവും ഫലപ്രദമായി നടപടി സ്വീകരിച്ചൊരു കേസിന്റെ അട്ടിമറിയെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്താൻ അങ്ങ് തയ്യാറാകണം. കുറ്റക്കാരെ ശിക്ഷിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, 2014-2015-ലെ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള ടാക്സ് നിർദ്ദേശങ്ങളിലെ പ്രധാനപ്പെട്ട 10 നിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള ഫിനാൻസ് ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ ബഡ്ജറ്റിനെക്കുറിച്ച്
11.20.AM] നടന്ന ചർച്ചയിലും വളരെ വിശദമായി, നികുതി വരുമാനത്തിലുള്ള കുറവിനെക്കുറിച്ചും നികുതി വരുമാനം വർദ്ധിപ്പിക്കേണ്ട ആവശ്യത്തെ കുറിച്ചുമൊക്കെ നാം വളരെ ഗൗരവതരമായി ചർച്ച ചെയ്യുകയുണ്ടായി. ഇപ്പോഴുള്ള നികുതി നിർദ്ദേശങ്ങളാണെങ്കിലും ഇതിനുമുമ്പുള്ള ബഡ്ജറ്റിലെ നികുതിനിർദ്ദേശങ്ങളാണെങ്കിലും യഥാർത്ഥത്തിൽ നമുക്ക് പലപ്പോഴും പറ്റുന്ന ഒരു അശാസ്ത്രീയത, ഓരോ നികുതി നിർദ്ദേശങ്ങൾ പുതിയതായി ഉണ്ടാകുമ്പോഴും ആ ഇൻഡസ്ട്രി ഏതാണെന്ന് പഠിക്കാതെ, ആ ഇൻഡസ്ട്രിയിലുണ്ടാകുന്ന ഗുണദോഷങ്ങൾ എന്തായിരിക്കുമെന്നുള്ള ശാസ്ത്രീയപഠനം നടത്താതെയാണ് പലപ്പോഴും നികുതി നിർദ്ദേശങ്ങൾ വയ്ക്കുന്നത്. ഞാൻ ഈ ബഡ്ജറ്റിലെ ഒരു കാര്യം മാത്രമല്ല, പൊതുവായി സൂചിപ്പിച്ചതാണ്. പരമ്പരാഗതമായ ടാക്സേഷൻ സിസ്റ്റം ഇവിടെ നിലനിൽക്കുന്നു. പണത്തിന്റെ ആവശ്യത്തിനനുസരിച്ചാണ് ടാക്സ് വർദ്ധിപ്പിക്കുന്നത്. അങ്ങനെ ടാക്സ് വർദ്ധിപ്പിക്കുമ്പോൾ, ഏത് മേഖലയിലാണോ ടാക്സ് വർദ്ധിപ്പിക്കുന്നത്, ആ മേഖലയിൽ ടാക്സ് വർദ്ധന കൊണ്ടുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള യഥാർത്ഥ സമീപനം നമ്മൾ മനസ്സിലാക്കുന്നില്ല. ഇക്കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട തോമസ് ഐസക് സംസാരിച്ചപ്പോഴും സൂചിപ്പിച്ചു. മോട്ടോർ വെഹിക്കിളുമായി ബന്ധപ്പെട്ട ടാക്സിന്റെ നിർദ്ദേശമാണ് ഈ ബഡ്ജറ്റിൽ ഏറ്റവും പ്രധാനമായി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. ബഡ്ജറ്റിലെ പാരഗ്രാഫ് 333 മുതൽ 341 വരെ അതുമായി ബന്ധപ്പെട്ട നികുതി നിർദ്ദേശങ്ങളാണ്. മോട്ടോർ വെഹിക്കിൾ ഏരിയായിൽനിന്ന് ആകെ കിട്ടുന്ന വരുമാനം 145 കോടിരൂപ മാത്രമാണ്. പക്ഷേ ആ ഇൻഡസ്ട്രി, അത് കേരളത്തിന്റെ ടൂറിസം ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒരു മേഖലയാണ്. എന്ത് ശാസ്ത്രീയതയാണ് ഇത്രമാത്രം ശതമാനം നികുതി ഒറ്റയടിക്ക് വർദ്ധിപ്പിക്കാൻ പ്രേരിപ്പിച്ചിരിക്കുന്നത്? 7 സീറ്റിന് മുകളിൽ 12 സീറ്റുവരെയുള്ള വാഹനങ്ങൾക്ക് സീറ്റൊന്നിന് 310 രൂപയായിരുന്നു പഴയ ടാക്സ്. ഇപ്പോൾ അത് സീറ്റൊന്നിന് 1,000 രൂപയായാണ് വർദ്ധിപ്പിച്ചിരിക്കുന്നത്. എന്നുപറഞ്ഞാൽ വർദ്ധനവ് 222 ശതമാനമാണ്. 12 സീറ്റിന് മുകളിൽ 19 സീറ്റുവരെയുള്ള വാഹനങ്ങൾക്ക് പഴയ ടാക്സ് 530 രൂപയാണ്. പുതിയ ടാക്സ് നിരക്ക് 1,000 രൂപയാണ്, വർദ്ധനവ് 89 ശതമാനം. 19 സീറ്റിന് മുകളിലുള്ള വാഹനങ്ങൾക്ക് പഴയ ടാക്സ് 750 രൂപയാണ്. പുതുക്കിയ ടാക്സ് 1,000 രൂപയാണ്, അപ്പോൾ വർദ്ധനവ് 34 ശതമാനം. പുഷ്ബാക്ക് ലക്ഷ്വറി സീറ്റ് കാറ്റഗറിയെക്കുറിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി അന്ന് പറഞ്ഞത്. അങ്ങനെയുള്ള വളരെക്കുറച്ച് വണ്ടികളാണ് കേരളത്തിലുള്ളത്. കേരളത്തിലെ ടൂറിസം ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ടുപ്രവർത്തിക്കുന്ന വാഹനങ്ങളാണ് യഥാർത്ഥത്തിലുള്ള പ്രശ്നം. മുൻകൊല്ലത്തെ അപേക്ഷിച്ച് ഇപ്പോൾ ടൂറിസം ഇൻഡസ്ട്രി കുറഞ്ഞുവരുന്ന സാഹചര്യമുണ്ട്. ഇത് ടൂറിസം ഇൻഡസ്ട്രിയെ ഗൗരവതരമായി ബാധിക്കുന്ന വിഷയമാണ്. മാത്രമല്ല, ഈ വാഹനങ്ങൾ സീസണലാണ്. 180 ദിവസം മാത്രം വണ്ടി ഓടിച്ചിട്ട് 365 ദിവസത്തെ ടാക്സ് അടയ്ക്കുക എന്നുള്ള ഗതികേടിലാണ് അവരിന്ന് എത്തിനിൽക്കുന്നത്. 180 ദിവസംകൊണ്ട് ഇത്രയും ദൂരം മാത്രം ഓടിയിട്ട് 365 ദിവസത്തെ ടാക്സ്കൂടി അടയ്ക്കേണ്ട സമ്മർദ്ദം ഈ വാഹന ഉടമകൾക്കുണ്ടായിരിക്കുകയാണ്. കേരളത്തിലെ ടാക്സി ഇൻഡസ്ട്രി എന്നുപറയുന്നത് വലിയ lucrative ബിസിനസ്സൊന്നുമല്ല. നമ്മളത് ആലോചിക്കണം. മിക്കവാറുമെല്ലാവരും നഷ്ടത്തിലാണ്. നമുക്ക് പരിചയമുള്ള ആളുകളോട് മാത്രം അന്വേഷിച്ചാൽ മനസ്സിലാകും. ഇതൊന്നും വൻലാഭമുണ്ടാക്കുന്ന ബിസിനസ്സുകളല്ല. ബാങ്കിൽനിന്നും ലോണെടുത്തു ടാക്സ് അടയ്ക്കാൻവേണ്ടി കടമെടുത്തും നടത്തുന്നവരാണ്. പെട്ടെന്ന് ഒരുദിവസം ഈ സ്ഥാപനം പൂട്ടേണ്ടിവന്നാൽ വലിയ കടബാദ്ധ്യതയോടുകൂടി അവസാനിപ്പിക്കേണ്ട ബിസിനസ്സുകളാണിവ. നമുക്ക് വരുമാനം വേണം, പണം വേണം. അതിന് വലിയ ലാഭമുള്ള, വലിയ മാർജിനുള്ള, ടാക്സ് നെറ്റ്വർക്കിൽപ്പെടാത്ത പുതിയ മേഖലകളെ കണ്ടുപിടിക്കുന്നതിനുപകരം ഏറ്റവും ദുർബലമായി നടത്തിക്കൊണ്ടുപോകുന്ന മേഖലകളിൽ നിന്നും ടാക്സ് ഈടാക്കുന്നത് അശാസ്ത്രീയമായ സമ്പ്രദായം തന്നെയാണെന്ന് പറയാതിരിക്കാൻ വയ്യ. ഇപ്പോൾത്തന്നെ സംസ്ഥാനത്തിന് പുറത്തേക്ക് സർവ്വീസ് നടത്തുമ്പോൾ അതിന് അഡീഷണൽ ടാക്സുണ്ട്. കർണ്ണാടകത്തിലേക്ക് പോകുന്ന വാഹനങ്ങൾക്ക് എൻട്രി ടാക്സായി ഒരു സീറ്റിന് 666 രൂപവച്ചാണ് കർണ്ണാടകം വാങ്ങുന്നത്. തമിഴ്നാട് പിക്ക് അപ്പ് വാനുകൾക്ക് ഡ്രോപ്പ് ടാക്സായി 600 രൂപയാണ് വാങ്ങുന്നത്. എന്നാൽ ആ വാഹനങ്ങൾ കേരളത്തിൽ വന്നാൽ ടാക്സില്ല. കേരളത്തിൽ ടാക്സ് വർദ്ധനവുണ്ടാകുമ്പോൾ തമിഴ്നാട്ടിൽനിന്നുള്ള വാഹനങ്ങൾ ഇവിടെവന്ന് എയർപോർട്ടിൽ പിക്ക് അപ്പ് എടുത്താൽ ആ ടാക്സ് കേരളത്തിലില്ല.

Page 10 of 59

കേരളത്തിൽനിന്ന് തമിഴ്നാട്ടിലേക്കും കർണ്ണാടകത്തിലേക്കും വാഹനങ്ങൾ പോകുമ്പോൾ പല പേരുകളിലായി ടാക്സ് ഈടാക്കുന്നു. അങ്ങനെ ക്രമാതീതമായി, യാതൊരുവിധ നിബന്ധനകളുമില്ലാത്തതെ, ഒരു പഠനവും നടത്താതെ ഒരു ഇൻഡസ്ട്രിയുടെമേൽ ടാക്സ് ഏർപ്പെടുത്തുകയെന്നത് ശരിയായ നടപടിയല്ല. ഞാനൊരു ഉദാഹരണം പറഞ്ഞതാണ്. ആ സമ്പ്രദായം നമുക്ക് അവസാനിപ്പിക്കണം. ഇവിടത്തെ ടാക്സേഷന്റെ നെറ്റ്‌വർക്ക് വർദ്ധിപ്പിക്കണം. കൂടുതൽ ആളുകളെ വാറ്റ് സമ്പ്രദായത്തിലേക്കും ടാക്സേഷൻ നെറ്റ്‌വർക്കുകളിലേക്കും കൂടുതൽ വരുമാനം ഉണ്ടാക്കാൻ കഴിയുന്ന തരത്തിൽ കൊണ്ടുവരാൻ നമുക്ക് കഴിയണം. കൂടുതൽ ടാക്സ് ഈടാക്കിയതുകൊണ്ട് കൂടുതൽ വരുമാനമുണ്ടാകില്ല. അങ്ങനെ ചെയ്താൽ പല സ്ഥാപനങ്ങളും പല ഇൻഡസ്ട്രികളും ഇല്ലാതായിത്തീരുന്ന സാഹചര്യം കേരളത്തിലുണ്ടാകും. അതുപോലെ പഴയ ടാക്സികൾ വീണ്ടും 5 കൊല്ലത്തേക്ക് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് പുതുക്കിക്കൊടുക്കും. പഴയ ടാക്സി ഓടിക്കുന്ന ആളുകളോട് 5 വർഷത്തെ ടാക്സ് ഒരുമിച്ചടയ്ക്കാൻ പറഞ്ഞാൽ അവർ എവിടെനിന്ന് പണമെടുത്തടയ്ക്കും; പത്തുംപതിനഞ്ചും കൊല്ലം ഓടിയ വണ്ടി ഉപയോഗിക്കുന്ന ആളുകൾ ആരാണ്; അതിലെ ടാക്സി ഡ്രൈവർമാർ ആരാണ്; അവരെല്ലാം വളരെ സാധാരണക്കാരായ ആളുകളാണ്. പതിനഞ്ച് കൊല്ലം ഓടിക്കഴിഞ്ഞ ടാക്സികളൊന്നും കേരളത്തിൽ വീണ്ടും ഓടില്ല. സാധാരണക്കാരായ ആളുകളാണ് പതിനഞ്ചുകൊല്ലം ഉപയോഗിച്ച ടാക്സി വീണ്ടും ഉപയോഗിക്കുന്നത്. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് 5 കൊല്ലത്തേക്കുള്ള വാഹന രജിസ്ട്രേഷൻ പുതുക്കിക്കൊടുക്കുന്നു എന്ന ഒറ്റ കാരണത്താൽ ആ വണ്ടിയുടെ ഉടമസ്ഥനിൽ നിന്നും 5 വർഷത്തെ ടാക്സ് ഒരുമിച്ച് വാങ്ങുന്നത് ന്യായമായ കാര്യമല്ല. ആ സമീപനത്തിൽ മാറ്റമുണ്ടാകണം. അടിക്കടിയുണ്ടാകുന്ന ഡീസൽ വില വർദ്ധനവ്, ടയറിന്റെയും സ്പെയർ പാർട്സിന്റെയും വില വർദ്ധനവ് ഇതെല്ലാം ഗൗരവതരമായി ഇൻഡസ്ട്രിയെ ബാധിക്കുന്നതാണ്. മിക്കവാറും വണ്ടികൾ എടുത്തിരിക്കുന്നത് സ്വകാര്യ ഫിനാൻസ് കമ്പനികളിൽ നിന്നും വായ്പയെടുത്താണ്. ടാക്സ് അടയ്ക്കാതെ വരുമ്പോൾ ഈ വാഹനങ്ങൾ മുഴുവൻ cease ചെയ്തുകൊണ്ടുപോകും. അശാസ്ത്രീയമായ ടാക്സേഷൻ സമ്പ്രദായത്തിന്റെ ഏറ്റവും അവസാനത്തെ ഉദാഹരണമാണ് മോട്ടോർ വെഹിക്കിളുമായി ബന്ധപ്പെട്ട് ഉണ്ടായിരിക്കുന്ന സംഭവങ്ങൾ. അതുപോലതന്നെ ടേൺ ഓവർ ടാക്സ്, ഇപ്പോഴത്തെ രീതിയിൽ ഇതുവരെ ഉൾപ്പെടുത്താത്ത ഒരു മേഖലയിൽ ഒരുകോടി രൂപയ്ക്കുമീതെ വിൽപ്പനയുള്ള തുണിത്തരങ്ങൾക്ക്, ടെക്സ്റ്റൈലുകൾക്ക് രണ്ടുശതമാനം ടേണോവർ ടാക്സ് ഏർപ്പെടുത്തിയിരിക്കുകയാണ്. ടേണോവർ ടാക്സ് ഏർപ്പെടുത്തുമ്പോൾ അത് കളക്റ്റ് ചെയ്യാനുള്ള അധികാരം അവർക്ക് കൊടുത്തിട്ടില്ല. എന്നുവച്ചാൽ നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ പ്രോഫിറ്റിൽനിന്ന് ടാക്സ് കൊടുക്കേണ്ട സ്ഥിതിയാണ്. പ്രോഫിറ്റിൽനിന്ന് എങ്ങനെ ടാക്സ് കൊടുക്കാൻ സാധിക്കും; ഇപ്പോൾത്തന്നെ കേരളത്തിലെ ടെക്സ്റ്റൈൽ സാധനങ്ങൾ തൊട്ടടുത്ത സംസ്ഥാനങ്ങളായ കോയമ്പത്തൂരിലേക്കും നാഗർകോവിലിലേക്കും മംഗലാപുരത്തേയ്ക്കുമൊക്കെ പോകുകയാണ്. ടേണോവർ ടാക്സ് രണ്ടുശതമാനം എന്നതിനെ സംബന്ധിച്ച് നേരത്തെ ഡോ. തോമസ് ഐസക് പറഞ്ഞതിനോട് ഞാൻ



LIBRARY ARCHIVES Kerala Legislative Assembly

പൂർണ്ണമായി യോജിക്കുകയാണ്. ടേണോവർ ടാക്സ് വലിയ എമൗണ്ട് വരുമ്പോൾ അതിന്റെ ഒരു ചെറിയ ശതമാനം മാത്രമാണ് വരുന്നത്. ഇത് ടാക്സ് ഇവേഷനുവേണ്ടി ആളുകളെ പ്രേരിപ്പിക്കുന്നതാണ്. ചില ടാക്സേഷൻ സമ്പ്രദായങ്ങൾ, ടാക്സ് ഏർപ്പെടുത്തുന്നത്, ടാക്സ് തട്ടിപ്പ് നടത്താത്ത ആളുകളെക്കൂടി ടാക്സ് തട്ടിപ്പ് നടത്താനായി പ്രേരിപ്പിക്കുന്ന ചില നടപടികളാണ്. അതിനകത്തുള്ള ഒരു അശാസ്ത്രീയതയെക്കുറിച്ചാണ് ഞാൻ ആദ്യമേ സൂചിപ്പിച്ചത്. മറ്റ് സംസ്ഥാനങ്ങളിലൊന്നുമില്ലാത്ത ടാക്സേഷനാണ് ഇവിടെ നിലനിൽക്കുന്നത്. യഥാർത്ഥത്തിൽ പുതിയ മേഖലകൾ കണ്ടുപിടിക്കുന്നതിനുള്ള ഒരു പഠനം വേണം. അതിനായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടും ടാക്സേഷൻ ഇൻസ്റ്റിറ്റ്യൂട്ടുമൊക്കെ ഉപയോഗിക്കാം. പുതിയ ടാക്സ് ഏർപ്പെടുത്തേണ്ട മേഖലകൾ, കൂടുതൽ ആളുകളെ ടാക്സിന്റെ നെറ്റ്വർക്കിലേക്ക് കൊണ്ടുവരുന്നതിനുള്ള നടപടികൾ വേണമെന്ന് അവരോടെല്ലാം പറയണം. ഇപ്പോൾ സർവ്വീസ് സെക്ടറെല്ലാം നന്നായി ഇംപ്രൂവ് ചെയ്തുകൊണ്ടിരിക്കുന്ന കാലമാണ്. സംസ്ഥാനത്തിന്റേതാണെങ്കിലും രാഷ്ട്രത്തിന്റേതാണെങ്കിലും സാമ്പത്തിക പുരോഗതിയിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമെന്നുപറയുന്നത് സർവ്വീസ് സെക്ടറുകളാണ്. പ്രൈമറി സെക്ടറായ അഗ്രികൾച്ചറിലോ സെക്കണ്ടറി സെക്ടറായ ഇൻഡസ്ട്രിയിലോ അല്ല വരുമാനമുണ്ടാകുന്നത്. പുതിയൊരു ട്രെൻഡ് എന്ന് പറയുന്നത് സർവ്വീസ് സെക്ടറിലാണ് നമുക്ക് ഏറ്റവും കൂടുതൽ സാമ്പത്തിക വളർച്ചയുണ്ടായിരിക്കുന്നത് എന്നതാണ്. ഏറ്റവും കൂടുതൽ സാമ്പത്തിക വളർച്ചാസൂചനകൾ കാണിക്കുന്ന സർവ്വീസ് സെക്ടറിൽനിന്ന് കൂടുതൽ ടാക്സ് ഈടാക്കാനുള്ള ശ്രമങ്ങൾ വേണം. അതിനായിരിക്കണം നമ്മുടെ ഗവേഷണ സ്ഥാപനങ്ങളും ടാക്സസ് ഡിപ്പാർട്ടുമെന്റും കൂടുതലായി പരിശ്രമിക്കേണ്ടതെന്നുള്ള ഒരു നിർദ്ദേശംകൂടി ഞാൻ മുന്നോട്ടുവയ്ക്കുകയാണ്.

ആംഡ് ഫോഴ്സസ് ക്യാന്റീനുമായി ബന്ധപ്പെട്ട് യൂണിറ്റ് റൺ ക്യാന്റീനുകൾക്ക് സി.എസ്.ഡി. മുഖേനയോ അവർ അംഗീകാരം നൽകിയ ഡീലർമാരിൽ നിന്നോ വാങ്ങുന്ന ചരക്കുകൾക്ക് മാത്രമേ നികുതിയിളവ് ലഭിക്കുകയുള്ളൂവെന്ന് വ്യവസ്ഥ ചെയ്യുന്ന ഭേദഗതിയാണ്. പോലീസ് ക്യാന്റീനുകൾക്കും സെൻട്രൽ പോലീസ് ക്യാന്റീൻ അല്ലെങ്കിൽ അവർ അംഗീകരിച്ച ഡീലർമാർ എന്നിവരിൽനിന്നും വാങ്ങുന്ന ചരക്കുകൾക്ക് മാത്രമേ നികുതിയിളവിന് അർഹതയുള്ളൂവെന്ന് നിയമത്തിൽ വ്യക്തമാക്കേണ്ടതാണ്. മിലിട്ടറി, നേവൽ, എയർഫോഴ്സ്, എൻ.സി.സി. ക്യാന്റീൻ, ഇന്ത്യൻ നേവൽ ക്യാന്റീൻ സർവ്വീസ് എന്നീ ഫോഴ്സുകൾക്കും പോലീസ് സേനയ്ക്കും പ്രത്യേകമായ നികുതി ആനുകൂല്യം കിട്ടണമെന്നുള്ളതിനാലാണ് അവർക്ക് ആ നികുതി ആനുകൂല്യം കൊടുത്തിരിക്കുന്നത്. ഇപ്രകാരം നികുതി ഏർപ്പെടുത്തുമ്പോൾ ഒരുപാട് സ്ഥാപനങ്ങൾ അടച്ചുപൂട്ടിപ്പോകുകയും യഥാർത്ഥത്തിൽ നികുതിയിളവിന്റെ ആനുകൂല്യം ഈ പറയുന്ന ഫോഴ്സസിൽപ്പെട്ട ആളുകൾക്കും റിട്ടയർ ഭടൻമാർക്കും കിട്ടാതിരിക്കാനുമുള്ള സാഹചര്യമുണ്ടാകും. അതുകൂടി പുനഃപരിശോധിക്കേണ്ടതാണ്.

ലോട്ടറിയിൽ ഇപ്പോൾ ഓരോ ബമ്പർ നറുക്കെടുപ്പിനും 60 ലക്ഷംരൂപയും മറ്റ് നറുക്കെടുപ്പുകൾക്ക് 30 ലക്ഷം രൂപയുമായി വർദ്ധിപ്പിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വരുമാനം ലോട്ടറി ഡിപ്പാർട്ടുമെന്റിൽനിന്ന് തന്നെയാണ്. മറ്റ് സംസ്ഥാന ലോട്ടറികൾ കേരളത്തിൽ പ്രവർത്തിക്കാത്തതുകൊണ്ട് കേരളത്തിലെ ലോട്ടറി ഡിപ്പാർട്ടുമെന്റിൽനിന്നുള്ള വരുമാനംകൂടി സംസ്ഥാനത്തേക്ക് വരുന്നുവെന്നുള്ളതാണ്. ലോട്ടറിയുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമം നടത്തണം. അതിന്റെ പ്രൈസ് സ്ട്രക്ച്ചർ മാറ്റണം. ടിക്കറ്റിന്റെ വില വർദ്ധിപ്പിച്ചപ്പോൾ മൊത്തത്തിലുള്ള ടേണോവറിൽ കുറവുണ്ടായിട്ടുണ്ടോ, ടിക്കറ്റ് വിൽപ്പനയിൽ കുറവുണ്ടായിട്ടുണ്ടോ, അല്ലെങ്കിൽ അതിന്റെ പെർസന്റേജിൽ കുറവുണ്ടായിട്ടുണ്ടോ എന്നുള്ളത് പഠിക്കണം. കേരള ലോട്ടറി ഇവിടെയുള്ള കാലത്തുതന്നെ അന്യസംസ്ഥാന ലോട്ടറീസും ഇവിടെ നടത്തിയിരുന്നതാണ്. അത് ഗ്യാമ്പ്ളിംഗിന് തുല്യമായ ലോട്ടറിയായിരുന്നുവെങ്കിൽപ്പോലും 20,000-ഉം 25,000-ഉം കോടി രൂപ അവർ സംസ്ഥാനത്തുനിന്ന് ഒരുവർഷം കൊണ്ടുപോയിരുന്നുവെന്നത് യാഥാർത്ഥ്യമാണ്. അന്ന് 300-ഉം 400-ഉം കോടിരൂപയുണ്ടായിരുന്ന ലോട്ടറിയെ 4,000 കോടി രൂപയിലേക്ക് കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞു. അതിൽ വലിയ മാറ്റമാണുണ്ടായത്. അന്ന് അന്യസംസ്ഥാന ലോട്ടറികളെ കേരളത്തിൽ നിന്ന് ഒഴിവാക്കണമെന്നുള്ള ശക്തമായ ആവശ്യം മുന്നോട്ടുവച്ചപ്പോൾ അതിനെ പ്രതിരോധിക്കാൻവേണ്ടി പറഞ്ഞ പ്രധാനപ്പെട്ടകാര്യം, കേരളത്തിലെ മൂന്നു ലക്ഷത്തോളം ലോട്ടറി ഏജന്റുമാർക്ക് തൊഴിലില്ലാതായിപ്പോകും, അവരെ പട്ടിണിക്കിടും, അവരുടെ ജീവിതം വഴിമുട്ടിക്കാൻവേണ്ടിയാണ് അന്യസംസ്ഥാന ലോട്ടറികൾ അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നതെന്നാണ്. അത്തരം ആക്ഷേപംകേട്ട ഒരാളാണ് ഞാൻ. അന്യസംസ്ഥാന ലോട്ടറികൾ കേരളത്തിൽ അവസാനിപ്പിച്ചാൽ കേരളാ ലോട്ടറി മെച്ചപ്പെടുമെന്ന് അന്ന് ഞങ്ങൾ പറഞ്ഞിരുന്നു. കേരള ലോട്ടറി ശോഷിച്ചുപോകാനും അതിനെ തൊഴുത്തിൽ കെട്ടേണ്ട അവസ്ഥയുണ്ടാകേണ്ടിവന്നതും അന്യസംസ്ഥാന ലോട്ടറികൾ നടത്തിയ യഥാർത്ഥ ഗ്യാമ്പ്ളിംഗിന്റെ സ്വഭാവമുള്ള ലോട്ടറി വിൽപ്പനയിലൂടെയാണ്. അതവസാനിപ്പിക്കാൻ കഴിഞ്ഞതോടുകൂടി സംസ്ഥാന ലോട്ടറിയെ 400 കോടി രൂപയിൽനിന്ന് 4,000 കോടി രൂപയിലേക്ക് വർദ്ധിപ്പിക്കാൻ കഴിഞ്ഞു. സമ്മാന ഘടനയിൽക്കൂടി മാറ്റം വരുത്തേണ്ടതുണ്ടെന്നാണ് എന്റെ അഭിപ്രായം. നമുക്ക് കാരുണ്യ ലോട്ടറി തുടങ്ങാൻ കഴിഞ്ഞു. അതിലൂടെ എത്രയോ പേർക്ക് നമുക്ക് ഓപ്പറേഷൻ നടത്താൻ കഴിഞ്ഞു. വലിയ മാറ്റമാണ് ആ മേഖലയിലുണ്ടായത്. 10,000 കോടി രൂപയെങ്കിലും ലോട്ടറിയിൽനിന്ന് വരുമാനം കിട്ടുന്ന തരത്തിൽ, ഗ്യാമ്പ്ളിംഗിന്റെ സ്വഭാവത്തിലേക്ക് യാതൊരു കാരണവശാലും മലയാളികളെ നയിക്കാത്ത തരത്തിൽ, സമ്മാനഘടനയിൽ മാറ്റംവരുത്തി ലോട്ടറിയെ റീ-സ്ട്രക്ച്ചർ ചെയ്യണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

സംസ്ഥാനത്ത് നികുതി വരുമാനത്തിൽ കുറവ് വരുന്നത് സംബന്ധിച്ച ആക്ഷേപം ഡോ. ടി. എം. തോമസ് ഐസക് ഇവിടെ ഉന്നയിച്ചു. ദേശീയ തലത്തിലും ഈ കുറവുണ്ടായിട്ടുണ്ട്. ഞാൻ ബഡ്ജറ്റ് പ്രസംഗത്തിന്റെ തുടക്കത്തിൽ ഇക്കാര്യം പറഞ്ഞതാണ്. ദേശീയ ശരാശരിയിൽ കുറവുണ്ടായിട്ടുണ്ട്. കഴിഞ്ഞ വർഷമുണ്ടായ സാമ്പത്തികമാന്ദ്യം ദേശീയതലത്തിലും വിവിധ സംസ്ഥാനങ്ങളിലും നികുതി വരുമാനത്തിന് ഗണ്യമായ കുറവുണ്ടാക്കിയിട്ടുണ്ട്. പക്ഷെ നികുതിച്ചോർച്ച തടയാനും എല്ലാ ജില്ലകളിലും റിവ്യൂ നടത്തി ഓരോ സെക്ടറിലും ടാർജറ്റ്

നിശ്ചയിച്ച് കൊടുക്കാനും നടപടി സ്വീകരിക്കണം. ഓരോ സെക്ടറിലും ടാർജറ്റ് നിശ്ചയിച്ച് കൊടുക്കുകയും ഓരോ ക്വാർട്ടറുകളിലും അത് റിവ്യൂ നടത്തി ഏത് സെക്ടറിൽനിന്നാണ് ടാക്സ് വരുമാനം കുറയുന്നത്, അതിന്റെ വിശദീകരണം ബന്ധപ്പെട്ട ആളുകളുമായി ചോദിക്കുകയും എന്തുകൊണ്ടാണ് നികുതി വരുമാനം കുറയാനുള്ള സാധ്യതകളെന്ന് ഗൗരവതരമായി പഠിക്കുകയും പരിശോധിക്കുകയും ചെയ്തുകൊണ്ട് നികുതി വരുമാനം വർദ്ധിപ്പിക്കാനുള്ള ഗൗരവകരമായ നടപടികൾകൂടി സർക്കാർ സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ധനകാര്യ ബില്ലുകളെ എതിർക്കുന്നു. ധനകാര്യ മാനേജ്മെന്റ് ഇത്രത്തോളം പരാജയപ്പെട്ട ഒരു കാലഘട്ടവുമുണ്ടായിട്ടില്ല. ഏത് അക്കൗണ്ടുകളെടുത്ത് പരിശോധിച്ചാലും ധനകാര്യ മാനേജ്മെന്റിൽ

11.35 AM]

തൃപ്തികരമായ ഇടപെടൽ നടത്താൻ വകുപ്പിന് കഴിയുന്നില്ലെന്ന് മനസ്സിലാകും. 4,000 കോടിയിലധികം രൂപ ഇതിനോടകം മാണി സാർ വായ്പയെടുത്തിട്ടുണ്ട്. മാർച്ച് മാസത്തിൽ ട്രഷറി പൂട്ടിയിടുന്ന സാഹചര്യമുണ്ടായി. ഇനിയും മാണി സാർ കടമെടുക്കാൻ പോകുന്നുവെന്നാണ് വാർത്തകൾ വന്നുകൊണ്ടിരിക്കുന്നത്. ഈയൊരു വർഷം ധനകാര്യ മാനേജ്മെന്റ് ക്ലിയറായി കൊണ്ടുപോകുന്നതിന് എത്ര ആയിരം കോടിരൂപ ഇനി വേണ്ടിവരുമെന്ന് ധനകാര്യ വകുപ്പുമന്ത്രിക്കുപോലും പറയാൻ കഴിയാത്ത ഒരു സാമ്പത്തിക സാഹചര്യം നമ്മുടെ നാട്ടിൽ നിലവിലുണ്ട്. ശരിക്കുപറഞ്ഞാൽ, ധനകാര്യ ഭരണസ്തംഭനം തന്നെ നമ്മുടെ നാട്ടിലുണ്ടായിട്ടുണ്ട്. അതിന്റെ കാര്യകാരണങ്ങൾ ടാക്സ് വേണ്ടവിധം പിരിച്ചെടുക്കാൻ കഴിയുന്നില്ല എന്നുള്ളതാണ്. ടാക്സ് പിരിച്ചെടുക്കുന്നതിലുണ്ടായിട്ടുള്ള അശാസ്ത്രീയമായ സമീപനം, വളരെ ശാസ്ത്രീയമെന്ന ധാരണയോടുകൂടി അവതരിപ്പിച്ചിട്ടുള്ള പല വിഷയങ്ങളും പരാജയപ്പെടുന്ന സാഹചര്യമുണ്ടായി. ടാക്സ് പിരിച്ചെടുക്കുന്നതിലുണ്ടായ കാര്യങ്ങളും ടാക്സ് നിർണ്ണയിക്കുന്ന കാര്യത്തിൽ വച്ചിട്ടുള്ള നിർദ്ദേശങ്ങളും ബഡ്ജറ്റിൽത്തന്നെ വന്നിട്ടുള്ള നിർദ്ദേശങ്ങളിലുണ്ടായിട്ടുള്ള പിഴവുകളും ഈ പരാജയത്തിന് കാരണമാണ്. ഇപ്പോഴും എന്താണുണ്ടായിട്ടുള്ളതെന്ന് പരിശോധിക്കാൻ ധനകാര്യ വകുപ്പ് തയ്യാറല്ല. സഹായിച്ച് സഹായിച്ച് വകുപ്പുമന്ത്രിതന്നെ ഏതാണ്ട് സംശയത്തിന്റെ നിഴലിലേക്ക് വന്നുനിൽക്കുന്ന ഒരു സാഹചര്യവുമുണ്ട്. മാണിസാറിനെപ്പോലെ നിയമസഭാ പ്രവർത്തനങ്ങളിൽ നല്ല പരിചയമുള്ള, വളരെക്കാലം മന്ത്രിയായിരുന്ന് പരിചയമുള്ള ഒരാൾ ഇത്തരത്തിൽ സംശയത്തിന്റെ നിഴലിലേക്ക് വന്നുനിൽക്കുന്ന സാഹചര്യമുണ്ടാകുന്നത് ഉചിതമല്ലെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും 7 ശതമാനമുണ്ടായിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി 6 ശതമാനമായി കുറയ്ക്കുന്ന സാഹചര്യമുണ്ടായി. പഞ്ചായത്തുകളിലുണ്ടായിരുന്ന അഞ്ചുശതമാനം സ്റ്റാമ്പ് ഡ്യൂട്ടി ആറുശതമാനമായി കൂട്ടി. അങ്ങനെ കൂട്ടിയത് ആരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണെന്ന് ഇതിലെ നടപടിക്രമങ്ങൾ പരിശോധിച്ചാൽ സ്വാഭാവികമായും നമുക്ക് സംശയം തോന്നും. ഒരു സുതാര്യത ഇക്കാര്യങ്ങളിലുണ്ടാകുന്നില്ല. യുക്തിക്ക് നിരക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

താണെന്ന് നമുക്ക് പറയാൻ കഴിയില്ല. ധനകാര്യ വകുപ്പിന്റെ ഈ നടപടിയോട് നമുക്ക് അനുകൂലിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. വസ്ത്രവ്യാപാര രംഗത്ത് ഒരുകോടി രൂപ ടേണോവറുള്ളവർക്ക് ടാക്സ് ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിഷയം ബഹുമാന്യരായ അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചു. ഒരു നിശ്ചിത വിലയെന്ന രൂപത്തിൽ, ഒരു വസ്ത്രത്തിനും നിശ്ചിത തുകയ്ക്ക് മുകളിൽ വില പാടില്ലെന്ന നിബന്ധനയില്ലാത്ത സാഹചര്യത്തിൽ, ഒരു നിശ്ചിത തുകയ്ക്ക് മുകളിൽ വില വരുന്ന വസ്ത്രങ്ങൾക്ക് ടാക്സ് ഏർപ്പെടുത്തുന്നത് ശരിയായ നടപടിയല്ല. ഇപ്പോൾ കല്യാണസാരി 2,00,000 രൂപയ്ക്ക് എടുക്കുന്നവരുമുണ്ട്, 500 രൂപയുടെയും 1,000 രൂപയുടെയും സാരി എടുക്കുന്നവരുമുണ്ട്. എല്ലാ ആളുകൾക്കും ഒരുപോലെ ബാധകമാകുന്ന തരത്തിൽ വസ്ത്ര നിർമ്മാണ രംഗത്തേയ്ക്ക് കൊണ്ടുവന്നിട്ടുള്ള ഈ ടാക്സിനെ നമുക്ക് അനുകൂലിക്കാൻ കഴിയില്ല. അതോടൊപ്പംതന്നെ പല കോൺട്രാക്ടർമാരും വർക്കുകൾ ക്വാട്ട് ചെയ്യാത്ത സാഹചര്യമുണ്ട്. ടെൻഡർ വിളിച്ചാൽ അത് എ.ഡി.എഫ്. ആയാലും മറ്റേത് വർക്കുകളായാലും ക്വാട്ട് ചെയ്യേണ്ടതില്ലായെന്ന് കോൺട്രാക്ടേഴ്സ് അസോസിയേഷൻ തീരുമാനിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി അവതരിപ്പിച്ച ഡിമാന്റിന് ഇതൊക്കെ ഞാൻ പരിഹരിച്ച് കൊടുക്കുന്നതാണ്, 200 കോടിരൂപ കൊടുക്കുന്നു, 100 കോടി രൂപ കൊടുക്കുന്നു എന്നൊക്കെ മാണിസാർ വളരെ ലാഘവമായിട്ടാണ് മറുപടി പറഞ്ഞത്. മാണിസാറിന്റെ സഹായവും ഇടപെടലും ഇക്കാര്യത്തിൽ വേണമെന്നു പറഞ്ഞ ഘട്ടത്തിൽ ഒരു തമാശരൂപേണ ധനകാര്യ വകുപ്പുമന്ത്രി നടത്തിയ പ്രസ്താവന എന്നുള്ളതിനപ്പുറത്ത് ക്രിയാത്മകമായി ഈ വിഷയങ്ങളിൽ ധനകാര്യ വകുപ്പിന് ഇടപെടാൻ കഴിഞ്ഞിട്ടില്ല. ഇന്നത്തെ ശ്രദ്ധക്ഷണിക്കൽതന്നെ ക്ഷേമനിധി അംഗങ്ങൾക്കുള്ള പെൻഷൻ കൊടുക്കുന്നതുമായി ബന്ധപ്പെട്ടാണ്. എല്ലാ വിഭാഗത്തിലുംപെട്ട ആളുകൾക്ക് പെൻഷൻപോലും സമയബന്ധിതമായി കൊടുക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ പാഴാകുന്നത് നോക്കിയാൽ ധനകാര്യ മാനേജുമെന്റ് എത്രമാത്രം പരാജയമാണെന്നുള്ളത് നമുക്ക് മനസ്സിലാകുന്നതാണ്. പി.എം.ജി.എസ്.വൈ., എൻ.ആർ.എച്ച്.എം., റൂസ, ഇടുക്കി, കുട്ടനാട് പാക്കേജുകൾ, എസ്.എസ്.എ., ആർ.എം.എസ്.എ. അടക്കമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് പരമാവധി പണം നമുക്ക് വാങ്ങിയെടുക്കാമെങ്കിലും സ്റ്റേറ്റ് കോൺട്രിബ്യൂഷൻ വേണ്ടത്ര വയ്ക്കാത്തതിന്റെ ഭാഗമായി നമുക്ക് ലഭ്യമാകുമായിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പണം ശരിയായ വിധത്തിൽ വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ഇടുക്കി പാക്കേജ് എന്നുപറയുന്നത് ഒരു സാങ്കല്പിക രേഖയായി നിൽക്കുകയാണ്. അങ്ങനെയൊരു പാക്കേജ് ഒരിടത്തും ചർച്ച ചെയ്യപ്പെടുന്നുമില്ല, അതുമായി ബന്ധപ്പെട്ട യോഗങ്ങൾ വിളിച്ചുകൂട്ടുന്നുമില്ല. വിദ്യാഭ്യാസ വായ്പകൾ എഴുതിത്തള്ളുമെന്നും വിദ്യാഭ്യാസത്തിനുവേണ്ടി ആനുകൂല്യങ്ങൾ നൽകുമെന്നും ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചെങ്കിലും ഇതുവരെയും ആനുകൂല്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി എടുത്തിട്ടുള്ള തീരുമാനം വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും നാട്ടിലെ പൊതുജനങ്ങളുടെയും

താത്പര്യങ്ങൾ സംരക്ഷിക്കാൻ ഉതകുന്നതല്ല. 60 ശതമാനം മാർക്കുള്ള കുട്ടികൾക്കുമാത്രമേ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി ഇപ്പോൾ വായ്പ ശുപാർശ ചെയ്യുന്നുള്ളൂ എന്നും പറയുന്നത് അർഹതപ്പെട്ട ഒരുപാട് വിദ്യാർത്ഥികൾക്ക് ദോഷമുണ്ടാക്കും. കൃഷിക്കാർക്കുള്ള കാർഷിക വായ്പ എഴുതിത്തള്ളിയിട്ടുണ്ടെങ്കിലും ബാങ്കുകൾക്ക് പണം ലഭ്യമാകാത്തതുകൊണ്ട് (രേഖകളിൽ കാർഷിക വായ്പ എഴുതിത്തള്ളിയതായി പറയുന്നുണ്ട്) അവർ കൃഷിക്കാർക്ക് നോട്ടീസ് അയയ്ക്കുകയും അവരുടെ ഡോക്യുമെന്റ്സുകൾ തിരിച്ചുകൊടുക്കാതിരിക്കുകയും ചെയ്യുന്ന നിർഭാഗ്യകരമായ സാഹചര്യം നിലവിലുണ്ട്. ബഹുമാനപ്പെട്ട മാണിസാർ അക്കാര്യത്തിൽ ഒരു തീരുമാനമെടുക്കണം. അങ്ങ് കൃഷിക്കാരുടെയും അധ്വാന വർഗ്ഗത്തിന്റെയും നേതാവാണെന്ന് അങ്ങയുടെ പാർട്ടിയുടെ മാനിഫെസ്റ്റോയിൽ പ്രഖ്യാപിക്കുമ്പോൾ സ്വാഭാവികമായും അത്തരം വിഷയങ്ങളിലെങ്കിലും ഇടപെട്ട് പരിഹാരമുണ്ടാക്കാൻ ശ്രമിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ബഡ്ജറ്റിൽ ധാരാളം തൊഴിൽ സംരംഭങ്ങളെക്കുറിച്ച് അങ്ങ് പ്രഖ്യാപിച്ചിട്ടുണ്ട്. എത്രപേർക്ക് തൊഴിൽ നൽകാൻ സാധിച്ചു; ഏതൊക്കെ ബാങ്കുകൾ ഇതിനു വേണ്ടി തയ്യാറായി എന്നറിയാൻ ആഗ്രഹമുണ്ട്. അങ്ങയുടെ മറുപടിയിൽ ഇക്കാര്യം ഉൾപ്പെടുത്തുമെന്നാണ് കരുതുന്നത്. 'മിഷൻ 676'-ലൂടെ മന്ത്രിമാർ ഒരുപാട് പ്രഖ്യാപനങ്ങൾ നടത്തുന്നുണ്ട്. അതെല്ലാം നടക്കുമോ ഇല്ലയോ എന്ന് മറുപടിയിൽ വ്യക്തമാക്കേണ്ടതുണ്ട്. ഇതെല്ലാം വെറുതെ പേപ്പറിൽ അച്ചടിച്ചു കൊണ്ടു വരുന്നതാണോ എന്നറിയണം. നിങ്ങൾ അതൊന്നും വിശ്വസിക്കേണ്ടതില്ല, അഞ്ചുപൈസപോലും ഞാൻ ആർക്കും കൊടുക്കുകയില്ല എന്നുള്ളതാണ് മാണിസാറിന്റെ മറുപടി എന്നുണ്ടെങ്കിൽ, ഇത്തരത്തിൽ ബുക്കുകൾ അച്ചടിക്കുന്നതിനുവേണ്ടി ചെലവഴിക്കുന്ന പണം വെറുതെ കളയരുതെന്നാണ് സൂചിപ്പിക്കുവാനുള്ളത്. ലോട്ടറിയുമായി ബന്ധപ്പെട്ട വിഷയത്തിൽ കാര്യമായ പരിശോധനയ്ക്ക് തയ്യാറാകണം. അങ്ങ് ലോട്ടറി മേഖലയിൽ നടത്തിയിട്ടുള്ള എല്ലാ ഭരണപരിഷ്ക്കാരങ്ങളും പരാജയമാണ്. മാത്രമല്ല, അങ്ങ് കാരുണ്യ പദ്ധതിയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത് ആളുകൾക്ക് ആശ്വാസമാകുന്നുണ്ട് എന്ന കാര്യമൊഴിച്ചാൽ ലോട്ടറി പദ്ധതിയെ അങ്ങ് പരിഷ്ക്കരിച്ച്, 'കുളിപ്പിച്ച് കുളിപ്പിച്ച് കുഞ്ഞില്ലാതായി' എന്നുപറയുന്ന അവസ്ഥയിലേക്ക് ഈ രംഗത്തെ വിവിധ സ്കീമുകളെ കൊണ്ടെത്തിച്ചിരിക്കുകയാണ്. ടാക്സ് കളക്ട് ചെയ്യുന്നതിനായി കർവി എന്ന സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ടോ എന്നചോദ്യത്തിന് ഏൽപ്പിച്ചിട്ടില്ല എന്നുള്ളതാണ് അങ്ങ് ഇവിടെ പറഞ്ഞ മറുപടി. ഇപ്പോൾ ഞങ്ങൾ മനസ്സിലാക്കുന്നത് 1,000 രൂപ സർവ്വീസ് ചാർജ്ജ് ഈടാക്കികൊണ്ട് കർവി എന്ന സ്ഥാപനം ഇടപെടുന്നു എന്നുള്ളതാണ്. ട്രഷറിയിൽ പിടിക്കുന്ന പണം ബന്ധപ്പെട്ട ടാക്സ് ഡിപ്പാർട്ടുമെന്റിലേക്ക് ലഭിക്കാതെ വരുന്നതുകൊണ്ട് ടാക്സ് ഡിപ്പാർട്ടുമെന്റ് നോട്ടീസ് അയയ്ക്കുകയും നോട്ടീസ് ലഭിക്കുന്ന ആളുകൾ ഞങ്ങൾ ട്രഷറിയിൽ പണമൊടുക്കിയിട്ടുണ്ട് എന്ന മറുപടി ടാക്സ് ഡിപ്പാർട്ടുമെന്റിന് കൊടുക്കേണ്ടിവരികയും ചെയ്യുന്ന സാഹചര്യമുണ്ടാകുന്നു. ഈ വിഷയത്തിലും മാണിസാറിന്റെ ഇടപെടലുണ്ടാകണം. സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന പ്രമേയത്തെ ഞാൻ എതിർക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

Page 16 of 59

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ബഹുമാനപ്പെട്ട മാണിസാർ അവതരിപ്പിച്ച ധനകാര്യ ബില്ലുകളെ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. സഖാവ് വ്ളാഡിമർ ഇല്യിച്ച് ലെനിന്റെ മുമ്പാകെ പാർട്ടി അംഗത്വം എടുക്കുന്നതിന് വേണ്ടി താല്പര്യമുള്ള ഒരു സഖാവിനെ ഒരിക്കൽ കൊണ്ടുവന്നു. അങ്ങനെ

[11.43 AM] കൊണ്ടുവന്നപ്പോൾ എന്തൊക്കെയാണ് അയാളുടെ ക്വാളിഫിക്കേഷനെന്ന് ലെനിൻ ചോദിച്ചു. അപ്പോൾ കൊണ്ടുവന്ന ആൾ പറഞ്ഞു, `He will not drink എന്ന്. അത് ശരി, പിന്നെ എന്തൊക്കെയാണ് എന്ന് വീണ്ടും ലെനിൻ ചോദിച്ചപ്പോൾ, "He will not smoke" എന്ന് വീണ്ടും മറുപടി നൽകി. ഇതുരണ്ടും പറഞ്ഞുകഴിഞ്ഞപ്പോൾ ലെനിൻ പറഞ്ഞത് "I must know what he can do". അയാൾക്ക് എന്ത് ചെയ്യാൻ കഴിയുമെന്നാണ് എനിക്കറിയേണ്ടത് എന്നാണ്. അതുപോലെ ബഹുമാനപ്പെട്ട മാണിസാറിനെ സംബന്ധിച്ച് ഞാൻ മനസ്സിലാക്കുന്നത്, ധനകാര്യ വകുപ്പുമന്ത്രിയായി അദ്ദേഹം കഴിഞ്ഞകാലങ്ങളിൽ പ്രവർത്തിച്ചതിൽനിന്നും ഭിന്നമായി ഒരു പ്രത്യേക കാലഘട്ടത്തിലാണ് ധനകാര്യ വകുപ്പുമന്ത്രിയായി ഇരിക്കുന്നത്. He must be a man of action. പ്രവൃത്തികൾ നിരന്തരമായി ചെയ്യുന്ന ഒരു മന്ത്രിയായിട്ടാണ് ഞാൻ അദ്ദേഹത്തെ കാണുന്നത്. ആ പ്രവൃത്തികളെക്കുറിച്ച് പരിശോധിച്ച് വ്യക്തമായിട്ടുള്ള ഒരു പോളിസി രൂപീകരിക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തുമ്പോഴാണ് ഏത് സാഹചര്യത്തിലാണ് അദ്ദേഹം ഈ സാമ്പത്തിക നയം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കും. പഴയകാലത്ത്, ഇൻഡ്യയുടെ ആരംഭഘട്ടത്തിൽ പഞ്ചവത്സര പദ്ധതികളെക്കുറിച്ചൊക്കെ പറഞ്ഞിരുന്നു. ഇപ്പോഴും ഈ പദ്ധതികൾ നിലവിലുണ്ട്. ദൈനംദിനം സാമ്പത്തിക മേഖല മാറിക്കൊണ്ടിരിക്കുന്നതുകൊണ്ട് ഒരു പഞ്ചവത്സര പദ്ധതി പൂർത്തീകരിക്കുന്നതുവരെ ഒരു പദ്ധതിക്ക് കാത്തിരിക്കാനാവാത്തവിധം ദൈനംദിന മാറ്റങ്ങൾ സാമ്പത്തിക രംഗത്ത് വന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള കാലഘട്ടത്തിൽ ഏത് ഗവൺമെന്റായാലും ധനകാര്യ വകുപ്പായാലും മന്ത്രിയായാലും അത് നിർവ്വഹിക്കുക എന്നുള്ളത് വളരെ പ്രയാസകരമായ ഒരു സംഗതിയാണ്. ഈ പ്രയാസകരമായ സാഹചര്യത്തിലും ഇത്രമേൽ വികസനപരമായ കാര്യങ്ങൾ നടപ്പിലാക്കാൻ സാധിച്ചു എന്നത് നിസ്സാരവൽക്കരിക്കപ്പെടേണ്ട കാര്യമായി ഞാൻ കാണുന്നില്ല. ഇതെല്ലാം നടപ്പിലാക്കുന്നത് കേരളം പോലുള്ള ഒരു സംസ്ഥാനത്താണ്. സർക്കാരുദ്യോഗം നേടലും ശമ്പളം വാങ്ങി ജീവിക്കലും പറ്റുമെങ്കിൽ തൊഴിലില്ലായ്മ വേതനം പറ്റലും അതിവേഗം കാശുണ്ടാക്കാനുള്ള തട്ടിപ്പുകളിൽ ഏർപ്പെടലുകളുമൊക്കെയായി എങ്ങനെയാണ് അതിവേഗം കാശുണ്ടാക്കുക എന്ന് ചിന്തിക്കുന്ന ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലാണ് നാം ഈ പദ്ധതികളൊക്കെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്നത് വിസ്മരിക്കാൻ കഴിയുകയില്ല. വാസ്തവത്തിൽ സമരം ചെയ്യാനുള്ള ടെക്നോളജിയാണ് മറ്റു ടെക്നോളജികൾക്കുപരിയായി കേരളത്തിൽനിന്ന് കയറ്റുമതി ചെയ്യുന്നത്. സമരവും ഹർത്താലും ബന്ദും വികസനപ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്ന നിഷേധാത്മകമായ മനോഭാവം ഞാനുൾപ്പെടെയുള്ള കേരളത്തിലെ ആളുകൾക്ക് വന്നുചേർന്നിട്ടുണ്ട്. അങ്ങനെയുള്ള ഒരു ജനസമൂഹത്തെയാണ് നമുക്ക് അഭിമുഖീകരിക്കേണ്ടി വരുന്നത്. ഇവിടെ ജനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പക്ഷത്തുനിന്ന് ആരെങ്കിലും കാശുണ്ടാക്കിയതിനുശേഷം എന്തെങ്കിലും ഒരു വ്യവസായമോ മറ്റെന്തെങ്കിലും തുടങ്ങുവാൻ ആഗ്രഹിച്ചാൽ അതിനെ ഗവൺമെന്റ് എതിർക്കും. ഗവൺമെന്റ് എന്തെങ്കിലുമൊരു കാര്യം തുടങ്ങാൻ ആരംഭിച്ചാൽ അതിനെ ജനങ്ങൾ എതിർക്കും. അങ്ങനെ ഗവൺമെന്റിനെയും നാട്ടുകാരെയും ഒരു കാര്യവും നടത്താൻ സമ്മതിക്കാത്ത വിധത്തിൽ പരസ്പരം എതിർത്തുകൊണ്ട് സാമ്പത്തിക രംഗത്ത് വളർച്ചയുണ്ടാക്കാൻ സാധിക്കാത്ത സാഹചര്യം ഇവിടെ സംജാതമായിട്ടുണ്ടെന്ന കാര്യം മനസ്സിലാക്കണം.

ഇവിടെ ഭരണച്ചെലവ് ഏറ്റവും പ്രധാനപ്പെട്ട ഒരു സംഗതിയാണ്. വമ്പിച്ച തോതിലുള്ള ഒരു ഉദ്യോഗസ്ഥപ്പട, ഒരു വലിയ സംവിധാനമാണ് ഇവിടെയുള്ളത്. ഇത്രയും ചെറിയ സംസ്ഥാനത്ത്, ചെറിയ സാമ്പത്തിക പരിമിതിക്കകത്തുനിന്നുകൊണ്ട് കാര്യങ്ങൾ നടപ്പിലാക്കാൻ, നമ്മുടെ കയ്യിലുള്ള അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് വെട്ടിച്ചുരുക്കാൻ എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്നത് ആലോചിക്കേണ്ട കാര്യമാണ്. ഇത്രയും വലിയ സാമ്പത്തിക ചെലവിനെ നേരിട്ടുകൊണ്ട് ഈ സാമ്പത്തിക പരിമിതിക്കകത്തുനിന്ന് ഒന്നുംചെയ്യാൻ സാധിക്കുകയില്ലെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. ഇവിടെ ഇത്രയും കാര്യങ്ങൾ നടപ്പിലാക്കാൻ സാധിക്കുന്നത് എന്തുകൊണ്ടാണെന്ന് ആലോചിക്കണം. വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും ലോകത്തിനു തന്നെ മാതൃകയായിട്ടുള്ള പല പദ്ധതികളും ഇവിടെ നടപ്പിലാക്കിയിട്ടുണ്ട്. പക്ഷേ, നമ്മുടെ സർവ്വകലാശാലകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും അതിനനുസരിച്ച് ക്വാളിറ്റിയുള്ളതാണോ; നമ്മുടെ ആശുപത്രികൾക്കും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും ക്വാളിറ്റിയുണ്ടോ? ക്വാളിറ്റേറ്റീവായിട്ടുള്ള ഇംപ്രൂവ്മെന്റും ഇന്നത്തെ കാലത്ത് സാമ്പത്തിക രംഗത്ത് വളർച്ചയുണ്ടാക്കാൻ അത്യാവശ്യമുള്ള ഒരു കാര്യമാണ്. ഇന്ന് ജനങ്ങൾ വളരെ മുന്നിലും നേതൃത്വവും ഭരണ സംവിധാനവും വളരെ പുറകിലുമായിട്ടുള്ള കാലമാണ് എന്നും പറയേണ്ടിയിരിക്കുന്നു. ഏത് സർവ്വകലാശാലയുടെ കാര്യമെടുത്താലും, Dostoyevsky-യോ Tolstoy-യോ, Sholokhav-യോ, Chekhov-യോ, Milan Kundera-യോ, Yasunari Kawabata-യോ, Mo Yan-യോ പോലുള്ള പ്രശസ്തരായിട്ടുള്ള സാഹിത്യകാരനോ സാംസ്കാരിക നായകനോ സംഗീതജ്ഞനോ നൃത്തക്കാരനോ ഒരു സർവ്വകലാശാലയിൽനിന്നും ജനിക്കുന്നില്ല. രവീന്ദ്രനാഥ ടാഗോർ മഹാകവി ആയത് സർവ്വകലാശാലയിൽപോയി ഡിഗ്രി എടുക്കാത്തതുകൊണ്ടാണ്. അല്ലെങ്കിൽ ഒരു കവി നഷ്ടപ്പെടുമായിരുന്നു. സർവ്വകലാശാലകളെല്ലാം വെറും ഔപചാരികത മാത്രമുള്ള, ഡിഗ്രി നൽകുന്ന സ്ഥാപനങ്ങൾ മാത്രമായി മാറിയിരിക്കുകയാണ്. ഒന്നുകിൽ മരുന്ന് കാണുകയില്ല, മരുന്നുണ്ടെങ്കിൽ വേണ്ട ഉപകരണങ്ങൾ കാണുകയില്ല. ഇതു രണ്ടുമുള്ളിടത്ത് ഡോക്ടറില്ലാത്ത അവസ്ഥയാണ്. മരുന്നും ഉപകരണങ്ങളും ഡോക്ടറുമുള്ളിടത്ത് ബെഡ്ഡില്ലാത്ത അവസ്ഥയാണ്. പൂർണ്ണതയുള്ള ഒരു ആശുപത്രിയോ വിദ്യാഭ്യാസ സ്ഥാപനമോ ഇവിടെയില്ല. എത്രയോ വർഷങ്ങളായി തിരുവനന്തപുരം അട്ടക്കുളങ്ങരയിൽ പ്രവർത്തിക്കുന്ന ഒരു സ്കൂളാണ് സെൻട്രൽ സ്കൂൾ. മനോഹരമായ സ്കൂളാണ്. എത്ര ഏക്കർ സ്ഥലമാണ് അവിടെയുള്ളത്; ആ സ്കൂളിന്റെ മുറ്റത്തുള്ള 48 മരങ്ങളും വെട്ടിക്കളഞ്ഞ് അവിടെ പുതിയതായി ട്രിഡ ഒരു ഷോപ്പിംഗ് കോംപ്ലക്സും ബസ്സ്റ്റാന്റ്

ഉണ്ടാക്കാൻ ശ്രമിക്കുകയാണ്. ഇതെന്ത് കൺസെപ്റ്റാണ്? ഇത് അപമാനകരമായ കാര്യമണ്. ഏറ്റവും നല്ല ഒരു മാതൃകാ വിദ്യാഭ്യാസ സ്ഥാപനമാക്കി മാറ്റാൻ സാധിക്കുന്ന പടർന്നുപന്തലിച്ചുനിൽക്കുന്ന മനോഹരമായ പത്തു-നാൽപത്തെട്ട് വൃക്ഷങ്ങളുള്ള ആ സ്ഥാപനത്തിലെ മരങ്ങളെ വെട്ടിക്കളഞ്ഞിട്ട്; ആ മരങ്ങൾ ഈ നഗരത്തിന്റെ പ്രാണവായു ആണ്; അവിടെ ബസ് സ്റ്റാന്റുണ്ടാക്കാൻ ശ്രമിക്കുന്ന സാമ്പത്തിക സങ്കല്പം എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലാകുന്നില്ല. വാസ്തവത്തിൽ അതൊരിക്കലും അനുവദിക്കാൻ പാടില്ലാത്തതാണ്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ ഏതെങ്കിലും ഒരു സ്ഥാപനമോ ഒരു കോളേജോ തുടങ്ങുന്നതാണ് നല്ലത്. ഇതൊക്കെയാണ് നമ്മുടെ കൺസെപ്റ്റ്. ഞാനൊരു ഉദാഹരണം പറഞ്ഞു എന്നുമാത്രമേയുള്ളൂ. ഈ കൺസെപ്റ്റ് ശരിയായിട്ടുള്ളതല്ല, അത് മാറ്റിയെടുക്കേണ്ടതാണ്.

കൃഷി വകുപ്പിൽ എത്രയോ ഉദ്യോഗസ്ഥരുണ്ട്. ഞാൻ കുറ്റം പറയുന്നതല്ല. ലോകപ്രശസ്തമായ വിത്തിനങ്ങളുൽപ്പാദിപ്പിക്കുന്ന പട്ടാമ്പി നെല്ല് ഗവേഷണ കേന്ദ്രങ്ങൾപോലുള്ള സ്ഥാപനങ്ങൾ കൃഷി വകുപ്പിന്റെകീഴിലുണ്ട്. കൃഷി വകുപ്പിൽ ഇത്രയധികം ആളുകളുള്ളതുകൊണ്ട് അവിടെ കൃഷി ഉണ്ടോ; ഇവിടെ കൃഷിയില്ല, കൃഷിക്ക് ഭൂമിയില്ല, പുഴയില്ല, കായലുകളില്ല, ജല സ്രോതസ്സുകളില്ല, എല്ലാം വറ്റിവരണ്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ കൃഷി ഡെവലപ് ചെയ്യാൻ എത്ര വലിയ സംവിധാനമാണുള്ളത്; വാസ്തവത്തിൽ വേണ്ടത് കൃഷി വകുപ്പിലുള്ള എല്ലാ ഉദ്യോഗസ്ഥരേയും പത്തിരുപത് പേർ വീതമുള്ള ഓരോ സ്ക്വാഡുകളാക്കി തിരിച്ച് അവർക്കെല്ലാം 50 ഏക്കർവീതം സ്ഥലം കൊടുത്ത് ശാസ്ത്രീയമായി കൃഷിചെയ്ത് നെല്ല് കൊണ്ടുവരാൻ പറയണം. അവരെല്ലാം വിചാരിച്ചാൽ കുറച്ച് കൃഷി നടക്കും. അങ്ങനെയുള്ള ഒരു വലിയ സംവിധാനം കാർഷിക മേഖലയുൾപ്പെടെ എല്ലാ മേഖലകളിലും നമുക്കുണ്ടെങ്കിലും നമുക്ക് ഒരു കാര്യവും ചെയ്യാൻ സാധിക്കാത്ത സാഹചര്യമുണ്ട്. ഈ ഗവൺമെന്റ് 'മിഷൻ 676' കൊണ്ടുവന്നു. ഫ്ളാഗ്ഷിപ് പ്രോഗ്രാം എന്നു പറഞ്ഞിട്ടാണ് മാണി സാർ അത് കൊണ്ടുവന്നത്. ഒഫിഷ്യൽ ലാംഗ്വേജിൽ പറയുമ്പോൾ പതാക നൗക എന്നുപറഞ്ഞാൽ തെറ്റാണ്. പതാകയുടെമേൽ ഒരു കപ്പൽ നിൽക്കില്ല. കപ്പലിന്റെ മുകളിലാണ് പതാക വയ്ക്കുന്നത്. നൗക പതാക എന്നാണ് പറയേണ്ടത്. പതാക നൗക പ്രോഗ്രാം എന്നാണ് നമ്മൾ എല്ലായിടത്തും പറയുന്നത്. കപ്പലിന്റെ മുകളിലുള്ള കൊടി നോക്കിയാൽ ഏത് രാജ്യത്തിന്റേതാണ്, എന്താണുദ്ദേശ്യം, എവിടെനിന്നാണ് വരുന്നത് എന്നൊക്കെ ഒറ്റനോട്ടത്തിൽ മനസ്സിലാകും. അതുകൊണ്ട് ഫ്ളാഗ്ഷിപ് പ്രോഗ്രാം പോലെയുള്ള പരിപാടികൾ ഇവിടെ നടപ്പിലാക്കുന്നതും 'മിഷൻ 676' കൊണ്ടുവരുന്നതുമൊക്കെ വളരെ നല്ല ഉദ്ദേശത്തോടുകൂടിയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഫ്ളാഗ്ഷിപ് എന്ന് ഇംഗ്ലീഷിൽ പറയുമ്പോൾ ആദ്യം ഫ്ളാഗ് എന്ന വാക്കാണ് വരുന്നത്. അതിനെന്തുചെയ്യും?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, മലയാളത്തിൽ വരുമ്പോൾ ഫ്ളാഗ് രണ്ടാമതാകും. അവിടെയാണ് പ്രശ്നം. അതിന്റെ അർത്ഥത്തിലല്ല തർക്കം.



LIBRARY ARCHIVES Kerala Legislative Assembly

Page 19 of 59

വേണമെങ്കിൽ അതിനെ ഫ്ളാഗ്ഷിപ്പ് എന്നോ ഷിപ്പ്ഫ്ളാഗ് എന്നോ എന്ത് പേരിട്ടാലും കുഴപ്പമില്ല. വികസനത്തിന്റെ കാര്യത്തിൽ ഗവൺമെന്റിന്റെ നിശ്ചയദാർഢ്യം വ്യക്തമാക്കുന്ന ഒരു പതാകയാണ് മാണിസാർ ഉയർത്തുന്നത്. അത് വളരെ നല്ലകാര്യം തന്നെയാണ്. ഇപ്പോൾ ലോകരാജ്യങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കുറിച്ചും പുതിയ സമ്പദ് വ്യവസ്ഥയെക്കുറിച്ചുമെല്ലാം നമുക്കറിയാം. 1994-നു ശേഷം ഉണ്ടായിട്ടുള്ള കാര്യങ്ങൾ 23000 പേജുള്ള ഗാട്ട് കരാർ, അതിലെ ട്രിപ്സ് എന്നും ട്രിംസ് എന്നും പറയുന്ന എഗ്രിമെന്റ്, ഇതെല്ലാം വച്ചുനോക്കിയാൽ ലോകമാകെ ഒരേ സാമ്പത്തികനയമാണ്. ഇപ്പോൾ ബി.ജെ.പി.-യുടെ ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള പുതിയ ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നു. അവർ റെയിൽവേ ബഡ്ജറ്റും അവതരിപ്പിച്ചു. 65,000ത്തിൽ ശിഷ്ടം കോടിരൂപയുടെ ഏറ്റവും വലിയ ലേ-ഔട്ടാണ് ഇപ്പോൾ റെയിൽവേയ്ക്ക് കൊടുത്തിരിക്കുന്നത്. കേരളത്തിനൊന്നും കിട്ടിയില്ലെങ്കിലും നമുക്ക് തരാനുള്ള സാധ്യതയില്ലെന്നുള്ള കാര്യം നമുക്കറിയാവുന്നതാണ്. അങ്ങനെയുള്ള ഒരു കാലഘട്ടത്തിൽ എല്ലാ രാഷ്ട്രങ്ങളുടെയും സമ്പദ്‌വ്യവസ്ഥ ഒരുപോലെ ആയിത്തീരുമ്പോഴാണ് ഇതിന്റെ പ്രാധാന്യം മനസ്സിലാക്കേണ്ടത്. എവിടെയാണിത് നടപ്പിലാക്കേണ്ടത്; എന്താണ് മാണിസാർ ഏറ്റെടുത്തിട്ടുള്ള ബാദ്ധ്യത എന്ന് നാം അപ്പോളാണ് മനസ്സിലാക്കുന്നത്. കേരളത്തിൽനിന്നും ധാരാളം ആളുകളെ വിദേശത്തേയ്ക്ക് അയയ്ക്കുന്നു. എന്നിട്ട് ഇവിടെയുള്ള പണി അന്യസംസ്ഥാനക്കാർക്ക് കൊടുക്കുന്നു. ട്രേഡ് യൂണിയനുകളൊക്കെ അവരുടെ എക്സ്പ്ലോയിറ്റേഷനെ ഡിഫന്റ് ചെയ്യാനുള്ള ടെക്നോളജി വിസ്മരിച്ചുപോകുന്നു. മുതലാളിത്തവും ഇംപീരിയലിസവും അവരുടെ Technology of exploitation has been modified. ചൂഷണത്തിനുള്ള വ്യവസ്ഥ പരിഷ്ക്കരിച്ചു. പക്ഷേ അതിനെ നേരിടാനുള്ള തൊഴിലാളി വർഗ്ഗത്തിന്റെ കപ്പാസിറ്റി ഇല്ലാതായി, അവരുടെ വ്യവസ്ഥകളൊന്നും പരിഷ്ക്കരിക്കപ്പെട്ടില്ല. അങ്ങനെയുള്ള കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. അത് നിസ്സാരമായ സംഗതിയല്ല. ഞാൻ അവസാനിപ്പിക്കാം, ചെയറിന്റെ അഭ്യർത്ഥന എനിക്ക് ഓർമ്മയുണ്ട്. നമ്മുടെ സംസ്ഥാനത്തുനിന്നും ധാരാളം ആളുകൾ ഗൾഫ് രാജ്യങ്ങളിലും യൂറോപ്യൻ രാജ്യങ്ങളിലും ജോലിക്ക് പോകുന്നുണ്ട്. എന്നാൽ ഏതെങ്കിലും ആളുകൾ കൊറിയ, വിയറ്റ്നാം, ക്യൂബ, ചൈന എന്നീ രാജ്യങ്ങളിലേക്ക് ജോലിക്കായി പോകുന്നുണ്ടോ; നമുക്കെന്തെങ്കിലും കാര്യത്തിന് പിരിവ് ആവശ്യമായി വന്നാൽ അതെടുക്കുന്നതിന് നമ്മൾ ഗൾഫ് രാജ്യത്തിലേക്ക് പോകും. അതെന്തുകൊണ്ടാണ് മറ്റുള്ള രാജ്യങ്ങളിൽ സാധിക്കാത്തത്; സാമ്പത്തികമായ വളർച്ചയുണ്ടാക്കാൻ സാധിക്കാത്തതുകൊണ്ടാണ്. അപ്പോൾ പുതിയ കാലഘട്ടത്തിനനുസരിച്ച് സാമ്പത്തിക വളർച്ച ഉണ്ടാക്കുന്നതിന് വേണ്ടിയുള്ള പരിശ്രമത്തിന്റെ തുടക്കമെന്ന നിലയിൽ ഈ ഫിനാൻസ് ബില്ലിനേയും മാണിസാറിന്റെ വീക്ഷണത്തേയും സ്വാഗതം ചെയ്യുകയും പിന്തുണക്കുകയും ചെയ്യുന്നു.

മി. സ്പീക്കർ: കൃത്യസമയത്ത് പ്രസംഗം നിർത്തിയതിന് ചെയറും നന്ദി പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഞാൻ ഈ ബില്ലുകളെ എതിർക്കുന്നു. അതിന് രണ്ടുമൂന്ന് കാരണങ്ങളുണ്ട്. ഇത്തവണ ബഡ്ജറ്റിലൂടെ അധികവിഭവ സമാഹരണത്തിനായി കണ്ടെത്തിയ മാർഗ്ഗങ്ങൾ തികച്ചും ജനവിരുദ്ധവും ജനാധിപത്യവിരുദ്ധവുമാണ്. അതിനുള്ള ഒരുദാഹരണമാണ് വാഹന നികുതിയും

[11.54.AM] ടെക്സ്റ്റൈൽ മേഖലയിലെ നികുതിയും. വാഹന നികുതിയെക്കുറിച്ച് പലരും ചൂണ്ടിക്കാണിച്ചതുകൊണ്ട് ഞാൻ പറയുന്നില്ല. മൊത്ത-കൈത്തറി തുണിത്തരങ്ങളെ നികുതിയിൽനിന്നും ഒഴിവാക്കണമെന്ന ആവശ്യം മാത്രമാണ് ഞാൻ ഉന്നയിക്കുന്നത്. ആ മേഖലയിൽ കൈവയ്ക്കാൻ എങ്ങനെ മനസ്സുവന്നു? നികുതി നിർദ്ദേശങ്ങളിൽ പലതും യുക്തിസഹമല്ലാത്ത ജനദ്രോഹപരമായ നിർദ്ദേശങ്ങളായതുകൊണ്ടാണ് ഞാനിതിനെ എതിർക്കുന്നത്. ഒരു മേഖലയിലും ഇപ്പോൾ കാര്യക്ഷമത കാണാനില്ല. അതിനും ഒരുദാഹരണം മാത്രം ഞാൻ ചൂണ്ടിക്കാണിക്കാം. കുട്ടനാടിന്റെ സമഗ്രവികസനം ലാക്കാക്കി കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച 1840 കോടിരൂപയുടെ പാക്കേജായിരുന്നു കുട്ടനാട് പാക്കേജ്. അതിൽ 17 പദ്ധതികളെ വിലയിരുത്തിയപ്പോൾ 253 കോടിരൂപയുടെ നഷ്ടമോ അധിക ബാദ്ധ്യതയോ ഉണ്ടായി എന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഇത് ചൂണ്ടിക്കാണിക്കുന്നത് ഈ മേഖലയിലുള്ള കാര്യക്ഷമതയില്ലായ്മയാണ്. മറ്റൊന്ന്, നമുക്ക് വരുമാനമുണ്ടാക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗങ്ങളിൽ നമ്മൾ ഇടപെടുന്നില്ല. നികുതി പിരിവിന്റെ കാര്യത്തിൽമാത്രം ശ്രദ്ധിച്ചാൽ നമുക്ക് 30 മുതൽ 40 ശതമാനം വരെ നികുതി വെട്ടിപ്പ് തടയാൻ സാധിക്കും.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മോൻസ് ജോസഫ്)

ഇത് തടയുന്നതിനുള്ള ഫലപ്രദമായ നടപടികളൊന്നും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. അവിടെത്തന്നെ രാഷ്ട്രീയ ഇടപെടലുകൾ ഉണ്ടാകുന്നുണ്ട് എന്നാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. അതിനുള്ള ഉദാഹരണമാണ് ഡോ. ടി. എം. തോമസ് ഐസക് ഇവിടെ ഉന്നയിച്ച ആരോപണത്തിൽ അടങ്ങിയിട്ടുള്ളത്. ഇടയ്ക്കിടെ സ്ഥലം മാറ്റി മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ മനോവീര്യം കെടുത്തുന്നതുമൂലം ഈ മേഖലയിലുള്ള പ്രവർത്തനങ്ങൾ ഒരുതരത്തിലും ആശാവഹമായ രീതിയിലല്ല നടക്കുന്നത്. അതുപോലെ ശ്രീ. കെ. എൻ. എ. ഖാദർ സംസാരിച്ചപ്പോൾ പറഞ്ഞു, അഞ്ച് വർഷംപോലും കാത്തിരിക്കാൻ കഴിയാത്ത വിധത്തിലുള്ള സാമ്പത്തിക മാറ്റമാണ് നമ്മുടെ രാജ്യത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന്. ആ സാമ്പത്തിക മാറ്റത്തെ അഡ്രസ്സ് ചെയ്യാൻ പറ്റിയ വിധത്തിലുള്ള ഒരു ധനകാര്യ സംവിധാനം നമ്മുടെ രാജ്യത്തുണ്ടോ; നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ടോ; ഈ രംഗത്ത് പ്രവർത്തിക്കുന്ന ആരേയും ചെറുതാക്കി കാണാനല്ല ഞാൻ ശ്രമിക്കുന്നത്. പല തസ്തികകളിൽ പ്രവർത്തിച്ച് അനുഭവജ്ഞാനമുള്ള പലരെയുമാണ് കാലാകാലങ്ങളിൽ ധനകാര്യ വകുപ്പിന്റെ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ കൊണ്ടുവന്നിരുത്തുന്നത്. അവരാരും മോശക്കാരായതുകൊണ്ടല്ല. നമ്മുടെ ഭരണത്തിന്റെ സമസ്ത മേഖലകളിലും പ്രൊഫഷണലിസം അനിവാര്യമായിത്തീർന്നിരിക്കുന്ന ഈ കാലഘട്ടത്തിൽ ഏറ്റവുംകൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ട മേഖലയാണ് ധനകാര്യ മാനേജുമെന്റ്. അവിടെ പ്രൊഫഷണലിസം. കാര്യക്ഷമമായി നടപ്പിലാക്കാനാവശ്യമായ ഒരു പുതിയ സംവിധാനത്തെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ആലോചിക്കണം. അങ്ങനെവരുമ്പോഴാണ് ധനകാര്യ മാനേജുമെന്റ് ശാസ്ത്രീയമാവുകയും കാലത്തിനൊപ്പം നീങ്ങാൻകഴിയുന്ന ഒരു വകുപ്പായി അതിനെ മാറ്റാനും കഴിയുന്നത്. അതിനാവശ്യമായ ഒരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. വാഹനങ്ങളുടെമേൽ ഏർപ്പെടുത്തിയിട്ടുള്ള നികുതിഘടന അശാസ്ത്രീയമാണെന്ന് ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ളവരെക്കൊണ്ട് പറയിപ്പിച്ചതെന്തിനാണ്; അത്രയും മോശമായ ഒരു നിർദ്ദേശം അങ്ങേയ്ക്ക് ആരാണ് നൽകിയത്? അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഈ രംഗത്ത്, ഓഫീസുകളിൽ മാത്രമിരുന്നുള്ള അക്കങ്ങളുടെ കണക്കുകൂട്ടലല്ല ധനകാര്യ മാനേജുമെന്റ്. നമ്മൾ ഇടപെടുന്ന മേഖലകളിൽ അതെങ്ങനെ ജനങ്ങളെ ബാധിക്കുമെന്നാലോചിക്കാനും അങ്ങനെ ബാധിക്കുന്നുണ്ടെങ്കിൽ ആ രംഗത്തു നിന്നും മാറാനുമുള്ള വിവേചനപരമായ ഇടപെടൽ നടത്താൻ പര്യാപ്തമായ ഒരു നേതൃത്വം ഇവിടെ ഉണ്ടായിട്ടില്ലെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ടെക്സ്റ്റൈൽ മേഖലയിലും അതുപോലെതന്നെയാണ്. ഒരു കോടിരൂപയുടെ വിറ്റുവരവുള്ളവരെയാണ് ഇത് ബാധിക്കാൻ പോകുന്നത്. ഒരു കോടി രൂപയുടെ വിറ്റുവരവെന്നുപറയുന്നത് ഇന്നത്തെക്കാലത്ത് നാമമാത്രമായ കച്ചവടമാണ്. അത്തരം കച്ചവടം ചെയ്യുന്നത് സാധാരണക്കാരായ ചെറുകിട കച്ചവടക്കാരാണ്. അത്തരം ചെറുകിട കച്ചവടക്കാരുടെ കടകളിൽ പോകുന്നവരും സാധാരണക്കാരാണ്. സാമ്പത്തികമായി കഴിവുള്ളവരൊക്കെ വലിയ കടകളിലാണ് പോകുന്നത്. അങ്ങനെ സാധാരണക്കാരിൽ സാധാരണക്കാരായ ആളുകൾ ആശ്രയിക്കുന്ന ടെക്സ്റ്റൈൽ മേഖലയിൽ എന്തിനാണ് അങ്ങയുടെ ഭാഗത്തുനിന്നും ഇത്തര ത്തിലൊരു കടന്നാക്രമണമുണ്ടായതെന്ന് അറിയാൻ കഴിയുന്നില്ല. വിഭവസമാ ഹരണത്തിന് ചെയ്യാൻ കഴിയുന്ന മറ്റൊരു കാര്യം നികുതി പിരിച്ചെടുക്കൽ തന്നെയാണ്. നമ്മുടെ ചെക്ക്പോസ്റ്റുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്ത് വാളയാർ മോഡൽ ചെക്ക്പോസ്റ്റിലേർപ്പെടുത്തിയ പരിഷ്കാരങ്ങളെക്കുറിച്ച് ഭരണപക്ഷവും പ്രതി പക്ഷവും ഒരുപോലെ പ്രശംസിച്ച നടപടിക്രമമായിരുന്നു. അവിടെയിപ്പോൾ എന്താണ് നടക്കുന്നത്? അവിടെ കാര്യങ്ങൾ തികച്ചും പഴയപടിയാകുകയും ചെക്ക്പോസ്റ്റുകൾവഴിയുള്ള നികുതി വെട്ടിപ്പ് 15 ശതമാനത്തിനും 20 ശതമാനത്തിനും ഇടയിലായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട് എന്നതാണ് അനൗദ്യോഗിക കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത്. ഈ ചെക്ക്പോസ്റ്റുകളെ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കാൻ, അവിടെനിന്നും എൻട്രി പോയിന്റിലു ണ്ടാകുന്ന നികുതി വെട്ടിപ്പ് തടയാൻ സർക്കാരിന് കഴിയുമെങ്കിൽ നികുതിഭാരം അടിച്ചേൽപ്പിക്കാതെതന്നെ വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് കേരളത്തിലെ ജനങ്ങളെ സംരക്ഷിക്കാൻ കഴിയും. ആ വഴിക്ക് ചിന്തിക്കുന്നതിനുപകരം ജനങ്ങളെ ദ്രോഹിക്കുന്ന പുത്തൻ നികുതി നിർദ്ദേശങ്ങൾ അടിച്ചേൽപ്പിക്കുന്ന നടപടിയാണ് ഇതിനുടെ ഉണ്ടായിട്ടുള്ളത്. അതിന് സാധൂകരണം ലഭിക്കുന്നതിനാണ് ഈ ധനകാര്യ ബില്ലുകൾ കൊണ്ടുവന്നിട്ടുള്ളത്. അങ്ങനെയുള്ള ബില്ലിനെ അംഗീകരിക്കാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. നികുതി പിരിവെന്നുപറയുമ്പോൾ, മന്ത്രിയും ഉദ്യോഗസ്ഥരും എന്തോ പിടിച്ചെടുക്കുന്ന ഫീലിംഗാണ് സാധാരണ ജനങ്ങളെ സംബന്ധിച്ച് ഉണ്ടാകുന്നത്. നികുതി പിരിവിന് മാനുഷികമുഖം നൽകണം. ആ കാഴ്ചപ്പാട് മാറാതെ രക്ഷപ്പെടില്ല. നികുതി പിരിക്കുന്നുവെന്ന് പറഞ്ഞാൽ,
[12.00 PM] നികുതി പിരിക്കുന്നതിനകത്ത്, അവന്റെ അദ്ധ്വാനത്തിന്റെ ഒരംശം ജനങ്ങൾക്കുവേണ്ടി കൊടുക്കുന്നുവെന്ന തോന്നൽ അവരുടെ മനസ്സിലുണ്ടാക്കുന്നരീതിയിൽ, പിടിച്ചുപറിക്കുന്ന രീതിയിലല്ലാത്ത വിധത്തിൽ ആകണം. അല്ലാതെ പിടിച്ചെടുക്കലാകരുത്. നികുതി പിരിവിനെ സംബന്ധിച്ച് ഏറ്റവും പ്രാധാന്യം കൊടുത്ത് പറയാനുള്ള കാര്യം അതാണ്. ഞാനൊരു ഉദാഹരണം ചൂണ്ടിക്കാണിക്കാം. ഡോ. ടി. എം. തോമസ് ഐസക് ഇവിടെ സൂചിപ്പിച്ച ഒരു കാര്യമുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കൊന്നും കടക്കുന്നില്ല. നികുതി പിരിവ് ഇത്തവണ 30 ശതമാനം വർദ്ധിക്കേണ്ടതായിരുന്നു; എന്നാൽ 10 ശതമാനം മാത്രമേ വർദ്ധിച്ചിട്ടുള്ളൂ എന്ന് അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. ഞാൻ അദ്ദേഹത്തോട് പേഴ്സണലായി സംസാരിച്ചതുകൊണ്ടാണ് ഇതിവിടെ പറയുന്നത്. അദ്ദേഹത്തിന്റെ കാഴ്ചപ്പാട് എന്താണ്? നാലും മൂന്ന് ഏഴാണ്, ഏഴും മൂന്നും പത്താണ്, പത്തും പത്തും ഇരുപതാണ്. പക്ഷേ മനുഷ്യജീവിതത്തിൽ അങ്ങനെയാകില്ല, കണക്കിൽ മാത്രമേ അങ്ങനെയാകുകയുള്ളൂ. അത് മനസ്സിലാക്കാനുള്ള ഉത്തരവാദിത്വം വേണം; അതായത് പ്രാക്ടിക്കലാകണം, തിയറി കൊണ്ടുമാത്രം കാര്യമുണ്ടോ? അദ്ദേഹം പറഞ്ഞ 10 ശതമാനം വർദ്ധനവും 30 ശതമാനവുമായി കമ്പയർ ചെയ്യുമ്പോഴുള്ള പ്രശ്നമെന്താണ്? ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി അവതരിപ്പിച്ച കഴിഞ്ഞ പ്രാവശ്യത്തെ ബഡ്ജറ്റിൽ, ഈ വർഷം 20 ശതമാനം നികുതി വർദ്ധനവുണ്ടാകും എന്നുപറഞ്ഞത് 20 ശതമാനത്തിൽനിന്ന് 10 ശതമാനം കഴിഞ്ഞവർഷം കുറഞ്ഞുപോയി. അതുകൊണ്ട് ഇത്തവണ 10 ശതമാനം വർദ്ധനവ് വന്നാൽ പോരാ, 30 ശതമാനമാകണമെന്നാണ് പറയുന്നത്. അത് എവിടെ നിന്നുണ്ടാക്കും? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ വിനയത്തോടെ പറയുകയാണ്, കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം, സംസ്ഥാനത്തിന്റെ നികുതി വരുമാനംകൊണ്ട് ഈ സംസ്ഥാനത്തെ വികസിപ്പിച്ചെടുക്കാമെന്ന് വ്യാമോഹിച്ചിട്ട് കാര്യമില്ല. ഇത് സൂപ്പർ സാച്ച്വറേഷനിൽ നിൽക്കുന്നുവെന്ന അഭിപ്രായക്കാരനാണ് ഞാൻ; എവിടെനിന്നാണ് നികുതി പിരിക്കുന്നത്? മനുഷ്യനെ കൊള്ളയടിക്കാൻ പറ്റുമോ; അങ്ങനെ നികുതി പിരിക്കുന്നത് ആർക്കുവേണ്ടിയാണ്? അക്കാര്യം ചർച്ച ചെയ്യാതിരിക്കാൻ പറ്റുമോ? അക്കാര്യത്തിലേക്ക് വരുന്നതിനുമുമ്പ് ചെറിയൊരു കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. മാണിസാർ എം.എൽ.എ. ഫണ്ട് ഒരു കോടിരൂപ കൊടുക്കുമ്പോൾ, ഒരു ലക്ഷം രൂപയ്ക്ക് എൺപത് മീറ്റർ റോഡ് കോൺക്രീറ്റ് ചെയ്യാമായിരുന്നു, ആ സ്ഥാനത്ത് ഇന്ന് എത്രയാണ്? ഇന്ന് ഒരു ലക്ഷംരൂപയ്ക്ക് 30 മീറ്റർ റോഡ് മാത്രമേ തീരുകയുള്ളൂ. അപ്പോൾ മൂന്ന് ലക്ഷംരൂപ മുടക്കിയാലാണ് പഴയ ഒരു ലക്ഷംരൂപ ആകുന്നത്. അങ്ങനെയെങ്കിൽ ഒരു കോടിരൂപ കൊടുത്ത സ്ഥാനത്ത് മൂന്നു കോടിരൂപ കൊടുത്താൽ മാത്രമേ കാര്യങ്ങൾ നടക്കുകയുള്ളൂ

LIBRARY ARCHIVES Kerala Legislative Assembly

എന്ന നിലയിലെത്തിയിരിക്കുകയാണ്. ഇത് വലിയ അപകടകരമായ സ്റ്റേജാണ്. ഇത് നമ്മുടെ കുഴപ്പമാണോ? എം.എൽ.എ.-മാർ എന്തെങ്കിലും അപരാധം ചെയ്തോ? സി.പി.ഡബ്ല്യു.ഡി. (സെൻട്രൽ പബ്ലിക് വർക്ക്സ് ഡിപ്പാർട്ടുമെന്റ്)-യുടെ ഷെഡ്യൂൾ വർദ്ധനവാണ്. അതുപോലെ വളരെ പ്രധാനപ്പെട്ട കാര്യമാണ് അസറ്റ് ഡെവലപ്മെന്റ് ഫണ്ട്. ഈ ഫണ്ട് 25 ലക്ഷം രൂപവച്ച് കൊടുക്കണമെന്നാണ് തീരുമാനം. അത് വലിയൊരു അപകടമാണ്. 25 ലക്ഷം രൂപ എന്നത് 10 ലക്ഷം രൂപയായി ചുരുക്കണം എന്ന് മാണിസാറിനോട് വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്. അതുപോലെ അക്കാര്യത്തിലുള്ള മറ്റൊരുകുഴപ്പമെന്നുപറയുന്നത്, എൽ.എസ്.ജി.ഡി.-യുടെ എഞ്ചിനീയറിംഗ് വിഭാഗം ഇതിന്റെ എസ്റ്റിമേറ്റ് എടുക്കണം എന്നുപറഞ്ഞാൽ ഈ വർക്ക് നടക്കുകയില്ല. എം.എൽ.എ.-മാർ ആഗ്രഹിക്കുന്നതുപോലെ പി.ഡബ്ല്യു.ഡി.-യെക്കൊണ്ട് ഈ വർക്ക് ചെയ്യിക്കാനുള്ള ശക്തമായ തീരുമാനമെടുക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ജി. സുധാകരൻ: സർ, ഇതൊരു വലിയ പ്രശ്നമാണ്. പി.ഡബ്ല്യു.ഡി.-യിലെ എഞ്ചിനീയർമാർ കരാറുകാർക്കും മറ്റും വേണ്ടി സംസ്ഥാന ഫണ്ട് ചോർത്തിയെടുക്കുന്നതിന് അനാവശ്യമായ എസ്റ്റിമേറ്റ് ഉണ്ടാക്കുകയാണെന്നുള്ളതിന് വ്യക്തമായ തെളിവുണ്ട്. ഒരു ക്ലാസ് റൂം 9 ലക്ഷം രൂപയ്ക്ക് പണിയാമെന്നിരിക്കെ 15-ഉം 16-ഉം ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കുന്നത്. ഇങ്ങനെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന രീതി അവസാനിപ്പിക്കണം. അത് തെറ്റായരീതിയാണ്, അത് അഴിമതിക്കുള്ള എസ്റ്റിമേറ്റാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഇപ്പോഴത്തെ സ്ഥിതിയിൽ ഇതിന്റെ കാര്യങ്ങളെല്ലാം തിരുവനന്തപുരത്ത് വരികയും ഇവിടെനിന്നും സാങ്ഷൻ കിട്ടുകയും ചെയ്യുന്നതിനുപകരം ഈ പ്രൊപ്പോസൽ അതത് ജില്ലകളിലെ കളക്ടറേറ്റിലോ, അല്ലെങ്കിൽ പി.ഡബ്ല്യു.ഡി. ഓഫീസിലോ എഴുതിക്കൊടുക്കാനും അവിടെനിന്ന് എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കാനുമുള്ള സംവിധാനം സ്വീകരിക്കണ്ടേ?

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞകാര്യം പ്രായോഗികമാക്കാൻ കുറേയേറെ ബുദ്ധിമുട്ടുകളുണ്ട്. എനിക്ക് അക്കാര്യത്തോട് എതിർപ്പില്ല, പക്ഷെ അനുകൂലിക്കുകയാണ്. ശ്രീ. ജി. സുധാകരൻ പറഞ്ഞകാര്യം 100 ശതമാനവും സത്യമാണ്. അടുത്ത കാലത്ത് എന്റെ പഞ്ചായത്തിൽ ഒരു ചെറിയ പാലമുണ്ടാക്കാനും മറ്റു കാര്യങ്ങൾക്കുംകൂടി മൂന്നു ലക്ഷം രൂപയുടെ വർക്കിന് എസ്റ്റിമേറ്റ് എടുക്കാൻ പറഞ്ഞു. വർക്കിന് എ.എസ്.-ഉം കിട്ടി. പിന്നീട് നോക്കിയപ്പോൾ അതിൽ ഒരു പാലത്തിന്റെ പണി മാത്രമാണ് വന്നിട്ടുള്ളത്. അവിടെ കൂട്ടവഴക്കൊക്കെ നടന്നു. സംഭവം കഴിഞ്ഞയാഴ്ചയായിരുന്നു. ഞാൻ സംഭവ സ്ഥലത്തുപോയി അന്വേഷിച്ചപ്പോൾ ആ വർക്കിന്റെ പണി ചെയ്യുന്നത് ആരെന്നുള്ള തർക്കമായിരുന്നു. ഞാൻ ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തികാര്യം ചോദിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചത്, പാലം കഴിഞ്ഞ് 60-70 മീറ്റർ കോൺക്രീറ്റ് ചെയ്യാനുള്ള പണമുണ്ട്, എന്നാൽ എസ്റ്റിമേറ്റിൽ അത് മതി,. ആ കൺവീനർക്ക് 30,000 രൂപ കൊടുക്കാമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

കോൺട്രാക്ടർ പറഞ്ഞിരിക്കുകയാണ്. ഈ രീതിയിൽ എങ്ങനെ കാര്യങ്ങൾ മുന്നോട്ടുപോകും? ഇതുപോലെ കേരളത്തിലെ ജനങ്ങളുടെ സ്വത്ത് കൊള്ളയടിക്കാൻ ഒരുകൂട്ടം ആളുകൾക്ക് അനുവാദം കൊടുക്കുന്ന നടപടി ശരിയാണോ? കോൺട്രാക്ടറെ മാറ്റിനിർത്തി ജനങ്ങൾ നേരിട്ട് പണിതാലോ എന്ന് തോന്നി, ആ അനുഭവം എനിക്കുണ്ട്. കൺവീനർ പണിതാൽ ആറുമാസം കഴിഞ്ഞാലും കളക്ടറേറ്റിൽനിന്ന് പണം കിട്ടില്ല. അതാണ് ഗതികേട്. ഇതിനൊക്കെ പരിഹാരമുണ്ടാകണം എന്നതാണ് എന്റെ അഭിപ്രായം.

ശ്രീ. വി. ശിവൻകുട്ടി: സർ, പതിവിൽനിന്ന് വ്യത്യസ്തമായി 140 എം.എൽ.എ.-മാരുടെ ആവശ്യങ്ങൾ വളരെ കാര്യമായി ചീഫ് വിപ്പ് എന്നുള്ള നിലയിൽ ഉന്നയിച്ചതിൽ സന്തോഷമുണ്ട്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ശ്രീ. കെ. എം. മാണി പറഞ്ഞത്, വർക്കിനുവേണ്ടി ബഡ്ജറ്റിൽ ഒരുരൂപയെങ്കിലും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ വർക്ക് നടത്തുന്നതിനുവേണ്ടിയുള്ള എല്ലാ അനുവാദവും തരുമെന്നാണ്. ഇക്കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമെന്താണ്?

ശ്രീ. പി. സി. ജോർജ് : ബഹുമാനപ്പെട്ട ശിവൻകുട്ടി, മാണിസാർ വിചാരിച്ചാൽ ഇതൊക്കെ നിസ്സാരമായി ചെയ്യാവുന്ന കാര്യമാണ്. അക്കാര്യത്തിൽ എന്ത് തർക്കമാണുള്ളത്? ഒരു രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെങ്കിൽ. എസ്റ്റിമേറ്റ് എടുത്ത്, എ.എസ്. വാങ്ങി, ഫിനാൻസിൽനിന്നും സാംഗ്ഷൻ കൊടുത്ത്, എസ്.എസ്.-ഉം കൊടുത്ത് ടെണ്ടർ ചെയ്ത് വർക്ക് നടത്താം. ഒരു രൂപാ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ നൂറുകോടി രൂപയുടെ വർക്കുപോലും ചെയ്യാം. ആ സത്യം ആർക്കാണ് അറിയാൻ പാടില്ലാത്തത്? അക്കാര്യം മാണിസാറും ബന്ധപ്പെട്ട വകുപ്പും തീരുമാനിക്കണം. തീരുമാനമെടുപ്പിക്കുന്ന ജോലി എനിക്കില്ല.

ഞാൻ വിഷയത്തിലേക്ക് കടക്കുകയാണ്. ഇക്കാര്യങ്ങളിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശക്തമായ ഇടപെടലുണ്ടാകണമെന്ന കാഴ്ചപ്പാടാണ് എനിക്കുള്ളത്. എൽ.ഡി.എഫ്.-ന്റെ കാലത്ത് കടം 75,000 കോടി രൂപയായിരുന്നു അതിപ്പോൾ 1,10,000 കോടി രൂപയായി എന്നാണ് ഡോ. ടി.എം. തോമസ് ഐസക് പറയുന്നത്. ഞാൻ പറയുന്നത്, 1,10,000 കോടി രൂപയായതുപോരാ, 2,00,000 ലക്ഷം രൂപ കടം വാങ്ങിക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടെങ്കിൽ അങ്ങനെ വാങ്ങണമെന്നാണ്. കേരളത്തിൽ വികസനം നടക്കണ്ടേ? ഈ രാജ്യത്ത് റോഡുകളും പാലങ്ങളും വേണം; ഉദ്യോഗസ്ഥർക്ക് ശമ്പളം കൊടുക്കണം; അവരുടെ ശമ്പള വർദ്ധനവിനനുസരിച്ചുള്ള തുക കൊടുക്കണം; ജീവിത നിലവാരത്തിനനുസരിച്ച് അവർക്ക് ജീവിക്കാനുള്ള അവസരമുണ്ടാക്കിക്കൊടുക്കണം. സർവ്വ മേഖലയിലും വികസനപ്രവർത്തനങ്ങൾ നടത്താൻ പണം വേണ്ടേ? ഈ പണം കേന്ദ്ര ഗവൺമെന്റിന്റെ ഔദാര്യമാണോ? എനിക്ക് മനസ്സിലാകുന്നില്ല. ഇന്ത്യാ രാജ്യം ഒരു ഫെഡറൽ സംവിധാനത്തിലല്ലേ നിലകൊള്ളുന്നത്? കേന്ദ്രം ഭരിക്കുന്ന ഗവൺമെന്റ് മുമ്പാകെ നികുതിയും അധികാരവും പണവുമെല്ലാം കെട്ടിവയ്ക്കുക, അതിനുശേഷം ഭിക്ഷയാചിക്കുന്നതുപോലെ അവിടെ പോയി കാത്തുനിൽക്കേണ്ട ഗതികേട് എന്തിനാണ്? കേന്ദ്ര ഗവൺമെന്റിൽനിന്ന് നമ്മളെന്തെങ്കിലും ഔദാര്യം

LIBRARY ARCHIVES Kerala Legislative Assembly

Page 25 of 59

പറ്റുന്നതാണോ: ഇന്ത്യാ രാജ്യത്തിന്റെ ഭാഗമല്ലേ കേരളം? ഇന്നലെ കേന്ദ്രത്തിൽ റെയിൽവേ ബഡ്ജറ്റ് അവതരിപ്പിച്ചു, അതിൽ കേരളത്തിനായി എന്തെങ്കിലും പ്രഖ്യാപിച്ചോ? ഇങ്ങനെയൊരു സ്റ്റേറ്റുണ്ടെന്ന് നരേന്ദ്ര മോദി ഗവൺമെന്റിന് എന്തുകൊണ്ട് തോന്നിയില്ല? ചർച്ച നടക്കാൻ പോകുന്നതുകൊണ്ട് ഞാനതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഇതൊന്നും സമ്മതിക്കാൻ പറ്റുന്ന കാര്യമല്ല. ഇവിടെ കോൺഗ്രസ്സ് ഭരിച്ചിരുന്ന കാലത്ത് നമ്മൾ ഉണ്ടെന്നെങ്കിലും അംഗീകരിച്ചിരുന്നു. അവർ നമ്മളുണ്ടെന്ന് അംഗീകരിച്ചു, ഒന്നും തരില്ല എന്ന് സമ്മതിച്ചിരിക്കുകയാണ്. അതാണ് പ്രശ്നം. കോൺഗ്രസ് ഭരിച്ചിരുന്ന കാലത്ത് നമ്മളെ സന്തോഷിപ്പിക്കുമായിരുന്നു, എന്നാൽ ഒന്നും അനുവദിച്ചുതരില്ല. നമ്മളുണ്ടെന്നുള്ള മര്യാദയെങ്കിലും അവർ കാണിക്കുമായിരുന്നു. അഞ്ചാറ് മന്ത്രിമാരെയൊക്കെ തന്ന് നമ്മളെ സുഖിപ്പിക്കുമായിരുന്നു. ഇപ്പോൾ സുഖിപ്പിക്കലുമില്ല, പണവുമില്ല, ഒന്നുമില്ലാത്ത ഗതികേടാണുള്ളത്. ഇത് പറ്റില്ല. നമ്മൾ ഡൽഹിയിൽ ചെന്നാൽ മദ്രാസി എന്നാണ് നമ്മളെ വിളിക്കുന്നത്. എന്തുകൊണ്ട് അവരുടെ മുഖത്ത് നോക്കി നമുക്ക് വഴക്ക് പറയാൻ കഴിയുന്നില്ല? ഇതിനൊരു മാറ്റം വേണ്ടേ; ഫെഡറൽ സംവിധാനത്തിൽ മാറ്റമുണ്ടാക്കാതിരിക്കാൻ കഴിയുമോ? ഇന്ത്യാരാജ്യത്തിന്റെ ഭാഗമാണ് ഈ കൊച്ചുകേരളമെന്ന് ഡൽഹിയിലിരുന്ന് ഭരണം നടത്തുന്ന ഗോസായിമാരെ ബോദ്ധ്യപ്പെടുത്താൻ കഴിയാതെ, എന്തിന് രാഷ്ട്രീയനേതൃത്വമായി കേരളത്തിലെ ജനങ്ങളുടെ വോട്ട് വാങ്ങി നടക്കുന്നു എന്നു ഞാൻ സംശയിക്കുകയാണ്. ഞാൻ കേരള കോൺഗ്രസ്സുകാരൻ തന്നെയാണ്. അക്കാര്യത്തിൽ ഒരു തർക്കവും വേണ്ട.

ഞാൻ ചോദിക്കട്ടെ, ഇന്ന് ഇവിടത്തെ നിലയെന്താണ്? കേന്ദ്ര അവഗണനയെ പറ്റി പറയുമ്പോൾ ആരും കുറ്റപ്പെടുത്തേണ്ട. ഞാനൊരുദാഹരണം പറയാം. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലം കേരളത്തിന്റേതാണ്. സുപ്രീംകോടതി പറഞ്ഞാൽ മുല്ലപ്പെരിയാറിലെ ജലം തമിഴ്നാടിന്റേതാകുമോ? നമ്മുടെ വൃഷ്ടിപ്രദേശത്തുള്ള ഡാം എങ്ങനെയാണ് തമിഴ്നാടിന്റേതാകുന്നത്? ഞങ്ങൾ ഡാം നിർമ്മിക്കുമെന്നും വെള്ളം കൊടുക്കാമെന്നും 140 എം.എൽ.എ.-മാർകൂടി തീരുമാനിച്ചിട്ടും അതിനപ്പുറത്ത് വിധിപറയാൻ 5 ജഡ്ജിമാർക്ക് എന്ത് അവകാശമാണുള്ളത്? നമ്മുടെ ഫെഡറൽ സംവിധാനത്തിൽ ഇക്കാര്യം ചോദിക്കേണ്ടതല്ലേ, അത് ചോദിക്കാനുള്ള ആർജ്ജവം കേരളത്തിലെ ജനങ്ങൾക്കുണ്ടോ? 140 എം.എൽ.എ.-മാരെക്കാൾ കൂടുതലാണോ 5 ജഡ്ജിമാർ? എനിക്ക് ഇക്കാര്യത്തിൽ തർക്കമുള്ളതുകൊണ്ടാണ് പറയുന്നത്. അതുകൊണ്ട് ഈ കാര്യങ്ങളിലൊക്കെ തീരുമാനമുണ്ടാകേണ്ടതാണ്.

മറ്റൊരു പ്രശ്നംകൂടി ചൂണ്ടിക്കാണിക്കാം. ഒരു വർഷംകൊണ്ട് റബ്ബർ തടിയുടെ വില 40 ശതമാനം കുറയുകയും റബ്ബർ തടി ഉപയോഗിച്ചുണ്ടാക്കുന്ന പ്ലൈവുഡിന് 50 ശതമാനം വില വർദ്ധിക്കുകയും ചെയ്തു. 243 രൂപവരെ വിലയുണ്ടായിരുന്ന റബ്ബറിന്റെ വില 135 രൂപയായി കുറഞ്ഞു. റബ്ബറുപയോഗിച്ച് നിർമ്മിക്കുന്ന ടയറിന്റെ വില ഇരട്ടിയായി. ഇതെന്ത് മറിമായമാണെന്ന് മനസിലാകുന്നില്ല. ഇതുസംബന്ധിച്ച് നമ്മൾ ചോദിക്കേണ്ടതല്ലേ? ഇത് അംഗീകരിച്ചുകൊടുക്കാൻ തയ്യാറല്ല. റബ്ബർ തടി മേഖലയിലെങ്കിലും ശക്തമായ സമരമുഖം വെട്ടിത്തുറക്കാൻ പോകുകയാണ്. അടുത്തമാസം 20-ാം തീയതിക്കു

LIBRARY ARCHIVES Kerala Legislative Assembly

ശേഷം റബ്ബറിന്റെ വിലയുടെകാര്യത്തിൽ തീരുമാനമുണ്ടാകാതെ കേരളത്തിലെ ഒരു റബ്ബർ തടിയും വെട്ടുന്ന പ്രശ്നമില്ല. റബ്ബർ തടിക്ക് ന്യായമായ വില ലഭിക്കണം. റബ്ബർ കർഷകരെ ചൂഷണത്തിൽനിന്ന് മോചിപ്പിക്കാനായി 20-ാം തീയതി കേരളത്തിലെ റബ്ബർത്തടിവെട്ട് പൂർണ്ണമായി സ്തംഭിപ്പിക്കാൻ പോവുകയാണ്. തൊഴിലാളികൾക്ക് കൂലി കൊടുക്കുന്നതുകൂടാതെ നോക്കുകൂലി, തൊടുകൂലി, കെട്ടുകൂലി തുടങ്ങി എല്ലാം കർഷകന്റെ തലയിൽ അടിച്ചേൽപ്പിക്കുകയാണ്. ഇതനുവദിക്കാൻ കഴിയില്ല. അതുകൊണ്ട് കേരളത്തിന്റെ പ്രശ്നങ്ങൾക്കുവേണ്ടി ശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ട് മുന്നോട്ടു പോകാൻ കൂട്ടായ പ്രയത്നം വേണമെന്ന് പറഞ്ഞുകൊണ്ട് ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. വി. റ്റി. ബൽറാം: സർ, ഞാൻ ഈ ബില്ലുകളെ പിന്താങ്ങുകയാണ്. കേരളത്തിന്റെ ധനകാര്യ മാനേജുമെന്റിനെക്കുറിച്ച് വളരെ ആഴത്തിലുള്ള വിശകലനങ്ങളാണ് ബഹുമാന്യരായ മെമ്പർമാരുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്.

[12.13 PM] വളരെ ദീർഘവീക്ഷണപരമായി എല്ലാ വിഷയങ്ങളെയും നോക്കിക്കാണുമ്പോൾ വേണ്ടത്ര ജാഗ്രതയോടെ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ നമുക്ക് സാധിക്കുന്നുണ്ടോ എന്ന് ആലോചിക്കേണ്ടതുണ്ട്. കേരളം അഭിമാനകരമായ രീതിയിലാണ് ഇന്ന് മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുന്നത്. ഇൻഡ്യാ ടുഡേ ഉൾപ്പെടെയുള്ള പ്രശസ്തമായ മാധ്യമങ്ങൾ കേരളത്തിന്റെ വികസന മാതൃക വീണ്ടും രാജ്യത്തിന് മാതൃകയായി മാറുന്നു എന്ന യാഥാർത്ഥ്യത്തെ വെളിച്ചത്തുകൊണ്ടുവന്നിട്ടുണ്ട്. സംസ്ഥാനത്തിന്റെ വളർച്ചാ നിരക്ക് ദേശീയ വളർച്ചാ നിരക്കിനെക്കാൾ എത്രയോ മുൻപന്തിയിൽ വരുന്ന സാഹചര്യം ഇന്ന് കാണാൻ സാധിക്കുന്നു. ദേശീയ തലത്തിൽ 4.7 ശതമാനം വളർച്ച കൈവരിക്കുമ്പോൾ കഴിഞ്ഞവർഷം നമ്മൾ കൈവരിച്ച വളർച്ച 8.6 ശതമാനമാണ്. കേരള മോഡലിന്റെ പ്രസക്തിയെക്കുറിച്ച് ഡോ. അമർത്യാസെന്നിനെപ്പോലുള്ള ആളുകൾ വളരെ വാചാലരായിരുന്നു. മാത്രമല്ല, ഗുജറാത്ത് വികസന മാതൃകയുടെ ആരാധകരായ ജഗദീഷ് ഭഗവതി, അരവിന്ദ് പനഗരിയ തുടങ്ങിയ സാമ്പത്തിക വിശകലന വിദഗ്ദ്ധൻമാരുൾപ്പെടെയുള്ള ആളുകൾ കേരളം ഇന്ത്യയിൽ മുൻപന്തിയിലാണെന്ന യാഥാർത്ഥ്യത്തെ അംഗീകരിക്കുകയാണ്. കേരളത്തെ ഒന്നാം സ്ഥാനത്തേയ്ക്ക് കൊണ്ടുവരാൻ ഇടയാക്കിയ കാരണങ്ങളെക്കുറിച്ച് മാത്രമാണ് അവരിൽ പലർക്കും എതിരഭിപ്രായമുള്ളത്. ഇന്ത്യക്കുമുമ്പാകെ മുന്നോട്ടുവയ്ക്കാൻ സാധിക്കുന്ന വികസന മാതൃക കേരളത്തിന്റേതാണെന്ന് അവരൊക്കെ അംഗീകരിക്കുകയാണ്. ഈ സാഹചര്യത്തിൽ കേരള വികസന മാതൃകയെ എങ്ങനെ സുസ്ഥിരമായി മുന്നോട്ടുകൊണ്ടുപോകാം, അതിനെതിരായി ഉയരുന്ന വെല്ലുവിളികളെ എങ്ങനെ നേരിടാം എന്നതിനെക്കുറിച്ചുള്ള ദീർഘവീക്ഷണപരമായ ആലോചനകൾ നമ്മൾ തുടങ്ങേണ്ടിയിരിക്കുന്നു. നമ്മുടെ ഇക്കോണമി പരിശോധിച്ചാൽ സേവന മേഖലയാണ് ഏകദേശം 60 ശതമാനത്തോളം കോൺട്രിബ്യൂട്ട് ചെയ്യുന്നത്. വ്യാവസായിക മേഖല 26 ശതമാനവും പ്രാഥമിക മേഖലയായ കാർഷിക മേഖല 14 ശതമാനവുമാണ് കോൺട്രിബ്യൂട്ട് ചെയ്യുന്നത്. അതുകൊണ്ടുതന്നെ പുതിയ നികുതി നിർദ്ദേശങ്ങളുണ്ടാകുമ്പോൾ ഈ യാഥാർത്ഥ്യത്തെ മുന്നിൽ



LIBRARY ARCHIVES Kerala Legislative Assembly

കണ്ടുകൊണ്ട് സേവന മേഖലയുൾപ്പെടെയുള്ള വളരുന്ന മേഖലകളെ സംസ്ഥാനത്തിന് നികുതി വരുമാനം കൂട്ടുന്നതിനുവേണ്ടി എങ്ങനെ പ്രയോജനപ്പെടുത്താം എന്നത് സംബന്ധിച്ചുള്ള ദീർഘവീക്ഷണമായ ആലോചനകളുണ്ടാകണം. വിദേശ രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇപ്പോഴും നമ്മുടെ ടാക്സ് റേറ്റുകൾ കുറവാണ് എന്നതാണ് യാഥാർത്ഥ്യം. നമ്മൾ ജനാധിപത്യത്തിൽ പ്രവർത്തിക്കുമ്പോൾ, ജനപ്രതിനിധികൾ എന്ന നിലയിൽ നമുക്ക് പലതരത്തിലുള്ള സമ്മർദ്ദങ്ങളുമുണ്ടാകും എന്നത് അംഗീകരിക്കുകയാണ്. അതുകൊണ്ടുതന്നെ നമ്മൾ എല്ലാ തരത്തിലുമുള്ള നികുതിയിളവുകൾക്കുവേണ്ടി വാദിക്കുമ്പോഴും ഒരു സംസ്ഥാനമെന്ന നിലയിൽ നമ്മുടെ നികുതി നിരക്കുകൾ മറ്റ് പല വികസിത രാഷ്ട്രങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവാണ് എന്നത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് ടാക്സ് നെറ്റ് വിപുലീകരിച്ച് കൂടുതലാളുകളെ ഇതിന്റെ പരിധിയിലേയ്ക്ക് കൊണ്ടുവന്ന് എങ്ങനെ നികുതി വരുമാനം വർദ്ധിപ്പിക്കാം എന്നതിനെക്കുറിച്ചാണ് ആലോചിക്കേണ്ടത്. നമ്മുടെ ഇക്കോണമിയിൽ 60 ശതമാനവും കോൺട്രിബ്യൂട്ട് ചെയ്യുന്നത് സേവന മേഖലയാണെങ്കിലും കഴിഞ്ഞ 10 വർഷത്തെ അനുഭവം നോക്കിയാൽ സേവന മേഖലയിലെ വളർച്ചാനിരക്ക് കുറയുകയാണ്. അഗ്രികൾച്ചർ വളർച്ചാനിരക്ക് ചില ഘട്ടങ്ങളിൽ നെഗറ്റീവിലേക്ക് പോവുകയാണ്. ഇൻഡസ്ട്രിയൽ വളർച്ചാനിരക്കും 8-8.5 ശതമാനത്തിൽ നിൽക്കുകയാണ്. ഒരുഭാഗത്ത്, ഈ മേഖലയെ തകർക്കാൻ ഇടവരുത്തുന്ന തരത്തിലുള്ള ടാക്സേഷൻ ഉണ്ടാകരുത്; എന്നാൽ മറുഭാഗത്ത് ആ മേഖലകളിൽനിന്ന് മതിയായ വരുമാനമുണ്ടാക്കുകയും വേണം. ഈ രണ്ട് ആസ്പെക്ടിനെയും ഒരുപോലെ പരിഗണിച്ച് വളരെ ബാലൻസ്ഡായിട്ടുള്ള അപ്രോച്ചാണ് നമുക്കുണ്ടാകേണ്ടത്. 2014-15-ൽ ടോട്ടൽ എക്സ്പെൻഡിച്ചർ 16 ശതമാനം വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ ഡെവലപ്മെന്റ് എക്സ്പെൻഡിച്ചറും നോൺ-ഡെവലപ്മെന്റ് എക്സ്പെൻഡിച്ചറും ഉൾപ്പെടുന്നുണ്ട്. ഏകദേശം 79,000 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. പലതും മൂലധനച്ചെലവുകൾ തന്നെയാണ്. വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തുമൊക്കെയുള്ള ചെലവുകളാണ്. ചെലവിന്റെകാര്യത്തിൽ കാര്യമായകുറവുകൾ വരുത്താൻ സാധിക്കില്ല. സ്വാഭാവികമായും അതിനനുസൃതമായ രീതിയിൽ വരുമാനം വർദ്ധിപ്പിക്കാതെ മുന്നോട്ടുപോകാനും സാധിക്കില്ല. വരുമാന വർദ്ധനവ് 18 ശതമാനം പ്രതീക്ഷിക്കുന്നുവെങ്കിലും മുൻ വർഷങ്ങളുടെ അനുഭവം നോക്കുമ്പോൾ എത്രത്തോളം യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് ന്യായമായ ആശങ്കകളുണ്ട്. ബഹുമാന്യരായ പല മെമ്പർമാരും ഇക്കാര്യം സൂചിപ്പിക്കുകയും ചെയ്തു. ഏതാണ്ട് അറുപത്തി അയ്യായിരം കോടിയിൽപ്പരം രൂപയാണ് വരുമാനമായി നമ്മൾ പ്രതീക്ഷിക്കുന്നത്. അതിനുപുറമെയുള്ള കാര്യങ്ങൾക്ക് സ്വാഭാവികമായും കടമെടുക്കേണ്ടിവരും. കേരളത്തിൽ കടത്തിന്റെ അളവ് ഇന്ത്യയിലെ ഏറ്റവും മെച്ചപ്പെട്ട അവസ്ഥയിലാണെന്നുള്ളത് നമ്മളെല്ലാവരും അംഗീകരിക്കുകയാണ്. ഗുജറാത്ത് പോലുള്ള സംസ്ഥാനങ്ങളൊക്കെ കടക്കെണിയിൽപ്പെട്ട് വലിയ കടബാദ്ധ്യതയിൽ മുന്നോട്ടുപോകുന്ന സാഹചര്യത്തിൽ എഫ്.ആർ.ബി.എം. ആക്ട് മുന്നോട്ടുവയ്ക്കുന്ന ലിമിറ്റിനുള്ളിൽ കടബാധ്യതയെ ലിമിറ്റ് ചെയ്യാൻ കേരളത്തിന് സാധിക്കുന്നു എന്നത് സന്തോഷം നൽകുന്ന

LIBRARY ARCHIVES Kerala Legislative Assembly

കാര്യമാണ്. അതുകൊണ്ടുതന്നെ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ രണ്ട് വശങ്ങളെയും സമഗ്രമായി പരിഗണിച്ചുകൊണ്ട് മുന്നോട്ടുപോകാൻ സാധിക്കണം.

നികുതിഘടന ലളിതമായിരിക്കണമെന്നുള്ളതാണ് ടാക്സ് പേയേഴ്സിന് നികുതിയെക്കുറിച്ചുള്ള പ്രതീക്ഷ. അതിൽ അനാവശ്യമായ കുരുക്കുകളും സാങ്കേതികത്വങ്ങളും സങ്കീർണ്ണതകളുമുണ്ടാകുമ്പോഴാണ് അതിന്റെയൊക്കെ മറവിൽ നികുതി വെട്ടിപ്പിനുള്ള സാദ്ധ്യതകൾ കൂടുന്നത്. VAT ഏർപ്പെടുത്തിയപ്പോൾ പലരും അതിനെ ആദ്യഘട്ടത്തിൽ പെസിമിസ്റ്റിക് ആയിക്കണ്ടു. VAT വരുന്നതോടുകൂടി നികുതി വരുമാനം ഗണ്യമായി കുറയുമെന്നൊക്കെയുള്ള മുൻവിധി ഉണ്ടായിരുന്നെങ്കിലും ആ സാഹചര്യത്തെ വളരെ മനോഹരമായി അതിജീവിച്ച് ഇന്ന് യാതൊരു തരത്തിലുള്ള പ്രശ്നങ്ങളുമില്ലാതെ പ്രതീക്ഷിച്ചതിലും നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ടാക്സ് പേയേഴ്സിന്റെ വോളന്ററി വില്ലിംഗ്നെസ്സ് ഉറപ്പുവരുത്താൻ സാധിച്ചുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ടകാര്യം. നേരത്തെ സെയിൽസ് ടാക്സ് ഉദ്യോഗസ്ഥരുടെ ശക്തമായ ഇടപെടലിന്റെ അടിസ്ഥാനത്തിൽ നിർബന്ധിതമായി നൽകിയിരുന്ന നികുതി ഇന്ന് പലരും സ്വാഭാവികമായ രീതിയിൽ വോളന്ററിയായി നൽകാൻ കഴിയുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. ആ അന്തരീക്ഷം എല്ലാ മേഖലകളിലേക്കും വ്യാപിപ്പിക്കേണ്ടതുണ്ടെന്നാണ് എനിക്ക് തോന്നുന്നത്.

ലോട്ടറിയിൽനിന്നും പിരിച്ചെടുക്കുന്ന നികുതിയെക്കുറിച്ച് ബഹുമാന്യരായ അംഗങ്ങൾ ഇവിടെ സൂചിപ്പിച്ച വികാരം ഞാനും പങ്കുവയ്ക്കുകയാണ്. കേരളത്തിൽ പല തരത്തിലുള്ള ലഹരികളും ആസക്തികളുമുണ്ട്. ഇന്ന് ലഹരിക്കെതിരെ പല തരത്തിലുള്ള സാമൂഹിക മുന്നേറ്റത്തോടെ മഹാപ്രസ്ഥാനമായി മുന്നോട്ടുപോകുകയാണ്. കേരള പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റിയൊക്കെ ആ അർത്ഥത്തിലുള്ള നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് മുന്നോട്ടുപോകുകയാണ്. പക്ഷേ ലഹരി എന്നുപറയുന്നത്, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും മാത്രം ലഹരിയല്ല. ചൂതാട്ടമെന്നുള്ളത് ലഹരിയായി കൊണ്ടുനടക്കുന്ന ആളുകളുണ്ട്. അത്തരത്തിലുള്ള ഒരു ചൂതാട്ട മനോഭാവത്തെ സമൂഹത്തിൽ പ്രോത്സാഹിപ്പിക്കുന്നതിന് ലോട്ടറി ഉപയോഗപ്പെടുത്താതെ, കാരുണ്യ ലോട്ടറിയിലൂടെ ഈ ഗവൺമെന്റ് കാണിച്ചുതന്ന വളരെ നല്ല മാതൃകയുണ്ട്. ആ അർത്ഥത്തിൽ ലോട്ടറിയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പ്രത്യേകമായ ജാഗ്രതയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. മോട്ടോർ വെഹിക്കിൾസുമായി ബന്ധപ്പെട്ട് സാധാരണക്കാർക്ക് പ്രയാസകരമാകുന്നതരത്തിലുള്ള നികുതി നിർദ്ദേശങ്ങളോടുള്ള എതിർപ്പ് പലരും ചൂണ്ടിക്കാണിച്ചു. ഒരു ചെറുപ്പക്കാരൻ എന്നുള്ള നിലയിൽ പറയുകയാണ്, ഏറ്റവും കൂടുതൽ യുവാക്കൾ സ്വയംതൊഴിലായി പ്രവർത്തിക്കുന്ന മേഖലയാണ് ടാക്സിമേഖല. ലോണെടുത്ത് സ്വയംതൊഴിൽ എന്ന നിലയിൽ ടാക്സി ഡ്രൈവർമാരായി ചുരുങ്ങിയ പൈസയ്ക്ക് ജോലി ചെയ്യുന്ന ധാരാളം ആളുകളുള്ള ഈ മേഖലയെ തകർക്കുന്നതരത്തിൽ അമിതമായ നികുതി ഈടാക്കുന്നതിൽനിന്നും പിൻവാങ്ങണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ടെക്സ്റ്റയിൽസ് രംഗത്ത് അടിച്ചേൽപ്പിച്ച ടേണോവർ

LIBRARY ARCHIVES Kerala Legislative Assembly

ടാക്സിനെക്കുറിച്ച് ഇവിടെ പലരും സൂചിപ്പിച്ചു. അവിടെയും 2 ശതമാനം ടേണോവർ ടാക്സ് ഏർപ്പെടുത്തണമോ കുറയ്ക്കണമോ എന്നുള്ള കാര്യത്തെക്കുറിച്ചുള്ള അഭിപ്രായം ഇവിടെ വന്നു. എനിക്ക് തോന്നുന്നത്, ഇൻപുട്ട് കോസ്റ്റുമായി യാതൊരു തരത്തിലും ബന്ധമില്ലാത്ത വില ഈടാക്കുന്ന മേഖലയാണ് ടെക്സ്റ്റയിൽ മേഖല. രണ്ട് കടകളിൽ നിന്നായി ഒരുപോലുള്ള ഷർട്ട് വാങ്ങിയാൽ 200-ഉം 300 ഉം രൂപയുടെ വിലവ്യത്യാസമുണ്ടാകും. 5,000 രൂപയുടെയും 3,000 രൂപയുടെയും സാരി വാങ്ങിയാൽ എന്താണ് വ്യത്യാസമെന്ന് ചോദിച്ചാൽ, സാരിയെക്കുറിച്ച് ഏറ്റവും നല്ല രീതിയിൽ അറിയാവുന്ന സ്ത്രീകൾക്കുപോലും യാതൊരറിവും ഉണ്ടാകില്ല. അതുകൊണ്ട് ടേണോവർ ടാക്സ് ഏർപ്പെടുത്താൻ കഴിയുന്ന നല്ല മേഖല ടെക്സ്റ്റയിൽ മേഖല തന്നെയാണ്. ടേൺ ഓവർ എത്രയാണോ അതിനനുസൃതമായിട്ടുള്ള ടാക്സ് കൊടുക്കുകയെന്നുള്ളത് തന്നെയാണ് ഉചിതമായിട്ടുള്ളതെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. 2 ശതമാനം വേണമോ അൽപ്പംകൂടി റാഷണലൈസേഷൻ വേണമോ എന്നുള്ളകാര്യത്തിൽ ഗവൺമെന്റ് പുനരാലോചിക്കുന്നതുകൊണ്ട് വിരോധമില്ല. പക്ഷേ, ഈ മേഖലയെ ടാക്സബിൾ ആയിത്തന്നെ കണ്ട് മുന്നോട്ടുകൊണ്ടുപോകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഭക്ഷ്യ എണ്ണയുടെകാര്യത്തിൽ കേരകർഷകരെ സഹായിക്കുന്ന തരത്തിൽ മറ്റ് ഭക്ഷ്യ എണ്ണകൾക്ക് ടാക്സ് വർദ്ധിപ്പിക്കുന്ന സമീപനമുണ്ടായി. അങ്ങനെ ഏതാണ്ട് 80 കോടി രൂപയോളം അധികം സമാഹരിക്കാൻ നമുക്ക് സാധിക്കുന്നുണ്ടെന്നുള്ളത് നല്ല കാര്യമാണ്. അതുപോലെ നോൺ ടാക്സ് റവന്യൂ വർദ്ധിപ്പിക്കാനുള്ള നല്ല സമീപനം ഇക്കാര്യത്തിൽ കാണുകയാണ്. നികുതിഭാരം ഒറ്റയടിക്ക് അടിച്ചേൽപ്പിക്കാതെ നികുതിയിതര വരുമാനങ്ങളിലേക്കും കൂടി ശ്രദ്ധിച്ച് മുഴുവൻ വരുമാനവും സമാഹരിച്ചുകൊണ്ട് നികുതി പിരിവിന്റെ കാര്യത്തിൽ കൂടുതൽ ഊർജ്ജിതമായ സമീപനം സ്വീകരിക്കണം. നികുതി വരുമാനം വർദ്ധിപ്പിക്കുക, കമ്മി കുറയ്ക്കുക, മൂലധനപരമായ, ഉൽപ്പാദനപരമായിട്ടുള്ള ചെലവുകൾക്ക് കൂടുതൽ പണം കണ്ടെത്തുകയെന്ന ജാഗ്രതയും സമീപനവും നിരന്തരമായ ഫോളോ-അപ്-ഉം ഇക്കാര്യത്തിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിനെ മുന്നോട്ടുകൊണ്ടുപോകാൻ അദ്ദേഹത്തിന് തുടർന്നും സാധിക്കട്ടെയെന്ന് ആശംസിച്ചുകൊണ്ട് നിർത്തുന്നു.

ഡോ. കെ. ടി. ജലീൽ : സർ, പരിണതപ്രജ്ഞനായ കെ.എം. മാണി സാർ 2014 ജനുവരി 24-ന് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ വിഭവസമാഹരണമെന്ന ഉപതലക്കെട്ടിൽ മുന്നോട്ടുവച്ച പല നിർദ്ദേശങ്ങളും അപ്രായോഗികവും
12.25PM അശാസ്ത്രീയവുമാണെന്നതിനാൽ ഞാൻ ഈ ധനകാര്യ ബില്ലുകളോട് വിയോജിക്കുകയാണ്. നമ്മുടെ സംസ്ഥാനം കഴിഞ്ഞ കുറച്ചുവർഷങ്ങളായി സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതിന്റെ കാരണങ്ങൾ അന്വേഷിച്ചുപോയാൽ, ബഡ്ജറ്റ് കേവലം നോക്കുകുത്തിയായി കഴിഞ്ഞ രണ്ടുമൂന്ന് വർഷങ്ങളായി മാറുന്നുവെന്നുള്ളതാണ് മനസ്സിലാക്കാൻ കഴിയുക. വികസന പ്രവർത്തനങ്ങൾക്ക് പണം ചെലവഴിക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അതിനൊരു പ്രയോറിറ്റി ഉണ്ടാകേണ്ടതാണ്. അപ്രധാനമായിട്ടുള്ള പ്രവൃത്തികൾക്ക് ഭീമമായ തുക നൽകുകയും പ്രധാനപ്പെട്ട പ്രവൃത്തികൾക്ക് ഒരു പൈസപോലും അനുവദിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതി സംസ്ഥാനത്ത് നിലവിലുണ്ട്. വളരെ അവധാനതയോടെ എടുക്കേണ്ട തീരുമാനങ്ങൾ ഏറെ ലാഘവത്തോടെയാണ് ധനകാര്യവകുപ്പുമന്ത്രി എടുത്തുകൊണ്ടിരിക്കുന്നത്. ബഡ്ജറ്റ് പ്രസംഗത്തിനിടയിൽ കിട്ടുന്ന കുറിപ്പുകളെ അധികരിച്ചുള്ള പ്രഖ്യാപനങ്ങൾ നടത്തുകയാണ്. 5 വർഷംകൊണ്ട് ഓരോ വർഷത്തിലും ഓരോ ഗവൺമെന്റ് മെഡിക്കൽ കോളേജ് കൊണ്ടുവരികയെന്നുള്ള നിർദ്ദേശം ഗവൺമെന്റ് മുന്നോട്ടുവയ്ക്കുകയും അത് പ്രയോഗവൽക്കരിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നുവെങ്കിൽ ഇന്ന് നമ്മുടെ പല മെഡിക്കൽ കോളേജുകളും നേരിടുന്ന പ്രതിസന്ധി അവർക്ക് നേരിടേണ്ടിവരില്ലായിരുന്നു. ഏകദേശം, ഏറ്റവും ചുരുങ്ങിയത് 250 കോടി രൂപയെങ്കിലും ഒരു ഗവൺമെന്റ് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് ആവശ്യമാണ്. നാലും അഞ്ചും മെഡിക്കൽ കോളേജുകൾ ഒരുമിച്ച് സ്ഥാപിക്കാൻ മുന്നോട്ടുവരുന്നുവെന്നുള്ളത് പ്രത്യക്ഷത്തിൽ നല്ല കാര്യമായി തോന്നാമെങ്കിലും ഒരു മെഡിക്കൽ കോളേജും അതിന്റെ യഥാർത്ഥ പൂർണ്ണതയിൽ നടത്തുവാൻ സാധിക്കാത്ത സ്ഥിതിയാണുണ്ടാക്കുക. അതാണ് മഞ്ചേരി മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ സംഭവിച്ചത്. മെഡിക്കൽ കൗൺസിൽ, മഞ്ചേരി മെഡിക്കൽ കോളേജിന്റെ സൗകര്യങ്ങൾ പോരെന്ന് പറഞ്ഞ് ഇപ്രാവശ്യം കുട്ടികളുടെ അഡ്മിഷൻ നിഷേധിച്ചിരിക്കുകയാണ്. മഞ്ചേരി മെഡിക്കൽ കോളേജിൽ പ്രവേശനം തേടിയെത്തിയ 100-ഓളം വിദ്യാർത്ഥികൾ വലിയ ആശങ്കയിലാണ്. ഈ സാഹചര്യമുണ്ടായത് വ്യക്തമായ പ്ലാനിംഗ് ഇല്ലാത്തതുകൊണ്ടാണ്. ബഡ്ജറ്റിൽ പറയുന്ന നിർദ്ദേശങ്ങൾ തമസ്കരിക്കാനുള്ളതാണ്, അവയ്ക്ക് പണം ചെലവഴിക്കേണ്ടതില്ല, ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാത്ത കാര്യങ്ങൾക്കാണ് പണം ചെലവഴിക്കേണ്ടതെന്നുള്ള പുതിയ കീഴ്‌വഴക്കം സംസ്ഥാനത്ത് സംജാതമായിരിക്കുകയാണ്. നികുതി ചുമത്തുകയും ഈടാക്കുകയും ചെയ്യുന്നകാര്യത്തിൽ കാലങ്ങളായി കേരളത്തിൽ അശാസ്ത്രീയത നിലനിൽക്കുന്നുണ്ട്. അങ്ങയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ തന്നെ അക്കാര്യം സമ്മതിക്കുന്നു. ഭൂമിയുടെ ന്യായവില കേരളത്തിൽ 8 വർഷം മുമ്പ് നിശ്ചയിച്ചതാണ്. ഇപ്പോഴാണ് അത് പുനർ നിശ്ചയിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നത്. 17 വർഷങ്ങൾക്ക് മുമ്പാണ് സംസ്ഥാനത്ത് കെട്ടിടനികുതി പുതുക്കി നിശ്ചയിച്ചത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെട്ടിട നികുതി വർദ്ധിപ്പിക്കാൻ അന്നത്തെ തദ്ദേശഭരണ വകുപ്പുമന്ത്രി ഉത്തരവിട്ടിരുന്നു. ആ ഉത്തരവിനെ രാഷ്ട്രീയ ദുഷ്ടലാക്കോടുകൂടി യു.ഡി.എഫ്. എതിർത്തു. യു.ഡി.എഫ്. ഭരിക്കുന്ന പല തദ്ദേശഭരണ സ്ഥാപനങ്ങളും ആ നിർദ്ദേശം നടപ്പിലാക്കില്ലെന്ന് പറഞ്ഞ്. കുരിശുയുദ്ധം പ്രഖ്യാപിച്ച് രംഗത്തുവന്നു. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ അക്കാര്യം ഉയർത്തിക്കാട്ടിയാണ് എൽ.ഡി.എഫ്.-നെ തോൽപ്പിച്ചതെന്നുള്ളത് നമുക്ക് മറക്കാൻ കഴിയില്ല. മോട്ടോർ ക്യാബുകളുടേയും ആൾ ഇൻഡ്യ മോട്ടോർ ക്യാബുകളുടേയും വാർഷിക നികുതി കഴിഞ്ഞ 17 വർഷങ്ങളായി ഒരു സർക്കാരും വർദ്ധിപ്പിച്ചിരുന്നില്ല. അതിനുള്ള നീക്കവും ഇപ്പോഴാണ് നടക്കുന്നത്. ഇതുകൊണ്ടുണ്ടാകുന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നം ഭീമമായിട്ടുള്ള നികുതിഭാരം അടിച്ചേൽപ്പിക്കേണ്ടിവരുന്ന സ്ഥിതി ധനകാര്യവകുപ്പുമന്ത്രിമാർക്ക് പിന്തുടരേണ്ടിവരുന്നു എന്നുള്ളതാണ്. ഇതിൽ സമൂലമായ മാറ്റമുണ്ടാകാൻ ഒരു നിയമനിർമ്മാണം തന്നെ സംസ്ഥാനത്ത് അനിവാര്യമാണ്. ഓരോ രണ്ടുവർഷം കൂടുമ്പോഴും ഒരു നിശ്ചിത ശതമാനം നികുതി വർദ്ധനവ് എല്ലാ മേഖലയിലും ഉണ്ടായാൽ ഭീമമായിട്ടുള്ള നികുതി ഭാരം അടിച്ചേൽപ്പിക്കുന്ന സ്ഥിതിക്ക് മാറ്റമുണ്ടാക്കാൻ കഴിയും.

15 വർഷം മുമ്പാണ് ഇവിടെ കെട്ടിട നികുതി വർദ്ധിപ്പിച്ചത്. വർഷങ്ങൾക്കുശേഷം ഇപ്പോൾ വർദ്ധിപ്പിക്കുമ്പോൾ കഴിഞ്ഞ 15 വർഷം പേറേണ്ടിയിരുന്ന നികുതിഭാരം നാം ഒരുമിച്ച് വഹിക്കേണ്ടി വരികയാണ്. അതിലൂടെ വലിയൊരു തുകയാണ് നികുതിയിനത്തിൽ സാധാരണ ജനങ്ങൾ കൊടുക്കേണ്ടി വരുന്നത്. കെട്ടിടനികുതി 100 ശതമാനത്തിലധികം വർദ്ധിച്ചു. പല നികുതികളും ഒന്നും രണ്ടും ഇരട്ടിയോളം വർദ്ധിക്കുന്ന സ്ഥിതിയുണ്ടായി. ഇക്കാരണങ്ങളാലാണ് നികുതി കുറയ്ക്കണമെന്നുള്ള നിർദ്ദേശം വ്യാപകമായി ഉയർന്നുവന്നുകൊണ്ടിരിക്കുന്നത്. ഇതിനൊരു പരിസമാപ്തി ആവശ്യമാണ്. മുനിസിപ്പൽ/കോർപ്പറേഷൻ പരിധിയിൽവരുന്ന വസ്തുക്കളുടെ സ്റ്റാമ്പ് ഡ്യൂട്ടി 7 ശതമാനത്തിൽനിന്ന് 6 ശതമാനമായി കുറയ്ക്കാൻ അങ്ങ് നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ ഗ്രാമപഞ്ചായത്തുകളിൽ സ്ഥലത്തിന്റെ സ്റ്റാമ്പ് ഡ്യൂട്ടി 5 ശതമാനത്തിൽ നിന്ന് 6 ശതമാനമായി ഉയർത്താനാണ് അങ്ങ് തീരുമാനിച്ചത്. മുനിസിപ്പാലിറ്റികളിലും ഗ്രാമപഞ്ചായത്തുകളിലും എന്തിനാണ് ഒരേ മാനദണ്ഡം വച്ചിരിക്കുന്നത്? മുനിസിപ്പാലിറ്റികളിൽ സ്ഥലം വാങ്ങുന്നത് ബിസിനസ്സ് ആവശ്യങ്ങൾക്കും വാണിജ്യാവശ്യങ്ങൾക്കുമാണ്. എന്നാൽ ഒരു സാധാരണക്കാരൻ ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ നാലോ അഞ്ചോ സെന്റ് സ്ഥലം വാങ്ങുന്നത് വീട് വയ്ക്കാനാണ്. അതിനുള്ള സ്റ്റാമ്പ് ഡ്യൂട്ടി 5 ശതമാനത്തിൽനിന്ന് 6 ശതമാനമാക്കി ഉയർത്തുകയാണ് ചെയ്യുന്നത്. എന്നാൽ മുനിസിപ്പൽ ഏരിയകളിൽ സ്ഥലത്തിന്റെ സ്റ്റാമ്പ് ഡ്യൂട്ടി 7 ശതമാനത്തിൽനിന്ന് 6 ശതമാനമാക്കി താഴ്ത്തുകയാണ് ചെയ്യുന്നത്. ഇത് റിയൽ എസ്റ്റേറ്റ് മാഫിയകൾക്കും അതിസമ്പന്നന്മാർക്കും നേട്ടമുണ്ടാക്കി കൊടുക്കാനുള്ള ഒരു പോംവഴിയാണെന്ന് ആരെങ്കിലും പറഞ്ഞാൽ അതിനെ നമ്മൾ എങ്ങനെയാണ് പൂർണ്ണമായും തള്ളിക്കളയുക? വാണിജ്യ ബാങ്കുകൾ നൽകുന്ന കാർഷിക വായ്പയുടെയും വിദ്യാഭ്യാസ വായ്പയുടെയും മുദ്രവില പൂർണ്ണമായും ഒഴിവാക്കാനുള്ള അങ്ങയുടെ തീരുമാനം സ്വാഗതാർഹമാണ്. ഈ ആനുകൂല്യം ഒറ്റവീട് മാത്രമുള്ളവർ വീട് നിർമ്മിക്കാനെടുക്കുന്ന അഞ്ചു ലക്ഷം രൂപ വരെയുള്ള വായ്പകൾക്കും ബാധകമാക്കിയാൽ സാധാരണക്കാരായ ധാരാളം ആളുകൾക്ക് പ്രയോജനം ലഭിക്കും. എ.ടി.എം., മൊബൈൽ ടവർ എന്നിവ സ്ഥാപിക്കുന്നതിന് സ്ഥലമുടമയുമായി ഉണ്ടാക്കുന്ന എല്ലാ ഉടമ്പടികളും പ്രമാണങ്ങളും പുതുക്കുന്നതിന് യഥാക്രമം 2,500, 5,000 രൂപ നിരക്കിൽ പ്രതിവർഷം സ്റ്റാമ്പ് ഡ്യൂട്ടി ഏർപ്പെടുത്തുമെന്ന പ്രഖ്യാപനത്തിനനുസൃതമായി ബില്ലിൽ കൊണ്ടുവന്നിരിക്കുന്ന വ്യവസ്ഥയും നിയമാനുസൃതമായി നടപ്പാക്കാനാവുന്ന രീതിയിൽ മാറ്റേണ്ടതുണ്ട്. എല്ലാ വർഷവും എ.ടി.എം.-ഉം മൊബൈൽ ടവറുകളും സ്ഥാപിക്കുന്നതിന് സ്ഥലമുടമകളുമായി ബന്ധപ്പെട്ടവർ കരാറിൽ ഏർപ്പെടില്ല; അഞ്ചുവർഷത്തേയ്ക്കോ പത്തുവർഷത്തേയ്ക്കോ

ആയിരിക്കും കരാർ. അങ്ങനെ വരുമ്പോൾ 2,500 രൂപ അല്ലെങ്കിൽ 5,000 രൂപ നിരക്കിൽ പാട്ടം നൽകുന്ന വർഷത്തിന്റെ എണ്ണംകൊണ്ട് ഗുണിക്കുന്ന തുക മുദ്രവിലയായി നിശ്ചയിച്ചാൽ നമുക്ക് യഥാവിധി ഇതിൽനിന്നുകിട്ടേണ്ട നികുതി സമാഹരിച്ചെടുക്കാൻ കഴിയും. കെട്ടിടനികുതി തുക ഇരട്ടിയാക്കിയതിൽ നിന്ന് 200 m² വരെയുള്ള വാസഗൃഹങ്ങളെ ഒഴിവാക്കണമെന്ന് അഭ്യർത്ഥി ക്കുകയാണ്. ട്രാൻസ്പോർട്ട് വാഹനമല്ലാത്ത സ്വകാര്യ സർവ്വീസ് വാഹനങ്ങൾ രണ്ടുവർഷത്തെ നികുതി ഒരുമിച്ചടയ്ക്കണമെന്ന് ഒരിടത്തും അഞ്ചുവർഷത്തെ നികുതി ഒരുമിച്ചടയ്ക്കണമെന്ന് മറ്റൊരിടത്തും വ്യവസ്ഥ ചെയ്തിട്ടുണ്ട്; ഇത് തിരുത്തേണ്ടതാണ്. വാഹനനികുതി നൽകാൻ തൽസമയം വാഹനത്തിന് സാധുവായ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ എടുത്തുകളഞ്ഞത് ആവശ്യമായ ഭേദഗതിയോടെ പുനഃസ്ഥാപിക്കാൻ നടപടിക ളുണ്ടാകണം. സാധാരണക്കാരുടെ വാഹനമെന്നത് കണക്കിലെടുത്ത് ഇറക്കുമതി ചെയ്തതല്ലാത്ത, ഒരു ലക്ഷത്തിൽ താഴെ വിലയുള്ള മോട്ടോർ ബൈക്കു കൾക്കും അഞ്ചുലക്ഷത്തിൽ താഴെ വിലയുള്ള മോട്ടോർ കാറുകൾക്കും ഒറ്റത്തവണ നികുതി നിരക്കിൽ വരുത്തിയിരിക്കുന്ന വർദ്ധനവ് ഒഴിവാക്കേണ്ടതാണ്. കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന സാധനങ്ങളെ മുഴുവൻ നികുതി വിമുക്തമാക്കിയിരിക്കുകയാണ്. 250 കോടി രൂപയാണ് ഇതിലൂടെ സംസ്ഥാന ഖജനാവിന് നഷ്ടം വരാൻ പോകുന്നത്. ഈ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുമുമ്പ് ടെണ്ടർ വ്യവസ്ഥയിൽ ഇക്കാര്യം ഉൾപ്പെടുത്താതെയാണ് നിർമ്മാണം നടത്തുന്ന കമ്പനികൾക്ക് 250 കോടി രൂപ സംസ്ഥാന ഖജനാവിൽനിന്ന് കൊടുക്കുന്നതെങ്കിൽ അത് വലിയ ബുദ്ധിമുട്ടാകും.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ കാര്യങ്ങൾ മനസ്സിലാക്കാതെയാണ് പറയുന്നത്. ഇൻഡ്യാ രാജ്യത്ത് എല്ലാ മെട്രോകൾക്കും നികുതി ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം നികുതി ഇതിന്റെ പ്രോജക്ടിന്റെതന്നെ ഭാഗമാണ്. അതൊരിക്കലും കോൺട്രാക്ടർക്ക് കിട്ടില്ല. അത് മെട്രോയുടെ ക്യാപിറ്റലായിട്ടാണ് വരുന്നത്.

ഡോ. കെ. ടി. ജലീൽ: സർ, അങ്ങനെയാണെങ്കിൽ ശരി. പക്ഷെ, ഇതിനെ സംബന്ധിച്ച് രണ്ടഭിപ്രായങ്ങൾ ഉയർന്നുവരികയാണ്. ആ ആശങ്കയാണ് ഞാൻ പറയുന്നത്. മെട്രോ നിർമ്മാണത്തിനാവശ്യമായ സാധനങ്ങൾ പൂർണ്ണമായും നികുതി മുക്തമാക്കുന്നുവെങ്കിൽ, അത് നേരത്തെതന്നെ വ്യവസ്ഥ ചെയ്തിട്ടു ണ്ടെങ്കിൽ പ്രശ്നമില്ല. ബഹുമാനപ്പെട്ട മന്ത്രി ആര്യാടൻ മുഹമ്മദ് തന്നെ ഇവിടെ കാര്യങ്ങൾ വ്യക്തമാക്കിയത് വളരെ നന്നായി.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഇക്കാര്യം നേരത്തെതന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നികുതി കുറച്ചുള്ള ബാക്കിതുക മാത്രമേ അവർക്ക് നൽകുകയുള്ളൂ.

ശ്രീ. ബെന്നി ബെഹനാൻ: സർ, മെട്രോയുടെ കാര്യത്തിൽ ഒരു ആശങ്കയ്ക്കും ഇടയില്ല. അങ്ങ് ഇക്കാര്യം നിയമസഭാവേദിയിൽ പറഞ്ഞ് ആശങ്കയുണ്ടാക്കാൻ ശ്രമിക്കരുതെന്ന അഭ്യർത്ഥന എനിക്കുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: മന്ത്രി പറഞ്ഞപ്പോൾ ക്ലിയറായല്ലോ, പ്ലീസ് കൺക്ലൂഡ്.

ഡോ. കെ. ടി. ജലീൽ: സർ, ഞാനിത് കൊച്ചിൻ മെട്രോയുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്താൻവേണ്ടി പറഞ്ഞതല്ല. 250 കോടി രൂപ ഇത്തരത്തിൽ നികുതി മുക്തമാക്കുന്നതിലൂടെ നഷ്ടമാകുകയാണ്. അത് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിരിക്കെ അക്കാര്യത്തിൽ അത്തരത്തിലൊരു ആശങ്ക വച്ചു പുലർത്തേണ്ട കാര്യമില്ലായെന്ന് ബോദ്ധ്യമായി

മി. ചെയർമാൻ:യെസ്.. ഡോ. കെ. ടി. ജലീൽ, പ്ലീസ് കൺക്ലൂഡ്.

ഡോ. കെ. ടി. ജലീൽ: സർ, മൂല്യവർദ്ധിത നികുതി നിയമത്തിന്റെ 5% നികുതിയുള്ള മൂന്നാം പട്ടികയിൽ 7-ാം ഇനം 1999-ലെ ട്രേഡ് മാർക്ക് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ബ്രാൻഡുപേരുകൾക്ക് കീഴിൽ വിൽക്കുന്നതല്ലാത്ത ബേക്കറി ഉൽപ്പന്നങ്ങളും മധുര പലഹാരങ്ങളും മിഠായികളും മറ്റ് ആഹാര സാധനങ്ങളുമാണ്. അതുകൊണ്ട് 8-ാം ഇനമായി വീണ്ടും കേക്കുകൾ, ഹൽവ, മിക്സ്ചർ, ലഡു, ജിലേബി പോലുള്ള ബേക്കറി ഉൽപ്പന്നങ്ങൾ ചേർത്തിരിക്കുന്നത് ആവശ്യമില്ലാത്ത കാര്യമാണ്. ഇത് വ്യാപാരികളിൽ അനാവശ്യമായ ആശങ്കയുണ്ടാക്കാനിടയാക്കും. ബഡ്ജറ്റിലൊതുങ്ങിനിന്നു കൊണ്ടും നമ്മുടെ വിഭവവരവിനെ ആസ്പദമാക്കിക്കൊണ്ടുമുള്ള വികസന സങ്കല്പവും കാഴ്ചപ്പാടുമുണ്ടാക്കി, ബഡ്ജറ്റ് നിർദ്ദേശങ്ങളെ നോക്കുകുത്തി യാക്കാതെ അവ യാഥാർത്ഥ്യമാക്കുവാനുള്ള ശ്രമങ്ങൾ നടത്തണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ധനകാര്യ ബില്ലുകളെ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ഏറ്റവും വലിയ പരാജയം ഏറ്റുവാങ്ങിയ പാർട്ടിയാണ് കോൺഗ്രസ്സ് പാർട്ടി. 206 സീറ്റിൽനിന്ന് 44 സീറ്റിലേയ്ക്കെത്തിയപ്പോൾ ആ പരാജയം കനത്തതായിരുന്നു.
12.36 PM] അതിനേക്കാൾ വലിയൊരു പരാജയം അടുത്തെങ്ങുമുണ്ടാകില്ലെന്ന് കരുതിയപ്പോഴാണ് ഇന്നലെ സ്കൊളാരിയുടെ ബ്രസീലിനെ ജോക്കിംഗ് ലോയുടെ ജർമ്മനി ഞങ്ങളുടേതിനേക്കാൾ കടുത്ത പരാജയത്തിലേക്ക് തള്ളിവിട്ടത്. ഈ ലോകകപ്പ് മത്സരം ഗോളിമാരുടെ ലോകകപ്പാണ്. ജർമ്മനിയുടെ ന്യൂവർ, ഒനിയാൻവ എന്നിവർ ഇന്നലെ പരാജയപ്പെട്ടെങ്കിലും ജൂലിയസ് സീസർ, നവാജോ എന്നിങ്ങനെ ധാരാളം നല്ല ഗോളിമാരുണ്ട്. ജർമ്മനിയുടെ ഗോളിയായ ന്യൂവർ ഗോൾ വലയം കാക്കുന്നതുപോലെയാണ് സാമ്പത്തിക മാന്ദ്യം, നാണ്യപെരുപ്പം, വിലക്കയറ്റം എന്നിങ്ങനെയുള്ള പ്രതിസന്ധികളിലെല്ലാം തന്നെ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി ഖജനാവിനെ കാക്കുന്നത്. ഇന്ന് പ്രസംഗം തുടങ്ങിയപ്പോൾ ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞ കണക്കുകൾ യഥാർത്ഥത്തിൽ മാണി സാറിനുള്ള അംഗീകാരമാണ്. അദ്ദേഹം മാണി സാർ പറഞ്ഞ തരത്തിലുള്ള റവന്യൂ വരുമാനമുണ്ടായിട്ടില്ലെന്ന് സമർത്ഥിക്കാനാണ് ശ്രമിച്ചത്. എന്നാൽ, യാഥാർത്ഥ്യ മെന്താണ്; 2010-11-ൽ 30,990 കോടി രൂപയായിരുന്നു വരുമാനം. 2011-12-ൽ അത് 38,010 കോടി രൂപയായി, 2012-13-ൽ 44,137 കോടി രൂപയായി.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. ടി. എം. തോമസ് ഐസക്കിന്റെ കാലഘട്ടത്തിലെ റവന്യൂ വരുമാനം എത്രയായിരുന്നുവെന്ന് പരിശോധിക്കുമ്പോൾ മാത്രമാണ് മാണി സാറിന്റെ മഹത്വം മനസ്സിലാകുന്നത്. 2009-10-ൽ, ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ 26,109 കോടി രൂപയായിരുന്നു റവന്യൂ വരുമാനം. അതിൽ നിന്നാണ്, 2013-14-ൽ 49,148 കോടി രൂപയായി മാറിയതെന്ന് അദ്ദേഹംതന്നെ പറഞ്ഞു. ആദ്യത്തെ മൂന്നുമാസത്തെ കണക്കും അദ്ദേഹം പറഞ്ഞു. 10 ശതമാനത്തിന്റെ വർദ്ധനവ് റവന്യൂ വരുമാനത്തിൽ ആദ്യത്തെ മൂന്നുമാസത്തിൽ തന്നെ ഉണ്ടായിയെന്ന് ഡോ. ടി. എം. തോമസ് ഐസക് പറയുമ്പോൾ, അത് മാണി സാറിനെക്കുറിച്ച് അഭിനന്ദിക്കാൻ പറയുന്നതിനേക്കാൾ കൂടുതൽ ആധികാരികമായി മാറി. യഥാർത്ഥത്തിൽ, പ്രതികൂലമായ ലോക സാമ്പത്തിക സാഹചര്യങ്ങളിൽ മാണി സാർ നമ്മുടെ ഫിനാൻസ് മാനേജ്മെന്റിനെ എങ്ങനെയാണ് കൊണ്ടുപോയതെന്നതിന്റെ ഒരുദാഹരണമാണത്. ധാരാളം വെല്ലുവിളികളുണ്ടായിരുന്നു. ലോകത്തിന്റെ സാമ്പത്തിക സാഹചര്യങ്ങളെ ഏതെങ്കിലുമൊരു രാജ്യത്തിന് മാത്രമായിട്ടോ ഏതെങ്കിലുമൊരു സംസ്ഥാനത്തിന് മാത്രമായിട്ടോ മാറ്റി നിർത്തിക്കൊണ്ട് വിലയിരുത്താൻ കഴിയുകയില്ല. ആ പ്രതികൂലമായ കാലാവസ്ഥയിലാണ് റവന്യൂ വരുമാനത്തിന്റെ കാര്യത്തിൽ രാജ്യത്തിനുതന്നെ മാതൃകയാകുന്ന തരത്തിൽ പ്രവർത്തിക്കുവാൻ മാണി സാറിനും ധനകാര്യ വകുപ്പിനും കഴിഞ്ഞത്.

ഭവന നിർമ്മാണം, റിയൽ എസ്റ്റേറ്റ്, മറ്റ് നിർമ്മാണ മേഖലകൾ എന്നിവയിലെല്ലാം തളർച്ചയുണ്ടായ ഒന്നുരണ്ടു വർഷക്കാലമുണ്ടായിരുന്നു. അതിവിടെ മാത്രമല്ല, ലോകത്തെല്ലായിടത്തുമുണ്ടായി. ആ വെല്ലുവിളികളെയെല്ലാം അതിജീവിച്ചുകൊണ്ട്, ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പറഞ്ഞതിൽനിന്നും വളരെ ചെറിയ ശതമാനം കുറവുമാത്രമാണ് യഥാർത്ഥത്തിൽ റവന്യൂ വരുമാനത്തിന്റെ കാര്യത്തിലുണ്ടായിരിക്കുന്നത്. ഇപ്പോൾ 10 ശതമാനത്തിന്റെ വളർച്ചയുണ്ടായി. അത് ഇനിയും കൂടുന്ന സാഹചര്യം വരുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. കാരണം, യു.പി.എ. സർക്കാർ നടപ്പിലാക്കാൻ ആഗ്രഹിച്ച ജി.എസ്.ടി. കേന്ദ്രത്തിൽ നാളെ അവതരിപ്പിക്കാൻ പോകുന്ന ബഡ്ജറ്റിൽ വരുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അത് പറയുമ്പോഴും ഒരാശങ്കയുണ്ട്. യു.പി.എ. സർക്കാർ ഇത് നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ അതിശക്തമായി എതിർത്ത മുഖ്യമന്ത്രിമാരിലൊരാളായിരുന്നു ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന ശ്രീ. നരേന്ദ്രമോദി. എന്നാൽ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. അരുൺ ജയ്റ്റ്ലി ബഡ്ജറ്റിനുമുമ്പ് പറയുന്ന അഭിപ്രായങ്ങൾ പരിശോധിച്ചാൽ, ഒരുപക്ഷെ ജി.എസ്.ടി. ഈ ബഡ്ജറ്റിൽത്തന്നെ യാഥാർത്ഥ്യമാകുമെന്നാണ് കരുതുന്നത്. 'വാറ്റ്' ന്റെ കാര്യത്തിൽ അന്ന് എതിർക്കുകയും പിന്നീട് അതിന്റെ ഗുണം ലഭിച്ചപ്പോൾ അതിനെ അംഗീകരിക്കാതിരിക്കുകയും ചെയ്തതുപോലെ, ജി.എസ്.ടി.-യുടെ കാര്യത്തിലും നമ്മൾ വലിയൊരു ബെനിഫിഷ്യറിയാകാൻ പോകുകയാണ്. നമ്മുടെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ മേഖലാ വിതരണത്തിന്റെ കണക്കുകൾ പരിശോധിക്കുമ്പോൾ പ്രാഥമിക മേഖലയിൽ 9.54 ശതമാനവും ദ്വിതീയ മേഖലയിൽ 23.94 ശതമാനവും ത്രിതീയ മേഖലയിൽ 66.72 ശതമാനവുമാണ്. ത്രിതീയ മേഖലയിലാണ് ഏറ്റവും



LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ ഉൽപ്പാദനമുള്ളത്. അതുകൊണ്ട്, ജി.എസ്.ടി. രാജ്യത്ത് നടപ്പിലാക്കിക്കഴിയുമ്പോൾ സ്വാഭാവികമായും അതിന്റെ ഒന്നാമത്തെ ബെനിഫിഷ്യറിയാകാൻ കഴിയുന്ന സംസ്ഥാനം കേരളമാണ്. ആദ്യത്തെ മൂന്നുമാസംതന്നെ റവന്യൂ വരുമാനത്തിൽ 10 ശതമാനം വളർച്ചാ നിരക്ക് കാണിക്കുമ്പോൾ, ജി.എസ്.ടി. യാഥാർത്ഥ്യമായിക്കഴിഞ്ഞാൽ മാണിസാർ നിയമസഭയിൽ പറഞ്ഞതിനെക്കാൾ കൂടുതലായിരിക്കും യഥാർത്ഥത്തിലുള്ള റവന്യൂ വരുമാനമെന്നുള്ളത് നമുക്ക് പ്രതീക്ഷയോടുകൂടി നോക്കിക്കാണാൻ കഴിയുന്ന സാഹചര്യം സംസ്ഥാനത്ത് ഇന്ന് നിലനിൽക്കുകയാണ്. മറ്റ് മേഖലകളെക്കുറിച്ച് ഇവിടെ പലരും പറഞ്ഞതുകൊണ്ട് ഞാനത് ആവർത്തിക്കുന്നില്ല. നോൺ-ടാക്സ് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് കൂടുതൽ തീരുമാനങ്ങൾ എടുക്കേണ്ട സമയമാണിത്. പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി 79 ഡിപ്പാർട്ടുമെന്റുകളിൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കി നിയമസഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ, നോൺ-ടാക്സ് റവന്യൂ വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ അക്കമിട്ട് പറഞ്ഞിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് അപ്പാടെ നടപ്പിലാക്കണമെന്ന അഭിപ്രായക്കാരനല്ല ഞാൻ. എൽ.ഡി.എഫ്.-ന്റെയും യു.ഡി.എഫ്.-ന്റെയും കാലത്തു വന്നതായ പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടുകളിൽ നമുക്ക് സ്വീകരിക്കാവുന്നതും തള്ളാവുന്നതുമായ കാര്യങ്ങളുണ്ടായിരുന്നു. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ, നോൺ-ടാക്സ് റവന്യൂവിൽ വരുമാനം വർദ്ധിപ്പിക്കാവുന്ന മേഖലകളിൽ വരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യതകൾ കണ്ടെത്തണം. സമയക്കുറവുള്ളതുകൊണ്ട് ഞാൻ അതിന്റെ ഡീറ്റെയിൽസിലേക്ക് പോകുന്നില്ല.

നോൺ-ടാക്സ് റവന്യൂവിൽ പ്രധാനമായി നമുക്ക് കിട്ടുന്ന വരുമാനം ലോട്ടറിയിൽനിന്നാണ്. രാഷ്ട്രീയ തീരുമാനത്തിൽക്കൂടിയാണ് ഒരു ഗവൺമെന്റിന്റെ മാറ്റം അനുഭവപ്പെടുന്നത്. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിലെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി രാഷ്ട്രീയപരമായ തീരുമാനങ്ങളെടുത്തിട്ടുണ്ട്; ആ തീരുമാനങ്ങൾ ഗവൺമെന്റിന്റെ പോളിസിയായി മാറിയിട്ടുണ്ട്. അത് ലോട്ടറി പോളിസിയിലുമുണ്ടായിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അന്യസംസ്ഥാന ലോട്ടറി മാഫിയകളെ സഹായിക്കാനാണ് ലോട്ടറി നടത്തിയത്, അന്ന് സാന്റിയാഗോ മാർട്ടിൻ അതിന്റെ ബെനിഫിഷ്യറിയായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ലോട്ടറി പോളിസി ചെയ്ഞ്ച് ചെയ്തപ്പോൾ കാൻസർ രോഗികളും ഹൃദ്രോഗികളും ഡയാലിസിസ് ചെയ്യുന്ന പാവപ്പെട്ടവരും അതിന്റെ ബെനിഫിഷ്യറിയായി. മാത്രമല്ല, 2011-12-ൽതന്നെ, സംസ്ഥാനത്ത് ലോട്ടറിയിൽനിന്നുള്ള വരുമാനം 571 കോടി രൂപയിൽനിന്നും 1282 കോടിരൂപയായി മാറി. അതിന്റെ ലേറ്റസ്റ്റ് കണക്ക് ശ്രീ. വി. ഡി. സതീശൻ ഇവിടെ പറയുകയുണ്ടായി. ശ്രീ. കെ. എം. മാണി കൊണ്ടുവന്ന കാരുണ്യ ലോട്ടറി ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്കും മാതൃകയാണ്. ഒരു ഗവൺമെന്റിന്റെ ഭരണം മാറുമ്പോൾ ജനങ്ങൾക്കതിനെക്കുറിച്ച് അനുഭവപ്പെടുന്നത് ഇങ്ങനെയൊക്കെയാണ്. പ്രതിപക്ഷത്തുനിന്ന് പ്രസംഗിച്ചവർ ആരെങ്കിലും കാരുണ്യ ലോട്ടറി കൊണ്ടുവന്നതിനെക്കുറിച്ച് അഭിനന്ദിക്കേണ്ടതായിരുന്നു. പാവപ്പെട്ടവന് രോഗം വന്നാൽ ചികിത്സയ്ക്കാവശ്യമായ മുഴുവൻ തുകയും കാരുണ്യവഴി

LIBRARY ARCHIVES Kerala Legislative Assembly

Page 36 of 59

ലഭ്യമാകുന്ന സാഹചര്യത്തെ അഭിനന്ദിക്കുന്നതുകൊണ്ട് എന്തെങ്കിലും തെറ്റുണ്ടോ? അഭിനന്ദിക്കുന്നതുവഴി നമ്മുടെ സാംസ്കാരിക നിലവാരം ഉയരുകയാണ് ചെയ്യുന്നത്. നമ്മുടെ അനശ്വരനായ ഭരതനെക്കുറിച്ച്-തിരക്കഥയിൽ ഒരു ഭരതൻ ടച്ച്, സംവിധാനത്തിൽ ഭരതൻ ടച്ച്, സംഗീതത്തിൽ ഭരതൻ ടച്ച് എന്നൊക്കെ പറയാറുണ്ട്. അതുപോലെ, കാരുണ്യത്തിലും കരുതലിലുമുള്ള കെ. എം. മാണി ടച്ചാണ് കാരുണ്യ ബെനവലന്റ് ഫണ്ടും കാരുണ്യ ലോട്ടറിയും. അത്തരം മാതൃകകൾ ഇനിയും സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയണം.

അതുപോലെ നോൺ-ടാക്സ് റവന്യൂവിന്റെ മറ്റൊരു മേജർ കോൺട്രിബ്യൂഷൻ ഫോറസ്റ്റാണ്. ഇതുസംബന്ധിച്ച് നേരത്തെ നിയമസഭയിൽത്തന്നെ അടിയന്തരപ്രമേയമായും സബ്മിഷനായുമൊക്കെ കടന്നുവരുന്ന വിവിധ കാര്യങ്ങളുണ്ട്, ഞാനതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഫോറസ്റ്റിൽനിന്നും എടുക്കാവുന്ന വരുമാനത്തെക്കുറിച്ച് പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിൽ കൃത്യമായ നിർദ്ദേശങ്ങളുണ്ട്. ആ നിർദ്ദേശങ്ങൾ സ്വീകരിക്കാൻ ശ്രീ. കെ. എം. മാണി തയ്യാറാകണം. അങ്ങനെ വരുമ്പോൾ ഇനിയും നമുക്ക് റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. ഇന്ത്യയിൽ ജിഎസ്ഡിപി-യുടെ റേറ്റിൽ നമ്മൾ ഒന്നാം സ്ഥാനത്താണ്. അതിനാനുപാതികമായി പ്ലാനിൽ വളർച്ചയുണ്ടാക്കാൻ നമുക്ക് കഴിയുന്നില്ല. നമ്മുടെ പ്ലാൻ ഇപ്പോഴും ഇരുപതിനായിരം കോടിരൂപയാണ്. ജി.എസ്.ഡി.പി.-യുടെ വളർച്ചക്കനുസരിച്ച് നമുക്ക് റവന്യൂ വരുമാനമുണ്ടാകുന്നില്ല. ശ്രീ. വി. ഡി. സതീശൻ സൂചിപ്പിച്ചതുപോലെ, ടാക്സ് നെറ്റിലേക്ക് കൊണ്ടുവരേണ്ടത് ആരെയാണെന്നതിനെ സംബന്ധിച്ച് കൃത്യമായ പഠനമുണ്ടാകണം. നമ്മുടെ വ്യാപാരി-വ്യവസായികൾ പ്രസംഗിക്കുമ്പോൾ പറയുന്നത് അവരുടെ സംഘടിത ശക്തി 27 ലക്ഷമാണെന്നാണ്. പക്ഷെ, സെയിൽസ് ടാക്സിന്റെ നെറ്റിലേക്ക് വരുന്നത് വെറും 2 ലക്ഷത്തിനടുത്തുമാത്രമാണ്. അപ്പോൾ എവിടെയാണ് ബാക്കി 25 ലക്ഷം വ്യാപാരികൾ? എന്നാൽ ജനങ്ങൾ ടാക്സ് കൊടുക്കുന്നുമുണ്ട്, ഗവൺമെന്റിന് കിട്ടുന്നുമില്ല. അതിനാൽ, വളരെ കൃത്യമായ, ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ടാക്സ് നെറ്റ് വിപുലീകരിക്കാനുള്ള നടപടിയുണ്ടാകണം.

ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കഴിഞ്ഞ ദിവസത്തെ ജന്മഭൂമി പത്രം വായിച്ചപ്പോൾ എനിക്ക് വളരെ വിഷമമുണ്ടായി. പരുമല ദേവസ്വംബോർഡ് സ്കൂളിൽ 4,000 രൂപ മുടക്കി സ്ഥാപിച്ച പച്ച ബോർഡുകൾ എ.ബി.വി.പി. പ്രവർത്തകർ സമരംചെയ്തതിന്റെ അടിസ്ഥാനത്തിൽ മാറ്റിയെന്നാണ് പറയുന്നത്. ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഐ.ഐ.റ്റി.-കളും ഐ.ഐ.എം.-ഉം പച്ച ബോർഡിലാണ്. ഐ.സി.എസ്.ഇ. സ്കൂളുകളിലും സി.ബി.എസ്.ഇ.-സ്കൂളുകളിലുമെല്ലാം പച്ചബോർഡ് വന്നു. ഇവിടെ ബി.ജെ.പി.-ക്കാരനും എ.ബി.വി.പി.- ക്കാരനും പറയുന്നത് അവരുടെ രാഷ്ട്രീയമാണ്. പക്ഷെ, ശാസ്ത്രീയമായിട്ടാണെങ്കിൽ ഇത് മലപ്പുറത്തുമാത്രമായി വിദ്യാഭ്യാസ വകുപ്പ് എന്തിനാണ് നടപ്പിലാക്കുന്നത്, ഈ ശാസ്ത്രീയത എല്ലാ കുട്ടികൾക്കും കിട്ടേണ്ടതല്ലേയെന്ന് ദക്ഷിണാമൂർത്തി എന്ന ഒരു സി.പി.എം. നേതാവിന്റെ പ്രസ്താവന ഞാൻ പത്രത്തിൽ വായിച്ചു. ഇത് ജനങ്ങളെ

തെറ്റിദ്ധരിപ്പിക്കുന്ന പ്രസ്താവനയല്ലേ; വിദ്യാഭ്യാസ വകുപ്പ് അങ്ങനെ ഒരുത്തരവിറക്കിയിട്ടുണ്ടോ; മലപ്പുറത്തങ്ങനെ വ്യാപകമായി ചെയ്യുന്നുണ്ടോ; ശ്രീ. എ. പ്രദീപ് കുമാറിന്റെ മണ്ഡലത്തിലങ്ങനെ ചെയ്തിട്ടില്ലേ?

ശ്രീ. എം. ഉമ്മർ : സർ, ഐ.ഐ.റ്റി. പോലുള്ള സ്ഥാപനങ്ങളൊക്കെ തന്നെ പച്ച ബോർഡുകളിലാണെന്നുള്ളത് കഴിഞ്ഞ ദിവസത്തെ മാതൃഭൂമി പത്രത്തിൽ ചിത്രംസഹിതം വന്നിരുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, അതാണ് ഞാൻ പറഞ്ഞത്. എന്തിനാണ് എ.ബി.വി.പി.-യും ബി.ജെ.പി.-യും പറയുന്നത് ആവർത്തിച്ച് പറഞ്ഞുകൊണ്ട് നിങ്ങൾ അവരുടെ ടീമായി തരംതാഴുന്നത്?

ശ്രീ. എ. പ്രദീപ്കുമാർ: സർ, എന്റെ പേരുകൂടി പരാമർശിച്ചതുകൊണ്ട് പറയുകയാണ്. പച്ച ബോർഡ് വയ്ക്കുന്നതല്ല, പച്ചയെ കൈകാര്യം ചെയ്യുന്നരീതിയാണ് വിവാദമുണ്ടാക്കുന്നത്. തെരഞ്ഞെടുപ്പിന് ജയിച്ചാൽ പോത്തിന്റെ പുറത്ത് പച്ച പെയിന്റടിക്കുക, ദേഷ്യം വന്നാൽ എതിർ രാഷ്ട്രീയ പാർട്ടിയുടെ ഓഫീസിന് പച്ച പെയിന്റടിക്കുക എന്ന രീതിയാണ് പ്രശ്നം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, നമ്മുടെ സമൂഹത്തിൽ ഇത്തരത്തിലൊരു ചേരിതിരിവുണ്ടാക്കുന്ന പ്രസ്താവനകളൊഴിവാക്കണം. അടവുനയത്തിന്റെ കാലംകഴിഞ്ഞു. സുതാര്യമായ, നിഷ്കളങ്കമായ രാഷ്ട്രീയത്തിന് മാത്രമേ ഇനി നിലനിൽപ്പുള്ളൂ. ഒരുവശത്ത് നിങ്ങൾ എ.ബി.വി.പി.-യോടൊപ്പം നിന്ന് പച്ച ബോർഡിനെ എതിർക്കുന്നു. മറുവശത്ത് സദ്ദാം ഹുസൈന്റെ പട്ടാളക്കാരെന്ന് പറഞ്ഞ് സദ്ദാം ഹുസൈന്റെ പേരിൽ കയ്യടി വാങ്ങുന്നു. സദ്ദാം ഹുസൈനെ നിങ്ങൾ എന്തിനാണ് അനുകൂലിക്കുന്നത്? സദ്ദാം ഹുസൈനെ തൂക്കിലേറ്റിയപ്പോൾ അവിടെ മധുരം വിതരണം ചെയ്തത് ഇറാഖി കമ്മ്യൂണിസ്റ്റ് പാർട്ടിക്കാരാണ്. അവിടെ സദ്ദാം ഹുസൈൻ കൂടുതൽ കൊലപ്പെടുത്തിയത് കമ്മ്യൂണിസ്റ്റുകാരെയാണ്. സദ്ദാം ഹുസൈനെ തൂക്കിലേറ്റിയപ്പോൾ ഇറാഖി കമ്മ്യൂണിസ്റ്റ് പാർട്ടി അവിടെ ലഡുവിതരണം ചെയ്തു, അത് പച്ച ലഡുവാണോ മഞ്ഞ ലഡുവാണോ എന്നെനിക്കറിയില്ല. ഇവിടെ നിങ്ങൾ സദ്ദാം ഹുസൈന്റെ പേരിൽ അടവുനയം സ്വീകരിച്ച് മുസ്ലീം വോട്ട് നേടാൻ ശ്രമിക്കുകയാണ്. അടവ് നയത്തിന്റെ കാലം കഴിഞ്ഞു. സുതാര്യമായ, നിഷ്കളങ്കമായ രാഷ്ട്രീയത്തിലേക്ക് നിങ്ങൾ കടന്നുവരണം. അതുകൊണ്ട് കേരളത്തിന്റെ സമ്പദ്വ്യവസ്ഥയെ പ്രൊഫഷണലായ ഒരു ഫിനാൻസ് മാനേജ്മെന്റിൽക്കൂടി മുന്നോട്ട് നയിക്കുന്ന മാണി സാർ അവതരിപ്പിച്ച ധനകാര്യ ബില്ലുകളെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ: സർ, ധനകാര്യ ബില്ലുകളെ എതിർക്കുന്നു. നമ്മുടെ സംസ്ഥാനം അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നു എന്നതിന്റെ ലക്ഷണങ്ങൾ വളരെ പ്രകടമാണ്. പ്രതിസന്ധിയില്ല

12.50 PM] എന്ന് നേതൃത്വം ആവർത്തിച്ച് പ്രഖ്യാപിക്കുമ്പോഴും പ്രതിസന്ധി ഉമ്മറപ്പടി കടന്ന് അകത്തേയ്ക്ക് കടന്നിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. ശ്രീ. പി. സി. വിഷ്ണുനാഥ് സംസാരിച്ചപ്പോൾ റവന്യൂ കമ്മി ഉണ്ടായിട്ടില്ലെന്ന് പറഞ്ഞു. കഴിഞ്ഞ 17-ാം തീയതി എന്റെ ഒരു ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടി റവന്യൂ കമ്മി

LIBRARY ARCHIVES Kerala Legislative Assembly

കുത്തനെ ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നാണ്. റവന്യൂ വരുമാനത്തിൽ 10,621 കോടിരൂപയുടെ കുറവുണ്ടായിട്ടുണ്ടെന്ന് പത്രങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. പിന്നെ എങ്ങനെയാണ് ശ്രീ. പി. സി. വിഷ്ണുനാഥ് ഇക്കാര്യം പറഞ്ഞതെന്ന് എനിക്കറിയില്ല. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം സൂചിപ്പിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്ത് ദീർഘനാളത്തെ ഇടവേളയ്ക്കുശേഷം വീണ്ടും ട്രഷറി നിയന്ത്രണം വരാൻ പോവുകയാണ്. യു.ഡി.എഫ്. ഭരിച്ച 2001-2006 കാലയളവിലും ട്രഷറി നിയന്ത്രണമുണ്ടായിരുന്നു. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിക്കുന്ന കാലഘട്ടത്തിൽ ചെലവ് ചുരുക്കൽ നടപടികൾക്കുപകരം കൂടുതൽ വികസനപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി ജനങ്ങളുടെ കൈകളിലേക്ക് പണം എത്തിക്കുന്ന നിലപാടാണ് സ്വീകരിച്ചിരുന്നതെന്ന് നമുക്ക് വ്യക്തമായി അറിയാം. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽനിന്ന് പോകുമ്പോൾ, ഏപ്രിൽ 1-ാം തീയതി ട്രഷറിയിലുണ്ടായിരുന്ന ബാലൻസ് 3,881 കോടി രൂപയാണെന്ന് യു.ഡി.എഫ്. തന്നെ 2011 ജൂലൈ 19-ാം തീയതി പുറത്തിറക്കിയ ധവളപത്രത്തിൽ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ലോകത്തൊട്ടാകെ വലിയ സാമ്പത്തിക പ്രതിസന്ധിയുണ്ടായിരുന്ന കാലഘട്ടമായിരുന്നു അത്. അന്ന് വിഭവസമാഹരണത്തിലും നികുതി പിരിച്ചെടുക്കുന്ന കാര്യത്തിലും കാര്യക്ഷമമായ പ്രവർത്തനം നടത്താൻ കഴിഞ്ഞുവെന്നതിന്റെ ഉദാഹരണമാണ് റവന്യൂ വരുമാനം വർദ്ധിപ്പിക്കാനും നികുതി പിരിവിൽ 22 ശതമാനത്തിന്റെ വളർച്ച കൈവരിക്കാനും കഴിഞ്ഞത്. ഈ സർക്കാരിന്റെ കാലത്ത് നികുതി പിരിക്കുന്നതിൽ 11 ശതമാനം കുറവ് വന്നിരിക്കുന്നു എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഇപ്പോൾ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ അവഗണിച്ചുകൊണ്ട്, നികുതി കുടിശ്ശിക വരുത്തുന്ന മുതലാളിമാർക്ക് നിർബാധം സ്റ്റേ അനുവദിച്ചുകൊടുക്കുകയാണ്. സംസ്ഥാനത്ത് നികുതിവെട്ടിപ്പ് നടക്കുന്നുവെന്നതിന് നമ്മുടെ മുന്നിൽ ഒട്ടേറെ ഉദാഹരണങ്ങളുണ്ട്. നികുതി വെട്ടിപ്പ് തടയുന്നതിനുള്ള സംവിധാനങ്ങൾ ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ കാലത്തുണ്ടായിരുന്നു. ആ സംവിധാനങ്ങളാകെ ഇന്ന് തകിടംമറിച്ചിരിക്കുന്നു. 2,500 കോടിയിലധികം രൂപയുടെ പുതിയ നികുതികളാണ് സാധാരണക്കാരായ ജനങ്ങളുടെ മേൽ ഈ ഗവൺമെന്റ് അടിച്ചേൽപ്പിച്ചിട്ടുള്ളത്. എന്നിട്ടും വരുമാന വർദ്ധനവുണ്ടാകുന്നില്ല. ഫിനാൻസ് മാനേജ്മെന്റിന്റെ കഴിവില്ലായ്മയെയാണ് അത് സൂചിപ്പിക്കുന്നത്. 2013-14 സാമ്പത്തിക വർഷത്തിൽ നികുതി വരുമാനം 39,462.71 കോടിരൂപയാണ്, ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ 4,224.4 കോടിരൂപയുടെ കുറവുണ്ടായി. ഫിനാൻസ് മാനേജ്മെന്റിന്റെ ഉദാസീനതയാണിത് വ്യക്തമാക്കുന്നത്. നമ്മുടെ ട്രഷറിയിലുണ്ടായിരുന്ന കോടിക്കണക്കിന് രൂപയുടെ സേവിംഗ്സ് ബാങ്ക് നിക്ഷേപം പുതുതലമുറ ബാങ്കുകൾ കൈക്കലാക്കുന്നതിനുള്ള അവസരം ഈ ഗവൺമെന്റ് ഉണ്ടാക്കിയിരിക്കുകയാണ്. ധനകാര്യ വകുപ്പ് മുൻ മേധാവിയായ ശ്രീ. വി. പി. ജോയിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഫണ്ട് ട്രഷറിയിൽനിന്നും ബാങ്കുകളിലേക്ക് മാറ്റിയത്. അക്കാര്യത്തിൽ അദ്ദേഹത്തിന് വ്യക്തിപരമായ താത്പര്യമുണ്ടായിരുന്നിരിക്കാം. എന്നാലത് കേരളത്തിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടാക്കിയെന്നത് യാഥാർത്ഥ്യമാണ്. ആ സാഹചര്യത്തിലാണ് സേവിംഗ്സ് ബാങ്ക് തുക ട്രഷറിയിലേക്ക് മടക്കിക്കൊണ്ടുവരാൻ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവിറക്കിയത്. വെറും 200 കോടിരൂപ മാത്രമാണ് ട്രഷറിയിലേക്ക് മടങ്ങി വന്നത്. ഞാനതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഇത്തരത്തിൽ ഇരുട്ട് കൊണ്ട് ഓട്ടയടയ്ക്കാനുള്ള ശ്രമം നമ്മുടെ സംസ്ഥാനത്ത് കൂടുതൽ പ്രതിസന്ധി ക്ഷണിച്ചുവരുത്തുമെന്നതിൽ യാതൊരു തർക്കവുമില്ല. വികസന പ്രതിസന്ധിയും ഭരണത്തകർച്ചയും ദൈവത്തിന്റെ സ്വന്തം നാടിനെ ഇരുളടഞ്ഞ ലോകത്തിലേക്കാണ് നയിക്കുക എന്നത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കാണേണ്ടതാണ്.

ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 78,673.24 കോടിരൂപയായിരുന്നു കേരളത്തിന്റെ കടബാദ്ധ്യത. മാർച്ച് 31-ാം തീയതി വരെയുള്ള കണക്കനുസരിച്ച് ഇപ്പോഴത് 1,17,595.70 കോടിരൂപയാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സഭയിൽ നൽകിയ മറുപടിയിൽ പറയുന്നത് 1,31,578.83 കോടിരൂപയായി പൊതുകടം വർദ്ധിച്ചിരിക്കുന്നുവെന്നാണ്. അങ്ങനെ വർദ്ധിക്കുമ്പോൾ അതിന്റെ നേട്ടം നമ്മുടെ സംസ്ഥാനത്ത് കാണേണ്ടതല്ലേ? വാർഷിക പദ്ധതിയിൽത്തന്നെ 4,300 കോടിരൂപ ചെലവഴിക്കാതെയുണ്ട്. കേന്ദ്രത്തിൽനിന്ന് കിട്ടുന്ന ഫണ്ട് പൂർണ്ണമായും ചെലവഴിക്കാൻ കഴിയുന്നുണ്ടോ; 64 ശതമാനം കേന്ദ്ര ഫണ്ട് മാത്രമാണ് കേരളത്തിൽ ചെലവഴിച്ചിട്ടുള്ളതെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ശമ്പളവും ഡി.എ.-യും ക്ഷേമ പെൻഷനും കൊടുക്കാൻ കടമെടുക്കേണ്ട സാഹചര്യത്തിലേക്ക് കേരളം എത്തിയത് ധനമാനേജ്മെന്റ് കാര്യക്ഷമമല്ലാത്തതുകൊണ്ടാണ്. കേന്ദ്രത്തിൽനിന്ന് 12,000 കോടിരൂപ കടമെടുക്കാനുള്ള അനുമതിയാണ് നമുക്കുള്ളത്. 22 ശതമാനത്തോളം പദ്ധതികൾ നടപ്പിലാക്കിയപ്പോൾ 7,000 കോടിരൂപ എടുത്തുകഴിഞ്ഞു. ഇനി അയ്യായിരം കോടിരൂപയാണ് ബാക്കിയുള്ളത്. ഈ അവസരയിൽ ഗവൺമെന്റിന് എങ്ങനെ മുന്നോട്ടുപോകാൻ കഴിയുമെന്ന കാര്യത്തിൽ ആശങ്കയുണ്ട്. ഈ ഭാരഭാരം സാധാരണക്കാരായ ജനങ്ങളുടെ മേൽ കെട്ടിവയ്ക്കാൻ ഗവൺമെന്റ് യാതൊരുമടിയും കാണിക്കുന്നില്ല.

1976-ലെ മോട്ടോർ വാഹന ടാക്സേഷൻ ആക്ടിൽ അമെന്റ്മെന്റ് വരുത്തി എടുത്ത തീരുമാനങ്ങൾ സാധാരണക്കാരായ ജനങ്ങളെ പ്രയാസപ്പെടുത്താൻ മാത്രമാണുതകുന്നത്. ഈ മേഖലയിലെ തൊഴിലാളികളുടെമേൽ മാത്രമല്ല യാത്രക്കാരുടെമേലും ആ ഭാരഭാരം വരുമെന്നകാര്യത്തിൽ തർക്കമില്ല. നമ്മുടെ സംസ്ഥാനത്ത് വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്, 75 ശതമാനം കുടുംബങ്ങളിലും വാഹനങ്ങളുണ്ട് എന്നതാണ് ഏകദേശ കണക്ക്. ഒരു വർഷത്തേയ്ക്ക് അടയ്ക്കാൻ കഴിയുമായിരുന്ന വാഹന നികുതി ഇനി മുതൽ 5 വർഷത്തേയ്ക്ക് ഒരുമിച്ചടയ്ക്കണമെന്ന് പറയുമ്പോൾ സാധാരണക്കാരന് അധികഭാരം വന്നു എന്നല്ലാതെ എന്തുനേട്ടമാണുണ്ടാകുന്നത്? അത് തിരുത്തപ്പെടണമെന്ന അഭിപ്രായം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. സംസ്ഥാനത്ത് 8,000 കോടിരൂപ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്. കുടിശ്ശിക പിരിക്കുന്ന കാര്യത്തിൽ ധനകാര്യ മാനേജ്മെന്റ് കടുത്ത പരാജയമാണ്. കുടിശ്ശികയെ സംബന്ധിച്ച് ഹൈക്കോടതിയിലും സുപ്രീംകോടതിയിലും അപ്പലേറ്റ് അതോറിറ്റിയിലും കേസ്സുകളുണ്ട്. അത്തരം കേസ്സുകളിലെ നിയമക്കുരുക്ക് ഒഴിവാക്കാൻ അടിയന്തരമായി ഗവൺമെന്റ് ഇടപെടുകയും ധനകാര്യ വകുപ്പ് അതിന് നേതൃത്വം കൊടുക്കുകയും വേണം.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ മറ്റൊരു പ്രധാന വരുമാനമാണ് ചെക്ക്പോസ്റ്റുകളിൽനിന്നുള്ള വരുമാനം. അവയുടെ ഇന്നത്തെ അവസ്ഥയെന്താണ്? ചെക്ക്പോസ്റ്റുകളിൽ വലിയ രീതിയിലുള്ള അഴിമതിയും വരുമാന ചോർച്ചയും നടക്കുകയാണ്. അവ നിയന്ത്രിക്കുന്നതിനുള്ള നിലപാട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിച്ചിരുന്നു. ഇന്ന് അവയെല്ലാം അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. അടുത്തകാലത്ത് വന്ന ഒരു വാർത്ത ഉദാഹരണമായി പറയാം. വാളയാർ വാണിജ്യ വകുപ്പ് ഓഫീസിലെ കണക്കുപ്രകാരം 2014 മേയ് മാസം 10-ാം തീയതി ഉച്ചയ്ക്ക് 2 മണി മുതൽ 24 മണിക്കൂർ നേരം വാളയാർ ചെക്ക് പോസ്റ്റിലൂടെ കടന്നുപോയിട്ടുള്ളത് 4 വാഹനങ്ങളാണ്, കിട്ടിയ നികുതി 1.72 ലക്ഷം രൂപ. അതേ സ്ഥലത്ത് ഒരാഴ്ച കഴിഞ്ഞ് വിജിലൻസ് 24 മണിക്കൂർ പരിശോധന നടത്തിയപ്പോൾ കടന്നുപോയ വാഹനങ്ങളുടെ എണ്ണം 76-ഉം നികുതിയിനത്തിൽ പിരിഞ്ഞുകിട്ടിയ തുക 1.24 കോടിരൂപയുമാണ്. വാളയാർ ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥർ 6 വാഹനങ്ങളിൽനിന്നായി 1.72 ലക്ഷംരൂപ പിരിച്ചെടുത്ത സ്ഥാനത്ത് വിജിലൻസ് പരിശോധന നടത്തിയപ്പോൾ ലഭിച്ചത് 1.24 കോടി രൂപയാണ്. നികുതി വെട്ടിപ്പിന് ഉദ്യോഗസ്ഥർ എത്രത്തോളം നേതൃത്വം കൊടുക്കുന്നുവെന്നതിന്റെ ഏറ്റവും വലിയ ദൃഷ്ടാന്തമാണിത്. ചെക്ക്പോസ്റ്റുകളിലെ ഇത്തരത്തിലുള്ള ഇടപാടുകൾ നിയന്ത്രിക്കണം. കേരളത്തിന് വരുമാനം ലഭിക്കുന്ന സ്രോതസ്സുകളിൽനിന്ന് നികുതി പിരിച്ചെടുക്കാൻ ശക്തമായ നിലപാട് സ്വീകരിക്കാൻ സർക്കാർ എന്തിനാണ് മടിച്ചുനിൽക്കുന്നത്?

ബഡ്ജറ്റ് പ്രസംഗവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ ഒരുകാര്യം, ഒരു രൂപ ടോക്കൺ എമൗണ്ടുണ്ടെങ്കിൽ ആ വർക്കിന് എ.എസ്. കിട്ടുമെന്നാണ്. ഏത് എം.എൽ.എ. കൊണ്ടുവന്നാലും എ.എസ്. നൽകുമെന്നാണ് പറഞ്ഞത്. പക്ഷേ ഇന്നത്തെ സാഹചര്യത്തിൽ ടോക്കൺ എമൗണ്ടുള്ള വർക്കുകളുടെ കാര്യത്തിൽ അനുകൂല നിലപാട് സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പിന് കഴിയുന്നില്ലെന്നതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഇടപെടണമെന്നാണ് എന്റെ അഭിപ്രായം. എം.എൽ.എ.- മാർക്ക് ലഭിക്കുന്ന ആസ്തി വികസന ഫണ്ടിന്റെ പ്രൊപ്പോസൽ കൊടുക്കാനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ഒട്ടേറെ പ്രയാസങ്ങളുണ്ട്. വലിയ സാമ്പത്തിക നഷ്ടമുണ്ടാകുകയാണ്. സമയബന്ധിതമായി വികസനപ്രവർത്തനങ്ങൾ നടക്കാത്തതുമൂലം ഖജനാവിന് വലിയ ചോർച്ചയാണ് സംഭവിക്കുന്നത്. സമയബന്ധിതമായി പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ എസ്റ്റിമേറ്റിനകത്തുനിന്നുകൊണ്ട് കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയും. എ.എസ്., ടി.എസ്. എന്നിവ ലഭിച്ച് നടപ്പിലാക്കി വരുമ്പോഴുണ്ടാകുന്ന കാലതാമസംമൂലം ഖജനാവിന് വലിയ ചോർച്ചയാണെന്നുള്ളതുകൊണ്ട് ഭരണ തലത്തിൽ തന്നെ വലിയ പൊളിച്ചെഴുത്ത് നടത്തിക്കൊണ്ടുള്ള നിലപാടുകൾ സ്വീകരിക്കേണ്ടതുണ്ടെന്നുകൂടി ഈയവസരത്തിൽ സൂചിപ്പിക്കുകയാണ്. ആസ്തി വികസന ഫണ്ടിന്റെകാര്യത്തിൽ എം.എൽ.എ.-മാർ കൊടുക്കുന്ന പ്രൊപ്പോസലുകളടക്കം തിരിച്ചുവരികയാണ്. ഇത് നടപ്പാക്കേണ്ടതാണോ; ഇത് പ്രായോഗികമായി ചെയ്യാൻ കഴിയുന്നതാണോ എന്ന രീതിയിലുള്ള സംശയം എന്തിനാണ്? ജനങ്ങൾ തരുന്ന പ്രൊപ്പോസലാണ് എം.എൽ.എ.-മാർ നൽകുന്നത്. അതിൽ മറ്റൊരു സംശയമുന്നയിക്കേണ്ടതില്ല. അത്തരത്തിൽ

വരുന്ന കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകളുണ്ടാകണം. ഇപ്പോൾ ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട് കൊണ്ടുവന്നിട്ടുള്ള സർക്കുലർപ്രകാരം ഈ ഫണ്ടുപയോഗിച്ചുകൊണ്ടുള്ള വർക്കുകൾ സമയബന്ധിതമായി നടപ്പാക്കാൻ കഴിയുന്നതല്ല. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അനുകൂല നിലപാട് സ്വീകരിക്കണം. ഇത്തരം നിലപാടുകളൊക്കെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുവെന്നതുകൊണ്ട് ബില്ലിനോടുള്ള വിയോജിപ്പ് അറിയിക്കുകയാണ്.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ധനകാര്യ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നതെന്ന
01.02.PM] പ്രചരണം വളരെ ശക്തമാണ്. ഇത്തരം സാഹചര്യങ്ങൾക്കിടയിലും കേരളത്തിലെ ജനങ്ങളെ അധികമൊന്നും ബാധിക്കാത്തവിധം വികസനരംഗത്തെ മുന്നോട്ടുനയിക്കാൻ ശ്രീ. കെ. എം മാണി സാർ കാണിക്കുന്ന അസാമാന്യമായ വൈഭവമാണ് സംസ്ഥാനത്തെ രക്ഷപ്പെടുത്തുന്നതെന്ന കാര്യത്തിൽ സംശയമില്ല. മറ്റു രാജ്യങ്ങൾക്കും സംസ്ഥാനങ്ങൾക്കുമൊക്കെ മാതൃകയാകുന്ന രീതിയിൽ പത്തുവർഷം കൊണ്ടുണ്ടാകേണ്ട വികസനമുന്നേറ്റം കേവലം മൂന്നുവർഷംകൊണ്ട് ഇവിടെ നടപ്പിലാക്കി കാണിച്ചുകൊടുത്തു. അലാവുദ്ദീന്റെ കയ്യിലെ അത്ഭുതവിളക്കുപോലെ അങ്ങയുടെ പക്കലുള്ള അദൃശ്യമായ കഴിവിന്റെ ഫലമാണ് ഈ മാറ്റമെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. കേരളീയ മാതൃക, അതാണ് കെ.എം. മാണി സാർ എന്നാണ് എനിക്ക് തോന്നുന്നത്. പുതിയ പരിപാടികളും പരിഷ്ക്കരണങ്ങളുമുൾപ്പെടെ അങ്ങയുടേതായി കേരളത്തിന് ധാരാളം സംഭാവനകളുണ്ടായിട്ടുണ്ട്. ഓരോ വകുപ്പിൽ നടന്നിട്ടുള്ളതും കേരള സാഹചര്യങ്ങൾക്കനുസരിച്ച് മുന്നോട്ടുള്ള പദ്ധതികൾക്കായി പ്രഖ്യാപിച്ചിട്ടുള്ളതുമായ മിഷൻ 676 ഇവിടെ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇച്ഛാശക്തിയുള്ള ഒരു സർക്കാരെന്ന നിലയിൽ ഇവയെല്ലാം പ്രാവർത്തികമാക്കുമെന്നുള്ള ഉറപ്പ് നമുക്കുണ്ട്. അതിനുള്ള ധനവിഭവം കണ്ടെത്താനാണ് അങ്ങ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ആ നിർദ്ദേശങ്ങളിൽ എനിക്കുള്ള അഭിപ്രായങ്ങൾ ഞാനിവിടെ രേഖപ്പെടുത്താനാഗ്രഹിക്കുകയാണ്. 1955-ലെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് ഭേദഗതി ചെയ്തുകൊണ്ടാണ് പുതിയ നിർദ്ദേശങ്ങൾ വച്ചിട്ടുള്ളത്. അവ സ്വാഗതാർഹമാണ്. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം ചുമത്തിയിട്ടുള്ള ഫൈൻ കുറയ്ക്കാനുള്ള തീരുമാനം ഇതിൽ പ്രധാനപ്പെട്ടതാണ്. 1,000 രൂപയും അതിൽ കൂടുതലുമുണ്ടായിരുന്നത് 50 രൂപയും 200 രൂപയുമാക്കി കുറച്ചിട്ടുള്ളത് അഭിനന്ദനമർഹിക്കുന്നകാര്യമാണ്. 1959-ലെ സ്റ്റാമ്പ് ആക്ട് പ്രകാരം, സ്റ്റാമ്പ് ഡ്യൂട്ടി നിശ്ചയിക്കുന്നതിന്റെ ഭാഗമായി ഭൂമിയുടെ ഫെയർ വാല്യു അഞ്ച് വർഷത്തിലൊരിക്കലോ സർക്കാർ നിശ്ചയിക്കുന്ന പ്രകാരം നേരത്തെയോ നിശ്ചയിക്കുവാൻ വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥയിലല്ല പ്രശ്നമുള്ളത്. ഇത് സംബന്ധമായി ചട്ടങ്ങളുണ്ടാക്കുമ്പോൾ കേരളത്തിന്റെ ചില പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് ചില കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുകയാണ്. ഒരേ സർവ്വേ നമ്പരിൽത്തന്നെ പലതരം ഭൂമികളുണ്ട്. ചതുപ്പുപ്രദേശങ്ങൾ, മാലിന്യസംസ്കരണ കേന്ദ്രങ്ങൾ, അറവുശാലകൾ,

LIBRARY ARCHIVES Kerala Legislative Assembly

Page 42 of 59

ശ്മശാനങ്ങൾ, മൊബൈൽ ടവറുകൾ എന്നിവ സ്ഥിതിചെയ്യുന്ന സ്ഥലങ്ങൾ എന്നിവയുണ്ട്. ഇത്തരം സ്ഥലങ്ങൾക്കൊക്കെ ന്യായമായ ഇളവ് നൽകിക്കൊണ്ട് വ്യവസ്ഥയിൽ മാറ്റമുണ്ടാക്കണമെന്നതാണ് എന്റെ അഭിപ്രായം. ഒരേ സർവ്വേ നമ്പരിൽ ഈ ഭൂമി ഉൾപ്പെട്ടുപോയാൽ ആ ഭൂമി വിലകൊടുത്തു വാങ്ങാൻ ഇന്ന് പലരും തയ്യാറല്ലെന്നത് യാഥാർത്ഥ്യമാണ്. ആക്ടിൽ പറയുന്ന I(A) റിവിഷൻ നടക്കാത്ത സാഹചര്യത്തിൽ I(B) പ്രകാരം നിശ്ചിത ശതമാനം വർദ്ധനവ് വരുത്തി നോട്ടിഫൈ ചെയ്യാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നുണ്ട്. ഇതിന് പരിധി പറയുന്നില്ല. പരമാവധി പെർസന്റേജ് നിശ്ചയിക്കുന്നത് ഉചിതമായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. അതല്ലെങ്കിൽ പല രീതിയിലും ഇതിനെ വ്യാഖ്യാനിക്കാൻ സാധ്യതയുണ്ട്. മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിനുള്ള എഗ്രിമെന്റിന് 5,000 രൂപ നികുതി ചുമത്തിയത് ഉചിതമായകാര്യം തന്നെയാണ്. എന്നാൽ ഇത്തരത്തിൽ മൊബൈൽ ടവറുകൾ യഥേഷ്ടം സ്ഥാപിക്കുന്നത് ശരിയാണോയെന്നതുകൂടി പരിശോധിക്കണം. ടവറുകളുടെ ആധിക്യം ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. മാത്രമല്ല, കെട്ടിടങ്ങളുടെ മുകളിൽ വളരെ ഉയരത്തിൽ സ്ഥാപിക്കുന്ന ടവറുകൾമൂലം അപകടസാധ്യത വളരെ കൂടുതലാണ്. സുരക്ഷാ പരിശോധനകൾ കൃത്യമായി നടക്കാറില്ല. ഇക്കാര്യത്തിൽ മുൻകരുതൽ വേണം. ഇതിൽ നിന്നുള്ള കളക്ഷനിൽനിന്നും നിശ്ചിത ശതമാനം തുക കാലാകാലങ്ങളിലുള്ള പരിശോധനകൾക്കും അപകടം മുഖേന നഷ്ടമുണ്ടായാൽ താൽക്കാലിക നഷ്ടപരിഹാരം നൽകുന്നതിനുമായി നീക്കിവയ്ക്കുകയും ജില്ലാ ഭരണകൂടം മുഖേന ആവശ്യാനുസരണം വിതരണം ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാവുകയും വേണം. അതോടൊപ്പം ചില പ്രത്യേക സാഹചര്യങ്ങൾമൂലം ടവറിന് സ്ഥലം നൽകിയവർ പലരും ഇന്ന് നിരാശയിലാണ്. തുച്ഛമായ വാടക നിശ്ചയിച്ചാണ് പലരും സ്ഥലം നൽകിയിട്ടുള്ളത്. അവർക്ക് വാടക വർദ്ധിപ്പിച്ചുനൽകുന്നതിനുവേണ്ടിയുള്ള സംവിധാനം കൂടിയുണ്ടാകേണ്ടത് ആവശ്യമാണ്.

കാർഷിക-വിദ്യാഭ്യാസ ലോണുകൾക്ക് ചുമത്തിയിട്ടുള്ള 0.5% സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കിയത് വളരെ നല്ല കാര്യമാണ്. അതോടൊപ്പം കുടുംബശ്രീ യൂണിറ്റുകൾ ചെറുകിട സംരംഭങ്ങൾക്കായി എടുക്കുന്ന ലോണുകൾക്കുകൂടി സ്റ്റാമ്പ് ഡ്യൂട്ടിയൊഴിവാക്കുന്നകാര്യം പരിഗണിക്കുന്നത് കുടുംബശ്രീ യൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകുമെന്നാണ് എനിക്ക് തോന്നുന്നത്. ഈ ബില്ലിൽ ടു സ്റ്റാർ നിലവാരത്തിലും അതിൽ കുറഞ്ഞതുമായ ബാറുകളിലെ വില്പന നികുതി നിരക്ക് ഉയർത്തുന്നതിനുള്ള ഭേദഗതി ഉൾപ്പെടുത്തിയതായി കാണുന്നു. മദ്യം ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരിക എന്നതാണ് യു.ഡി.എഫ്. നയം. ഇക്കാര്യം മുഖ്യമന്ത്രിയും യു.ഡി.എഫ്.-ഉം അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടുള്ള കാര്യവുമാണ്. എന്നാൽ പൂട്ടിയിട്ട നിലവാരം കുറഞ്ഞ ബാറുകളുടെകാര്യത്തിൽ തീരുമാനമായിട്ടുമില്ല. ടൂ സ്റ്റാറിനുതാഴെയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകേണ്ടന്ന തീരുമാനം നിലവിലുള്ള സ്ഥിതിക്ക് ഈ ഭേദഗതി ആവശ്യമില്ലെന്നുള്ളതാണ് എന്റെ അഭിപ്രായം.



LIBRARY ARCHIVES Kerala Legislative Assembly

Page 43 of 59

കേരളത്തിലെ ടാക്സിക്കാർ അനുഭവിക്കുന്ന ഏറ്റവും പ്രയാസകരമായ കാര്യത്തെക്കുറിച്ച് ഇവിടെ പലരും സൂചിപ്പിച്ചു. കേരളത്തിലെ എല്ലാ യൂണിയനുകളും ഒറ്റക്കെട്ടായി ഇക്കാര്യത്തെക്കുറിച്ച് സംസാരിക്കുകയും നിവേദനം നൽകുകയുമൊക്കെ ചെയ്തിട്ടുണ്ട്. ലോണെടുത്തും പണയം വച്ചും വണ്ടിവാങ്ങി ഓടിക്കുന്ന പാവപ്പെട്ട ടാക്സിക്കാർക്ക് ടാക്സിന്റെകാര്യത്തിൽ പരമാവധി ഇളവ് ചെയ്തുകൊടുത്ത് അവരെ സഹായിക്കണമെന്ന ഒരു നിർദ്ദേശം ഈ സന്ദർഭത്തിൽ വയ്ക്കുകയാണ്. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സാമ്പത്തിക ഭദ്രതയുണ്ടാകേണ്ടത് ഉത്തരവാദിത്തമുള്ള ഒരു സർക്കാരിന്റെ ബാധ്യതയാണ്. സാധാരണക്കാരെയും പാവപ്പെട്ടവരെയും ബാധിക്കാത്തവിധം നികുതിഘടനയിൽ മാറ്റമുണ്ടാകണം. നികുതിപിരിവിന്റെകാര്യത്തിൽ വൻകിടക്കാർ പലപ്പോഴും രക്ഷപ്പെടാറാണ് പതിവ്. കർക്കശമായ നിലപാട് ഇക്കാര്യത്തിലുണ്ടാകണം. സർക്കാർ ഖജനാവിലേക്ക് നിയമാനുസൃതം വരേണ്ട വരുമാനം നഷ്ടപ്പെടരുത്. അന്യായമായി നികുതി ചുമത്തിയെന്ന പരാതിയുണ്ടായിട്ടുള്ളവരുടെ കാര്യത്തിൽ ശ്രദ്ധയുണ്ടാകണമെന്നുകൂടി സൂചിപ്പിക്കുകയാണ്. സ്വർണ്ണക്കച്ചവടക്കാരുൾപ്പെടെയുള്ള ആളുകൾ നികുതി ചുമത്തിയതുമായി ബന്ധപ്പെട്ട് അങ്ങയുടെ മുമ്പിൽ സമർപ്പിച്ചിട്ടുള്ള പരാതിയും നിവേദനവും പരിശോധിച്ച് അക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കണം. നിലവിൽ 5000 രൂപയ്ക്കും അതിനുമുകളിൽ വരുന്ന സംഖ്യയ്ക്കുമാണ് റവന്യൂ സ്റ്റാമ്പ് ഉപയോഗിക്കുന്നത്. ഇത് 10,000 രൂപയാക്കി ഉയർത്തണം. അതോടൊപ്പം ആയിരത്തിൽ കൂടുതൽ വരുന്ന നിരക്ക് 5 രൂപയാക്കി ഉയർത്തുന്നതിൽ തെറ്റില്ലെന്ന വ്യക്തിപരമായ അഭിപ്രായംകൂടി ഞാൻ ഇവിടെ രേഖപ്പെടുത്തുകയാണ്. നികുതി പിരിക്കേണ്ടതും കേരളത്തിന്റെ സാമ്പത്തിക ഭദ്രതയുണ്ടാക്കിയെടുക്കേണ്ടതും അത്യാവശ്യമാണെന്ന് കഴിഞ്ഞ കുറേ കാലഘട്ടങ്ങൾക്കിടയിലെ ജനകീയമായ പ്രവർത്തനങ്ങൾ കൊണ്ട് തെളിയിക്കപ്പെട്ട യാഥാർത്ഥ്യങ്ങളാണ്. കാരുണ്യ ബെനവലന്റ് സ്കീം പ്രകാരം 13-5-2014 വരെ 36818 രോഗികൾക്കായി 357.28 കോടിരൂപ ഡയാലിസിസ് സെന്ററുകൾ, താലൂക്ക്-ജില്ലാ ആശുപത്രികൾ, പ്രൈവറ്റ് ആശുപത്രികളുൾപ്പെടെയുള്ള സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്തുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി തന്നിട്ടുള്ള മറുപടിയിൽ കാണുന്നത്.

ഇത്തരം ജനകീയപ്രശ്നങ്ങൾ പരിഹരിക്കുന്നതിലും പാവപ്പെട്ടവരെ സഹായിക്കുന്നതിനുവേണ്ടിയുള്ള പരിപാടികൾ നടപ്പിലാക്കുമ്പോഴും സ്വാഭാവികമായും സാമ്പത്തിക ഭദ്രതയുണ്ടാകേണ്ടത് അനിവാര്യമാണ്. കാരുണ്യ ബെനവലന്റ് സ്കീം മറ്റ് ചില ആശുപത്രികളിലുംകൂടി പരിഗണിക്കണമെന്ന നിർദ്ദേശം ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തണം. മേയ് 1- മുതൽ ആരംഭിച്ച നൂറുദിന കർമ്മ പരിപാടി ശക്തമായി തുടരണം. പുതുതായി രൂപീകരിച്ചിട്ടുള്ള ഇക്കണോമിക് ഇന്റലിജൻസ് വിഭാഗം കാര്യക്ഷമമാക്കാനും അപ്പീൽ കേസ്സുകൾ സമയബന്ധിതമായി പൂർത്തിയാക്കാനും നടപടി സ്വീകരിക്കണം. വമ്പന്മാർ രക്ഷപ്പെടുകയും പരൽമീനുകൾ പിടിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥ മാറണം.

LIBRARY ARCHIVES Kerala Legislative Assembly

കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി വൈദ്യുതി പ്രശ്നമാണ്. വൈദ്യുതിയുണ്ടെങ്കിൽ മാത്രമേ നമ്മുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ കഴിയൂ എന്നുള്ളത് ഒരു സത്യമാണ്. വൈദ്യുതി പ്രതിസന്ധിക്ക് ശാശ്വതപരിഹാരം ഉണ്ടാകണം. മഴയെ മാത്രമാശ്രയിക്കുന്ന പദ്ധതികളാണ് നമ്മുടേത്. ഈ വർഷം വലിയ ആശങ്കയോടെയാണ് കാലാവസ്ഥയെ നോക്കികാണുന്നത്. ഇതിന് ശാശ്വതപരിഹാരം വേണ്ടേ? വിദേശ രാജ്യങ്ങളിൽ പരീക്ഷിച്ച് വിജയിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കണം. ചർച്ചകൊണ്ടും മറുപടികൊണ്ടുംമാത്രം കാര്യമില്ല. യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം ആലോചിച്ച് ഉചിതമായ പദ്ധതികൾ കൊണ്ടുവന്ന് കേരളത്തെ രക്ഷിക്കാൻ ശ്രമിക്കണം. കാറ്റാടിപ്പാടങ്ങളുണ്ടാക്കിയും കടൽവെള്ളം ഉപയോഗിച്ചും വൈദ്യുതി നിർമ്മിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ ഉചിതമായിട്ടുള്ള ദീർഘവീക്ഷണവും ആവശ്യമായ ഫണ്ടും കണ്ടെത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നത് 29.4 ശതമാനം പേർക്കാണെന്നാണ് ഏറ്റവും പുതിയ കണക്ക്. 44 നദികളും ധാരാളം മഴവെള്ളവും ലഭിക്കുന്ന നാടാണെങ്കിലും കടുത്ത വരൾച്ചയെ നാം അഭിമുഖീകരിക്കുകയാണ്. 45 ലക്ഷം കിണറുകൾ മൂന്ന് മീറ്ററോളം താഴ്ന്നുപോയിയെന്നാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഭൂഗർഭ ജലചൂഷണവും മണൽമാഫിയകളുടെ അതിരുവിട്ട മണൽവാരലുകളുമാണ് ഇതിന് കാരണമായി പറയപ്പെടുന്നത്. പരമ്പരാഗത ജലസ്രോതസ്സുകൾപോലും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇവയെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള സംവിധാനമുണ്ടാകണം. മഴവെള്ളം സംഭരിച്ച് കുടിവെള്ളമായി ഉപയോഗിക്കാൻ കഴിയുന്നതിനുള്ള നിയമം കർശനമാക്കണം. നിയമം ലംഘിക്കുന്നവരെ നേരിടാനുള്ള സംവിധാനം നമുക്കുണ്ടാകണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ബില്ലുകളെ ഒരിക്കൽകൂടി പിന്താങ്ങികൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ഞാൻ ഈ ബില്ലുകളെ എതിർക്കുകയാണ്. പാമ്പുകടിയേറ്റവന്റെ തലയിൽ ഇടിത്തീവീഴുന്നതുപോലെയാണ് ഈ ബില്ലിലെ

[1.12 PM] നിർദ്ദേശങ്ങളെ നമ്മുടെ നാട്ടിലെ ജനങ്ങൾ കാണുന്നത്. നമ്മുടെ സംസ്ഥാനം വലിയ സാമ്പത്തിക പ്രതിസന്ധിയിലാണെന്ന കാര്യത്തിൽ ആശങ്കയുണ്ട്. ശ്രീ. ആര്യാടൻ മുഹമ്മദുതന്നെ ഒരിക്കൽ ആ വാചകം ഉപയോഗിക്കുന്നത് ഞാൻ കേട്ടതാണ്. എന്നാൽ വലിയ പ്രതിസന്ധിയൊന്നുമില്ല; ചെറിയ ബുദ്ധിമുട്ടേയുള്ളൂവെന്നാണ് ശ്രീ. കെ. എം. മാണി പറഞ്ഞത്. ഇതൊരു ഭരണസ്തംഭനംപോലെ ജനങ്ങൾക്ക് അനുഭവപ്പെട്ടുതുടങ്ങിയിരിക്കുകയാണ്. പൊതുഭരണ വകുപ്പുമുതൽ എല്ലാവകുപ്പുകളിലും ഇത് അനുഭവപ്പെടുകയാണ്. പൊതുഭരണ വകുപ്പുമായി ബന്ധപ്പെട്ട് മന്ത്രിമാരും വകുപ്പുകളും നിരന്തരം മാറിക്കൊണ്ടിരിക്കുകയാണ്. നിർഭയമായി ഭരണം നടത്താൻ കഴിയാത്ത അവസ്ഥയാണെന്ന് ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ സംഘടനതന്നെ പറയുന്നുണ്ട്. അത്തരത്തിലൊരു സ്തംഭനം അനുഭവപ്പെടുകയാണ്. വിലക്കയറ്റത്തിന്റെ വിഷയമെടുത്ത് പരിശോധിച്ചാൽ, വിലക്കയറ്റം പിടിച്ചുനിർത്താനുള്ള നടപടികൾ ത്വരിതപ്പെടുത്തിക്കൊണ്ടുപോകുന്നതിൽ ബന്ധപ്പെട്ട വകുപ്പിന്റെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായോ എന്ന കാര്യം പരിശോധിക്കണം. എന്തായാലും ഫലപ്രദമായ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ധനകാര്യ മാനേജ്മെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നമുണ്ടെന്നകാര്യം ജനങ്ങൾക്ക് അനുഭവപ്പെടുന്നുണ്ട്. വിലക്കയറ്റം പിടിച്ചു നിർത്താനായി സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽ 21 രൂപയ്ക്ക് അരി വിതരണം ചെയ്യുന്നുണ്ട്. ഒരു സപ്ലൈകോ സൂപ്പർ മാർക്കറ്റിൽ പരിശോധിച്ചാൽ 400 പേർക്ക് കൊടുക്കാനുള്ള അരി മാത്രമേ കാണുകയുള്ളൂ. 20000 കാർഡുള്ളപ്പോൾ 400 പേർക്കാണ് അരി കൊടുക്കുന്നത്. ബാക്കിയുള്ള ആളുകൾ ഇതിന്റെ പേരിൽ ജീവനക്കാരുമായി വഴക്കുണ്ടാക്കുകയാണ്. ഇതുമൂലം ജീവനക്കാർ പ്രതിസന്ധിയിലാണ്. അത്തരത്തിൽ എല്ലാ മേഖലകളിലും സാമ്പത്തിക പ്രതിസന്ധിയനുഭവപ്പെടുന്നുണ്ട്. വെളിച്ചെണ്ണ ഉൾപ്പെടെയുള്ള സബ്സിഡി സാധനങ്ങളുടെ വരവ് നിലച്ചിരിക്കുകയാണ്.

ആരോഗ്യരംഗം പരിശോധിച്ചാൽ, കെട്ടിക്കിടന്ന് നശിക്കുന്നതും കത്തിച്ചു കളയുന്നതുമായ ധാരാളം മരുന്നുകളുണ്ട്. ഇതെല്ലാം ചെയ്യുമ്പോഴും സർക്കാർ ആശുപത്രികളിൽ മരുന്നെത്തിക്കാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുകയാണ്. ഇക്കാര്യങ്ങളിൽ എവിടെയാണ് പ്രശ്നമെന്നത് സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി കാണണം. അല്ലാതെ ഭരണ-പ്രതിപക്ഷം ചേരിതിരിഞ്ഞ് വാദപ്രതിവാദങ്ങൾ നടത്തി പോകുന്നത് ശരിയല്ല. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള പദ്ധതികൾപോലും ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. കരാറുകാർക്ക് പണം കൊടുക്കാനോ പുതിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനോ കഴിയുന്നില്ല. മെയിന്റനൻസ് ജോലികൾ ഏറ്റെടുത്തിരിക്കുന്നവർ പണി അവസാനിപ്പിക്കുകയും കുടിവെള്ള പൈപ്പുകൾ പൊട്ടി ഒഴുകുകയും ചെയ്യുന്ന സ്ഥിതിയാണുള്ളത്. ആരോഗ്യ വകുപ്പിൽ ഡോക്ടർമാരുടെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതുപോലെ വിദ്യാഭ്യാസ രംഗത്ത് അദ്ധ്യാപകരുടെയും സ്റ്റാഫിന്റെയും കുറവുണ്ട്. വിദ്യാർത്ഥികൾക്കുള്ള യൂണിഫോം പോലും സമയത്തിന് കൊടുക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. പല സ്കൂളുകളും ചോർന്നൊലിക്കുന്ന അവസ്ഥയാണുള്ളത്. ഉന്നത വിദ്യാഭ്യാസ രംഗത്തുള്ള ആശങ്കകളെല്ലാം സാമ്പത്തിക പ്രതിസന്ധിയുമായി കൂട്ടിയിണക്കിയാണ് ജനങ്ങൾ കാണുന്നത്. സാമൂഹിക- സുരക്ഷിതത്വ മേഖലയുമായി ബന്ധപ്പെട്ട് ഇന്ന് രാവിലെ ഇവിടെ ശ്രദ്ധ ക്ഷണിക്കലിൽ പറഞ്ഞതുപോലെ, പണ്ടൊക്കെ നമ്മുടെ നാട്ടിൽ പെൻഷൻ കിട്ടുന്ന തൊഴിലാളികൾ ചായക്കടയിൽ ചെന്ന് ഒരു ചായ കുടിച്ചിട്ട് ഇത്രദിവസം കഴിഞ്ഞ് പൈസ തരാമെന്ന് പറയുന്ന സ്ഥിതിയുണ്ടായിരുന്നു. എന്നാൽ ഇന്ന് അവർക്ക് ചായപോലും കടം കിട്ടുന്നില്ല. കാരണം, കൃത്യമായി പെൻഷൻ കിട്ടുന്ന സമയം പറയാൻ അവർക്ക് കഴിയുന്നില്ലെന്നുള്ളതാണ് സത്യം. സാമൂഹിക സുരക്ഷിതത്വ മേഖലകളിൽ പോലും 1,500 കോടി രൂപയുടെ കുടിശ്ശിക കൊടുക്കാനുണ്ട്. ഇത്തരം കാര്യങ്ങളിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുമ്പോൾ ഇതൊക്കെ ഗൗരവമായി കണ്ടുകൊണ്ടുള്ള നിർദ്ദേശങ്ങളാണ് സമർപ്പിക്കേണ്ടത്. അതല്ലാതെ വാദപ്രതിവാദത്തിനുവേണ്ടി മാത്രമെടുക്കരുത്. നേരത്തെ എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞ കാര്യം ഞാൻ ശ്രദ്ധിച്ചു. അദ്ദേഹം ആധികാരികമായി കുറേ കണക്കുകൾ പറഞ്ഞു. അക്കാര്യത്തിൽ എനിക്ക് ശ്രദ്ധയിൽപ്പെടുത്താനുള്ളത്, നമ്മുടെ റവന്യൂ കമ്മി

LIBRARY ARCHIVES Kerala Legislative Assembly

2013-14-ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 6,208 കോടിരൂപയിൽ നിൽക്കുമെന്നാണ് കണക്കാക്കിയത്. പക്ഷേ പതിനായിരത്തിലധികം ആയി എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. മുരളീധരൻ)*

എന്നാൽ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പറഞ്ഞാൽ, എൽ.ഡി.എഫ്. സർക്കാരിന്റെ അവസാന വർഷം 2010-11 ബഡ്ജറ്റിൽ ലക്ഷ്യമിട്ട വരുമാനം 20,884 കോടി രൂപയാണെന്നാണ് മനസ്സിലാക്കുന്നത്. എന്നാൽ 21,721 കോടിരൂപ സമാഹരിക്കാൻ കഴിഞ്ഞു. അതായത് 4.1 ശതമാനം കൂടുതലായി സമാഹരിച്ചു. എന്നാൽ യു.ഡി.എഫ്.-ന്റെ ആദ്യവർഷത്തിൽ 2011-12-ൽ ലക്ഷ്യമിട്ട വരുമാനം 26,400 കോടി രൂപയാണെങ്കിൽ സമാഹരിച്ചത് 25,718 കോടി രൂപയാണ്. 3.46 ശതമാനത്തിന്റെ കുറവാണ് സംഭവിച്ചത്. ഇതെങ്ങനെ സംഭവിക്കുന്നുവെന്നുള്ളത് പരിശോധിക്കണം. നേരത്തെ ബഹുമാനപ്പെട്ട കെ. എസ്. സലീഖ പറഞ്ഞതുപോലെ നികുതിച്ചോർച്ച വരുന്നത് എന്തുകൊണ്ടാണെന്നുള്ളകാര്യം പരിശോധിക്കണം. കാര്യക്ഷമതയെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ ചെലവിനേക്കാൾ വരുമാനം കുറയുന്നതായാണ് കാണുന്നത്. ചെലവ് കുറയ്ക്കാതെ വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തണമെന്നാണ് അക്കാര്യത്തിൽ നിർദ്ദേശിക്കാനുള്ളത്. സംസ്ഥാനത്തിന്റെ പൊതുകടം ഏകദേശം ഒരു ലക്ഷത്തി ഇരുപത്തിയേഴായിരത്തി ഇരുനൂറ് കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. അപ്പോഴും നികുതി പിരിച്ചെടുക്കാൻ ശ്രമിക്കുന്നില്ലെന്നാണ് അനുഭവങ്ങളിലൂടെയും വാർത്തകളിലൂടെയും കാണുന്നത്. സംസ്ഥാനം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും നികുതിയിനത്തിൽ കിട്ടാനുള്ള കോടിക്കണക്കിന് രൂപ പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കുന്നില്ലെന്നുള്ള ആക്ഷേപമാണ് ഉയരുന്നത്. 2013-14 സാമ്പത്തികവർഷം മാത്രം വാണിജ്യ നികുതിയിനത്തിൽ 565 കോടി രൂപ ലഭിക്കാനുണ്ടെന്നാണ് ശ്രീ. കെ. എം. മാണി സാർ ഇവിടെ തന്ന മറുപടിയിൽ സൂചിപ്പിക്കുന്നത്. ഈ വർഷത്തേതുംകൂടി ചേർക്കുമ്പോൾ ഇനിയും തുക കൂടും. സാമ്പത്തിക പ്രതിസന്ധി രൂക്ഷമായി നിൽക്കുമ്പോൾ, അന്തർ സംസ്ഥാന കച്ചവടക്കാരിൽ ഏറിയ പങ്കും വ്യാജ സി-ഫോം ഉപയോഗിച്ച് നികുതി വെട്ടിപ്പ് നടത്തുന്നതായി കാണുന്നുണ്ട്. അതുകൊണ്ട് അത്തരം വ്യാജന്മാരെ കണ്ടെത്താനും അവരിൽനിന്ന് നികുതി വസൂലാക്കാനുമുള്ള നടപടികളിലേക്ക് വകുപ്പ് കടക്കണം. ഇച്ഛാശക്തിയുള്ള ഉദ്യോഗസ്ഥരെ സൃഷ്ടിച്ച് ചെലവുകുറയ്ക്കാതെ നികുതി വർദ്ധിപ്പിച്ച് സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി വർദ്ധിപ്പിക്കാൻ കഴിയുന്ന ആളാണ് ശ്രീ. കെ. എം. മാണി. ജനസമ്പർക്ക പരിപാടിയിൽ അപേക്ഷ കൊടുത്തവർക്ക് ചികിത്സാസഹായം പോലും ലഭിക്കാത്ത തരത്തിലുള്ള കാലതാമസം നേരിടുകയാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് ഒരുപാട് അഭിമാനത്തോടെ സംസാരിച്ചത് കാരുണ്യ പദ്ധതിയിലാണ്. അതൊന്നിക്കലും അഭിനന്ദിക്കാതിരിക്കുന്ന പദ്ധതിയൊന്നുമല്ല. ഞങ്ങളൊക്കെ അഭിനന്ദിക്കുന്ന പദ്ധതി തന്നെയാണത്. ജനങ്ങൾക്കാകെ ആശ്വാസമുള്ളത് കാരുണ്യ പദ്ധതി മാത്രമാണ്. അക്കാര്യത്തിൽ കെ. എം. മാണിസാറിനെ

LIBRARY ARCHIVES Kerala Legislative Assembly

അഭിനന്ദിക്കുകയാണ്. ഒരുരൂപപോലും ധൂർത്തടിക്കാതെ, ആയിരക്കണക്കിനാളുകൾക്ക് കോടിക്കണക്കിന് രൂപ ചികിത്സാസഹായം കൊടുത്ത പദ്ധതിയെ അഭിനന്ദിക്കുകയാണ്. പക്ഷെ നികുതി വരുമാനം വർദ്ധിപ്പിക്കണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളം ഭരിച്ചപ്പോൾ കാട്ടിത്തന്ന ചെലവുചുരുക്കാതെ വരുമാനം വർദ്ധിപ്പിച്ച് സ്റ്റേറ്റിനെ രക്ഷിക്കാനുള്ള നടപടികളിലേയ്ക്ക് അങ്ങ് പോകേണ്ടതുണ്ട്. ആ തരത്തിൽ ഇച്ഛാശക്തിയോടുകൂടി വകുപ്പിനെ നയിക്കാൻ അങ്ങേയ്ക്ക് കഴിയണം. അത്തരത്തിലല്ല ഇപ്പോൾ നമ്മുടെ സ്റ്റേറ്റിന്റെ പൊതുസ്ഥിതിയെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഈ ബില്ലുകളെ എതിർക്കുകയാണ്.

ശ്രീ. സി.പി. മുഹമ്മദ്: സർ, ഞാൻ ഈ ബില്ലുകളെ പിന്തുണയ്ക്കുന്നു.

"അർത്ഥാനാമാർജ്ജനേദുഃഖം ആർജ്ജിതാനാന്തു രക്ഷണേ

ആയേ ദുഃഖം വ്യയേ ദുഃഖമർത്ഥഃ കിം ദുഃഖഭാജനം"

എന്ന് നീതിസാരത്തിലൊരു ശ്ലോകമുണ്ട്. അർത്ഥമുണ്ടാക്കുന്നതും അർത്ഥം ചെലവഴിക്കുന്നതും അർത്ഥം സംരക്ഷിക്കുന്നതുമൊക്കെ ദുഃഖകരമാണ്.
01.20.PM} യു.ഡി.എഫ്. ഗവൺമെന്റിന്റെ ധനകാര്യ വകുപ്പുമന്ത്രിയായ ശ്രീ. കെ. എം. മാണി സാർ കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് ധനം ആർജ്ജിച്ചതും ചെലവഴിച്ചതും സന്തോഷത്തോടുകൂടിയാണ്. തൊട്ടതെല്ലാം പൊന്നാക്കുക എന്ന് കേട്ടിട്ടുണ്ട്. അദ്ദേഹം എല്ലാവരേയും തൃപ്തിപ്പെടുത്തിക്കൊണ്ട് അത്തരത്തിലുള്ള ഒരു പ്രവർത്തനശൈലിയാണ് കാഴ്ചവച്ചത്. അതിന് ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. കഴിഞ്ഞ മൂന്ന് വർഷം പരിമിതമായ വിഭവ സാദ്ധ്യതയുടെയും കടബാദ്ധ്യതയുടെയും നടുവിൽ നിന്നുകൊണ്ട് എണ്ണിയാലൊടുങ്ങാത്ത വികസന പദ്ധതികളും ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തി ധനകാര്യ മാനേജ്മെന്റിനെ വളരെ വിദഗ്ദ്ധമായാണ് ഗവൺമെന്റ് മുന്നോട്ടുകൊണ്ടുപോയത്. ശമ്പളവും പെൻഷനും പലിശയും കൊടുക്കാനുള്ള ചെലവ് കഴിച്ചാൽ നാമമാത്ര സംഖ്യമാത്രമുള്ള നമ്മുടെ ഖജനാവ് ഒരുദിവസംപോലും പൂട്ടിയില്ലെന്നതുതന്നെ ഈ മൂന്ന് കൊല്ലത്തെ വലിയ നേട്ടമാണ്. സമ്പത്തിന്റെ ഇക്വിറ്റബിൾ ഡിസ്ട്രിബ്യൂഷൻ നമ്മുടെ രാജ്യത്താവശ്യമാണ്. നമ്മുടെ മൈൻഡ് സെറ്റ് മാറാതെ രാജ്യത്തിന്റെ വികസനപ്രവർത്തനങ്ങളുമായി ഇനി മുന്നോട്ടുപോകാൻ- സാധിക്കുകയില്ല. ഭരണപക്ഷവും പ്രതിപക്ഷവും വികസനപ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യത്യസ്തമായ സമീപനങ്ങളുള്ളവരാണ്. ആ സമീപനങ്ങൾ നിലനിർത്തിക്കൊണ്ട് യോജിക്കാവുന്ന മേഖലകളിൽ യോജിക്കാൻ സാധിച്ചില്ലെങ്കിൽ കേരളത്തിന്റെ വികസനം മുരടിച്ചുപോകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. 12-ാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാം വർഷത്തിലെ സാമ്പത്തിക വളർച്ചയിലുള്ള മാന്ദ്യവും അതിന്റെ ഫലമായി റവന്യൂ വരുമാനത്തിലുള്ള കുറവും കണക്കിലെടുക്കുമ്പോൾ നമ്മുടെ സംസ്ഥാനം ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇന്ന് മെച്ചപ്പെട്ട സ്ഥിതിയിലാണ്. പതിനൊന്നാം പഞ്ചവത്സര പദ്ധതിയിലുള്ള വളർച്ചാനിരക്ക് എട്ട് ശതമാനത്തിൽ കുറയാതെ പന്ത്രണ്ടാം പദ്ധതിയിലും നിലനിർത്താൻ സാധിച്ചുവെന്ന നേട്ടം അഭിമാനകരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

Page 48 of 59

LIBRARY ARCHIVES Kerala Legislative Assembly

ഈ വർഷം വളർച്ചാനിരക്ക് 8.58 ആകുമെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രതീക്ഷ സഫലമാകട്ടെയെന്ന് ഞാൻ ആശംസിക്കുകയാണ്. നമ്മുടെ ആളോഹരി വരുമാനം 2011-12-ൽ 59,052 (അമ്പത്തിയൊമ്പതിനായിരത്തി അമ്പത്തിരണ്ട്) രൂപയായിരുന്നുവെങ്കിൽ ഒരുവർഷം കഴിഞ്ഞപ്പോൾ അത് 63,491 (അറുപത്തി മൂവായിരത്തി നാനൂറ്റി തൊണ്ണൂറ്റിയൊന്ന്) രൂപയായി ഈ ഗവൺമെന്റിന്റെ കാലത്ത് മാറി. വരുമാനം വർദ്ധിക്കാതിരിക്കുകയും വരുമാനം പതിനൊന്ന് ശതമാനമായിരിക്കെ ഇരുപത് ശതമാനം ചെലവ് നിർവ്വഹിക്കുകയും ചെയ്തതുകാരണം ബഡ്ജറ്റ് കമ്മി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര നികുതി വിഹിതവും കുറയുന്നു. പതിനാലാം ധനകാര്യ കമ്മീഷനോട് കേന്ദ്ര നികുതിവിഹിതം മുപ്പത്തിരണ്ട് ശതമാനത്തിൽനിന്ന് അമ്പത് ശതമാനമായി വർദ്ധിപ്പിക്കണമെന്നും നികുതി വിഭജനത്തിന് ശാസ്ത്രീയമായ മാനദണ്ഡങ്ങൾ നിർണ്ണയിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. . കേന്ദ്രത്തിൽ രാഷ്ട്രീയ മാറ്റമുണ്ടാകുകയും പ്രത്യേകിച്ച് റെയിൽവേ ബഡ്ജറ്റിന്റെ അനുഭവം നാം ഉൾക്കൊള്ളുകയും ചെയ്യുമ്പോൾ കേന്ദ്രത്തിൽനിന്ന് ഇനി വലിയ സഹായം പ്രതീക്ഷിക്കുന്നതിൽ അർത്ഥമില്ല. പദ്ധതിച്ചെലവുകൾ ഗണ്യമായി കുറയ്ക്കുകയല്ലാതെ മറ്റ് മാർഗ്ഗങ്ങളില്ല. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നമുക്ക് സാധിക്കണം. അഴിമതിയും സാമ്പത്തികച്ചോർച്ചയും തടഞ്ഞുകൊണ്ട് പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചാൽ ഒരു പരിധി വരെ നമുക്ക് പിടിച്ചുനിൽക്കാൻ സാധിക്കും. പദ്ധതികളുടെ മുൻഗണനാക്രമം തന്നെ ജനങ്ങളുടെ അഭിലാഷങ്ങൾക്കനുസൃതമായി മാറ്റണം. നികുതി കുടിശ്ശിക യില്ലാതാക്കി പരമാവധി വേഗത്തിൽ നികുതി പിരിച്ചെടുക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും അത് ത്വരിതപ്പെടുത്തണം. ഓവർ ചെക്കിംഗ് നടത്താനുള്ള തീരുമാനം വളരെ നല്ലതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുക, രജിസ്ട്രേഷൻ, വാണിജ്യ നികുതി, എക്സൈസ്, റവന്യൂ, വനം തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളിലൂടെ കൂടുതൽ വരുമാനം കണ്ടെത്തുക, സ്വകാര്യ മേഖലയിലെ നിക്ഷേപം കൂടുതൽ പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്കും നടപടി ആവശ്യമാണ്. നമ്മുടെ 34 ചെക്ക്പോസ്റ്റുകൾ ആധുനികവൽക്കരിക്കണം. സംസ്ഥാനത്തെ ഏറ്റവും വലിയ ചെക്ക് പോസ്റ്റാണ് വാളയാർ. അവിടെയുള്ള ജനങ്ങൾക്ക് ആ വഴി സഞ്ചരിക്കാൻ വളരെ പ്രയാസമായിരിക്കുകയാണ്. എക്സൈസ്, വാണിജ്യ നികുതി, ട്രാൻസ്പോർട്ട് എന്നീ ചെക്ക്പോസ്റ്റുകളെയെല്ലാം ഏകീകരിച്ചുകൊണ്ട് ചെക്ക്പോസ്റ്റ് കോംപ്ലക്സാക്കുമെന്നുള്ള പ്രഖ്യാപിത നയം വാളയാറിൽ പ്രാവർത്തികമായിട്ടില്ല. വാളയാറിൽ പ്രസ്തുത കോംപ്ലക്സിനുവേണ്ടിയുള്ള സ്ഥലം അക്വയർ ചെയ്തെങ്കിലും ഇതുവരെയും യാഥാർത്ഥ്യമായിട്ടില്ലെന്നുള്ളതിൽ ദുഃഖമുണ്ട്.

ടാക്സികൾക്ക് ഏർപ്പെടുത്തിയ നികുതി ഒഴിവാക്കണം. ജീവിതത്തിന്റെ രണ്ടറ്റവും മുട്ടിക്കുവാൻവേണ്ടി ധാരാളം കഷ്ടപ്പെടുന്ന ആളുകളാണ് ടാക്സി ഡ്രൈവർമാർ. അവരെ ദ്രോഹിക്കാതെ മറ്റ് മാർഗ്ഗങ്ങളിലൂടെ വരുമാനം കണ്ടെത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേന്ദ്രത്തിൽ ഭരണ മാറ്റമുണ്ടായതിനുശേഷം വന്ന റെയിൽവേ ബഡ്ജറ്റ് കേരളത്തെ തീർത്തും അവഗണിച്ചിരിക്കുകയാണ്. മാത്രമല്ല ഭരണം കിട്ടി ഒരു മാസംകൊണ്ടുതന്നെ

Page 49 of 59

ജനങ്ങളെ എങ്ങനെ ദ്രോഹിക്കാമെന്നാണ് ബി.ജെ.പി. ഗവൺമെന്റ് ചിന്തിച്ചു കൊണ്ടിരിക്കുന്നത്. ഡീസൽ, പെട്രോൾ, പാചകവാതകം, റെയിൽവേ ചാർജ്ജ് എന്നിവയുടെയെല്ലാം വിലവർദ്ധനവ് അതിന്റെ തെളിവാണ്. ജനദ്രോഹം ഹൗസ്ഫുൾ ആയി 365 ദിവസവും ഓടുമെന്നുള്ള കാര്യമുറപ്പാണ്. ഇന്ത്യയിലെ എല്ലാ രാഷ്ട്രീയ പാർട്ടികളെക്കാളും ദേശീയബോധമുള്ള പാർട്ടി ബി.ജെ.പി. ആണെന്നാണ് പറഞ്ഞിരുന്നത്. കേരളം ഇന്ത്യയുടെ ഭാഗമാണെന്നുപോലും കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രി ശ്രീ. സദാനന്ദ ഗൗഡ ധരിച്ചിട്ടില്ല. കേരളത്തെ അവഗണിക്കുന്നതിൽ പരമാനന്ദം കണ്ടെത്തുന്ന സദാനന്ദ ഗൗഡ എന്ന പരമാനന്ദ ഗൗഡ മലയാളഭാഷ അറിയുന്ന വ്യക്തിയും കാസർഗോഡ് ബാല്യകാലം ചെലവഴിച്ച വ്യക്തിയുമായതുകൊണ്ട് എന്തെങ്കിലും ആനുകൂല്യം കേരള ത്തിനുണ്ടാകുമെന്നാണ് കരുതിയത്. പക്ഷേ അതുണ്ടായില്ല. ഇതിനുവേണ്ടി എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ഒറ്റക്കെട്ടായി പാർലമെന്റിൽ നടത്തിയ പോരാട്ടത്തെ പ്രത്യേകം അഭിനന്ദിക്കുന്നു. കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും ജാജ്ജ്വല്യമാനമായ ഒരു സംഭവവികാസമാണ് 46 നഴ്സുമാരെ സുരക്ഷിതമായി കേരളത്തിലേയ്ക്ക് തിരിച്ചെത്തിച്ചത്. പ്രവാസികളെക്കൊണ്ട് ഗണ്യമായ നേട്ടമുണ്ടാക്കി കൊണ്ടിരിക്കുന്ന ലോകത്തിലെ എല്ലാ രാജ്യങ്ങളിലും മലയാളികളായ പ്രവാസികൾ ജീവിക്കുമ്പോൾ, ഇത്തരത്തിലുള്ള ഒരു സംഭവമുണ്ടായപ്പോൾ ഒരു രാജ്യത്തും ഇതിന് സമാനമായ രീതിയിലുള്ള പ്രവർത്തനമുണ്ടായി ട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. കേരളത്തിന്റെ മുഖ്യമന്ത്രി തലേദിവസവും പിറ്റേദിവസവുമായി നാല് തവണയാണ് ഇക്കാര്യത്തിനുവേണ്ടി ശ്രീമതി സുഷമ സ്വരാജിനെ കണ്ടത്. വിദേശകാര്യ വകുപ്പുമന്ത്രിയായ ശ്രീമതി സുഷമ സ്വരാജും നഴ്സുമാരെ മോചിപ്പിക്കുന്നതിന് ആത്മാർത്ഥമായി സഹകരിച്ചിട്ടുണ്ട്. പാവപ്പെട്ട നഴ്സുമാരെ മോചിപ്പിക്കുവാൻ ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്തുവെന്ന് ലോകത്തിലെ മാധ്യമങ്ങൾതന്നെ ഉദ്ധരിച്ച കാര്യമാണ്. നഴ്സുമാരെ അക്രമിക്കു കയില്ലെന്ന് കരുതി മറ്റുള്ളവർ സുരക്ഷിതമായി കിടന്നുറങ്ങിയപ്പോഴും നമ്മുടെ മുഖ്യമന്ത്രി അന്ന് രാത്രിയും ഉറങ്ങിയിട്ടില്ല. അതിന് ഒരു അഭിനന്ദന വാക്ക് പറയാൻപോലും ശ്രീ. വി. എസ്. തയ്യാറായില്ല. സദ്ദാംഹുസൈന്റെ പേരുപറഞ്ഞ് പണ്ട് ഇ.എം.എസ്. നമ്പൂതിരിപ്പാട് ഒരു തെരഞ്ഞെടുപ്പിൽ തന്റെ പാർട്ടിയെ ജയിപ്പിച്ചു. കോൺഗ്രസ്സിനോടും മുസ്ലീം ലീഗിനോടും ഒരു ചോദ്യം നിങ്ങൾ ആരുടെ കൂടെയാണ്, ഞങ്ങൾ സദ്ദാമിന്റെ കൂടെയാണെന്ന് ഇ.എം.എസിന്റെ ഒരു പ്രയോഗം. അന്ന് ജില്ലാ കൗൺസിലിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ജയിപ്പിച്ചു. ഒരിക്കൽ ചക്കയിട്ടപ്പോൾ മുയലിനെ കിട്ടിയെന്ന് കരുതി വീണ്ടും ശ്രീ. വി. എസ്. അച്ചുതാനന്ദൻ ആ പണിക്ക് ഇറങ്ങിയിരി ക്കുകയാണ്. ഇവിടെ ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീമതി സുഷമ സ്വരാജും, അവർ ബി.ജെ.പി. ആണെന്നൊന്നും ഈ കാര്യത്തിൽ നോക്കണ്ട. പാവപ്പെട്ട നഴ്സുമാരെ കൊണ്ടുവന്നതിനെപ്പറ്റി ഒരു നല്ല വാക്ക് പറയുവാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് തയ്യാറായില്ല. ഇ.എം.എസ്.-നെ അനുകരിച്ചുകൊണ്ട്, ഇ.എം.എസ്. നാളികേരമുടച്ചതിന് തുല്യമായി അദ്ദേഹം ചിരട്ടയുടച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ വ്യാമോഹം ഒരിക്കലും നടക്കാൻ പോകുന്നില്ല. സദ്ദാംഹുസൈൻ മരിച്ചിട്ട് അനേകം വർഷങ്ങളായി. സദ്ദാംഹുസൈന് ഇപ്പോൾ അവിടെ പട്ടാളമില്ല.

LIBRARY ARCHIVES Kerala Legislative Assembly

Page 50 of 59

സുന്നികൾ, ഷിയാകൾ, കുർദ്ദുകൾ എന്നീ മൂന്ന് വിഭാഗങ്ങളായിട്ടാണ് ഇറാക്കിലെ മുസ്ലീങ്ങൾ ജീവിക്കുന്നത്. ഷിയാകളും സുന്നികളും തമ്മിലുള്ള സംഘട്ടനം പലപ്പോഴും അവിടെ ഉണ്ടാകാറുണ്ട്. അതിൽ സുന്നി വിഭാഗമാണ് ഇപ്പോൾ അവിടെ കലാപത്തിന് നേതൃത്വം കൊടുക്കുന്നത്. അവർ സദ്ദാം ഹുസൈന്റെ അനുയായികളൊന്നുമല്ല. പ്രതിപക്ഷ നേതാവിന് എവിടെനിന്നാണ് ഈ വിവരം കിട്ടിയതെന്ന് എനിക്കറിയില്ല. ഐ.എസ്. പടയാളികൾ നമ്മുടെ നഴ്സുമാരോട് മര്യാദ കാണിച്ചെന്നുള്ളത് സത്യമാണ്. അതിന് അവരോട് നാം നന്ദി പറയുകയും വേണം.

കുശുമ്പും കുന്നായ്മയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇനിയെങ്കിലും അവസാനിപ്പിക്കണം. കാളിദാസന്റെ രഘുവംശത്തിൽ അഗ്നിവർണ്ണൻ എന്ന രാജാവിനെക്കുറിച്ച് പറയുന്നുണ്ട്. അദ്ദേഹം പ്രജകൾക്ക് സമ്പൂർണ്ണമായ കായദർശനഭാഗ്യംപോലും അനുവദിച്ചിരുന്നില്ല. അതുപോലെയായിരുന്നു കഴിഞ്ഞ അഞ്ചുവർഷം ശ്രീ. വി. എസ്. അച്ചുതാനന്ദൻ ചെയ്തിരുന്നത്. എന്നാലിപ്പോൾ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ദർശനം കൊടുക്കുക മാത്രമല്ല അവർ പറയുന്ന കാര്യങ്ങളൊക്കെ ചെയ്യുന്ന ഒരു മുഖ്യമന്ത്രിയോട് ശ്രീ. വി. എസ്. അച്ചുതാനന്ദന് പ്രതിപത്തിയുണ്ടാവില്ലായെന്നുള്ളകാര്യം ഉറപ്പാണ്.

ഞാൻ ഒരുകാര്യംകൂടി പറഞ്ഞ് പ്രസംഗം അവസാനിപ്പിക്കുകയാണ്. സി.പി.ഐ.(എം)-ഉം സി.പി.ഐ.-ഉം അവരുടെ നയങ്ങൾ തിരുത്തണം. അന്ധമായ കോൺഗ്രസ് വിരോധം ഉപേക്ഷിക്കണം. ജ്യോതിബസുവിന് ഇൻഡ്യയുടെ പ്രധാനമന്ത്രിയാവാനുള്ള സന്ദർഭംപോലും നിങ്ങൾ കളഞ്ഞുകുളിച്ചു. അക്കാര്യത്തെ ചരിത്രപരമായ മണ്ടത്തരമെന്നാണ് ജ്യോതിബസുതന്നെ വിശേഷിപ്പിച്ചത്. സി.പി.ഐ.-യെ സംബന്ധിച്ചിടത്തോളം അവരുടെ നല്ല കാലമെന്നു പറയുന്നത് സി. അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്നപ്പോഴാണ്. സി.പി.ഐ.-യ്ക്ക് ഇന്ന് കേരളത്തിൽ ഒരു സീറ്റാണുള്ളത്. ലീഗിന് രണ്ട് സീറ്റും കേരള കോൺഗ്രസ്സ് മാണിക്ക് ഒരു സീറ്റുമുണ്ട്. സി.പി.ഐ. ആ കാര്യത്തിൽ ദു:ഖിക്കേണ്ട കാര്യമില്ല. അവരുടെ ദേശീയ അംഗീകാരം നഷ്ടപ്പെട്ടു, അതിലും ദു:ഖിക്കേണ്ട കാര്യമില്ല. *** അതുകൊണ്ട് കോൺഗ്രസ്സുമായി ചേർന്നുകൊണ്ട് ബി.ജെ.പി.ക്ക് എതിരായുള്ള പോരാട്ടത്തിൽ പങ്കുചേരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഞാൻ ഈ ബില്ലിനെ പിന്തുണയ്ക്കുന്നു.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സി.പി.ഐ.-യ്ക്ക് ദേശീയ അംഗീകാരം കൊടുക്കുന്നയാളല്ല സി.പി. മുഹമ്മദ്.

മി. ചെയർമാൻ: അദ്ദേഹം പറഞ്ഞത് അംഗീകാരം പോകാനുള്ള ചാൻസുണ്ടെന്നേ പറഞ്ഞുള്ളൂ. വേറൊന്നും പറഞ്ഞില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, *** ഒരു മോശപ്പെട്ട പരാമർശം നടത്തി. *** അത് രേഖയിൽനിന്ന് മാറ്റണം.

മി. ചെയർമാൻ: ഏതെങ്കിലും സ്റ്റേറ്റ് പാർട്ടിയെയോ നാഷണൽ പാർട്ടിയെയോക്കുറിച്ചുള്ള പരാമർശങ്ങൾ രേഖയിൽനിന്ന് നീക്കം ചെയ്യുന്നതാണ്. ........(ബഹളം).........

---

*** ബഹു. ചെയർമാന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.



LIBRARY ARCHIVES Kerala Legislative Assembly

Page 51 of 59

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കോൺഗ്രസ്സിന്റെ ദേശീയ അംഗീകാരം പോകാതെ സൂക്ഷിക്കണമെന്നേ ഞങ്ങൾക്ക് പറയാനുള്ളൂ. മാണിസാറിന്റെ എല്ലാ ബഡ്ജറ്റുകളിലുമുള്ള ഒരു പൊതുസ്വഭാവമാണ് നികുതിവർദ്ധനവ് ...........(ബഹളം).......... സാധാരണക്കാരൻ .............. (ബഹളം)..........

(01.32 AM)

മി. ചെയർമാൻ: പ്ലീസ്............നമ്മൾ അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞിട്ട് കാര്യമില്ല. ഓരോ സമയത്ത് ഓരോ പരിമിതികളുണ്ട്. പ്ലീസ്...........ശ്രീ. സി.പി. മുഹമ്മദ് പറഞ്ഞ കാര്യം നീക്കം ചെയ്യാമെന്ന് പറഞ്ഞല്ലോ. *** രേഖയിലുണ്ടാകില്ല. ഇത് ധനകാര്യചർച്ചയാണ്. ശ്രീ. സി. രവീന്ദ്രനാഥ് താങ്കൾ സംസാരിക്കൂ. ...............(ബഹളം)................പ്ലീസ്.......നമ്മൾ അങ്ങോട്ടുമിങ്ങോട്ടും ഒന്നും പറയാതിരിക്കുകയാണ് നല്ലത്. ഓരോ സ്റ്റേറ്റിലും ഓരോ പാർട്ടിയുടെ സ്ഥിതിയെക്കുറിച്ച് ഇപ്പോൾ നമ്മൾ ചർച്ച ചെയ്യേണ്ട. ശ്രീ. രാജേഷ്....... ദയവായി സീറ്റിലിരിക്കണം..........പ്രൊഫ. സി. രവീന്ദ്രനാഥ് സംസാരിക്കൂ.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, സാധാരണക്കാരന്റെ ചെലവ് വർദ്ധിപ്പിക്കുന്ന രീതിയിലുള്ള നികുതിവർദ്ധനവ് മാണിസാറിന്റെ എല്ലാ ബഡ്ജറ്റുകളിലുമുള്ള പൊതുസ്വഭാവമാണ്. ഈ രീതിയിലുള്ള നികുതി വർദ്ധനവ് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ വല്ലാതെ ഉലച്ചുകൊണ്ടിരിക്കുകയാണ്. ആരൊക്കെ എന്തൊക്കെ പറഞ്ഞാലും ഇന്ന് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ വളരെ മോശമാണെന്ന് എല്ലാവർക്കുമറിയാം. അതിന്റെ അടിസ്ഥാന കാരണങ്ങളിലൊന്നാണ് ഞാൻ സൂചിപ്പിച്ചത്. സാധാരണക്കാരന്റെ നികുതി എല്ലാ ബഡ്ജറ്റുകളിലൂടെയും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ മൂന്നുവർഷമായി ഏകദേശം 3,500 കോടി രൂപയുടെ അധിക നികുതി നിർദ്ദേശങ്ങളാണുണ്ടായിരുന്നത്. ഇത് ജനങ്ങളുടെ വാങ്ങൽശേഷി കുറയ്ക്കുന്ന സമീപനമാണ്. ഈ സമീപനം തെറ്റാണെന്നുള്ളതാണ് ആദ്യമായി സൂചിപ്പിക്കുന്നത്. ജനങ്ങളുടെ വാങ്ങൽശേഷി കുറയ്ക്കുന്ന നികുതി വർദ്ധനവിനോടൊപ്പം കേരളത്തിൽ തൊഴിലില്ലായ്മയും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഉള്ള തൊഴിൽ താല്ക്കാലികവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. സബ്സിഡികൾ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഇതോടെ വാങ്ങൽശേഷി വീണ്ടും കുറയുകയാണ്. ഇതുകൂടാതെ വിലക്കയറ്റം രൂക്ഷമാകുകയും പണപ്പെരുപ്പമുണ്ടാകുകയും രൂപയുടെ മൂല്യം തകരുകയും ചെയ്യുന്നു. ഇതോടെ ക്യുമുലേറ്റീവ് എഫക്ട് എന്നുള്ള രീതിയിൽ വാങ്ങൽശേഷി ഗുരുതരമായി തകർന്നുകൊണ്ടിരിക്കുന്നു. പ്രശ്നം ഇവിടെ തീരുന്നില്ല. കേരളത്തിൽ ഉത്പാദനമേഖലയും അതിന്റെ വളർച്ചാനിരക്കും അടിക്കടി പുറകോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. കാർഷികമേഖല, വ്യാവസായിക മേഖല, പരമ്പരാഗത വ്യവസായങ്ങൾ എന്നിവ തളരുന്നു എന്നുള്ളത് ആർക്കും നിഷേധിക്കാൻ പറ്റാത്ത സത്യങ്ങളാണ്. ഇതെല്ലാം നടക്കുന്നതിന്റെ അടിസ്ഥാന കാരണം സമ്പദ്‌വ്യവസ്ഥയുടെ വികാസമില്ലായ്മയാണ്. സമ്പദ്‌വ്യവസ്ഥയുടെ വികാസം ഉത്പാദനമേഖലയുടെ ക്രമാനുഗതമായ വളർച്ചയിലൂടെ മാത്രമേ സംഭവിക്കൂ. കേരളത്തിൽ അത് പുറകോട്ടാണ്. അതുകൊണ്ടാണ് കേരളം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നത്. ഇതുതന്നെയാണ് അടിസ്ഥാനമായിട്ടുള്ള സാമ്പത്തിക പ്രശ്നവും. സാധാരണ ജനങ്ങളുടെമേൽ ചുമത്തുന്ന അധിക നികുതി വർദ്ധിക്കുന്തോറും സംസ്ഥാനത്തിന്റെ നികുതി വരുമാനം കുറയും.

*** ബഹുമാനപ്പെട്ട ചെയർമാന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ നികുതി വരുമാനം അനുദിനം കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മനസ്സിലാക്കേണ്ട പ്രധാനപ്പെട്ട ഒരുകാര്യം, സാധാരണ ജനങ്ങളുടെമേൽ ചുമത്തുന്ന അധികനികുതി വർദ്ധിക്കുന്തോറും സംസ്ഥാനത്തിന്റെ നികുതി വരുമാനം കുറയുമെന്നുള്ളതാണ്. ജനങ്ങളുടെ വാങ്ങൽശേഷി ചുരുങ്ങുന്നതിലൂടെ കമ്പോളച്ചുരുക്കം ഉണ്ടാകുമെന്നതിനാലാണ് നികുതി വരുമാനം കുറയുന്നത്. സാധാരണ ജനങ്ങളുടെമേൽ അധികനികുതി ചുമത്താതിരിക്കുമ്പോൾ റവന്യൂ വരുമാനം വർദ്ധിപ്പിക്കാമെന്ന് മനസ്സിലാക്കിയത് ഇടതുപക്ഷജനാധിപത്യമുന്നണിയുടെ 2006 മുതൽ 2011 വരെയുള്ള കാലഘട്ടത്തിലാണ്. 2006 മുതൽ 2011 വരെയുള്ള കാലഘട്ടത്തിൽ റവന്യൂവരുമാനം വർദ്ധിച്ചു; അതേസമയം അധികനികുതി വരുമാനമില്ല. 2011-14 വരെ അധികനികുതി വർദ്ധിപ്പിച്ചു, റവന്യൂ വരുമാനം കുറഞ്ഞു. 2008-2009-ൽ 19% വളർച്ചയുണ്ടായിരുന്നപ്പോൾ 2010-11-ൽ 22% കേരളത്തിന്റെ റവന്യൂവരുമാനത്തിൽ വർദ്ധനവുണ്ടായി. 2011-12-ൽ 20%, 2012-13-ൽ 19%, 2013-14-ൽ 11%, 2014-15-ൽ അതിനിയും കുറയും. റവന്യൂ വരുമാനം കുറയുന്നതിന്റെ അടിസ്ഥാനകാരണമിതാണ്. ഇന്നത്തെ ഫിനാൻസ് ബിൽ നിയമമാക്കി നൽകുന്നത് 1,500 കോടി രൂപ പിരിക്കാൻ വേണ്ടിയാണ്. ഈ വർഷത്തെ 1,500 കോടിരൂപയുടെ അധികനികുതികൂടി നടപ്പിലാക്കിയാൽ അടുത്തവർഷം നികുതി വരുമാന വർദ്ധനവിന്റെ ശതമാനം വീണ്ടും കുറയും. ഇപ്പോൾ 11% വർദ്ധനവെന്നുള്ളത് വീണ്ടും കുറയുകയും കടം വർദ്ധിക്കുകയും കടക്കെണിയിലേക്ക് നമ്മുടെ രാജ്യം പോകുകയും ചെയ്യും; ഭീമമായ കടം നമുക്കുണ്ട്. ഞാനതൊന്നും വിശദീകരിക്കുന്നില്ല. കേരളത്തിൽ കടംകൂടി വരുന്നു; ഉല്പാദനക്കുറവ്, തൊഴിലില്ലായ്മ, വിലക്കയറ്റം, രൂപയുടെ മൂല്യത്തകർച്ച, പണപ്പെരുപ്പം, പാരിസ്ഥിതിക തകർച്ച ഇതെല്ലാം നടക്കുമ്പോഴും കേരളത്തിന്റെ ജി.ഡി.പി. ഗ്രോത്ത് അഖിലേന്ത്യാ ശരാശരിയെക്കാൾ കൂടുതലാണ്. ഇത് പ്രധാനമായും ചർച്ച ചെയ്യേണ്ട വിഷയമാണ്. എല്ലാ മേഖലകളിലും പുറകോട്ടുപോയാലും ജി.ഡി.പി. അഖിലേന്ത്യാ ശരാശരിയെക്കാൾ മുകളിൽ നിൽക്കുകയാണ്. ഇതൊരു സ്പ്ലിറ്റ് വളർച്ചയായി തോന്നാം; കാരണം, അത് പരസ്പരപൂരകങ്ങളാണ്. ഇവിടെ ഗ്രോത്തിന്റെ കാരണം വിശകലനം ചെയ്യുമ്പോൾ ഉല്പാദനമേഖല തകർന്നാലും സ്റ്റോക്ക് മാർക്കറ്റും റിയൽ എസ്റ്റേറ്റും വിദ്യാഭ്യാസ-ആരോഗ്യകച്ചവടങ്ങളും വളർന്നുവന്നതാണ് കേരളത്തിന്റെ ജി.ഡി.പി. മൊത്തം വളരാൻ കാരണം. ഈ സാമ്പത്തിക പ്രതിസന്ധിയുടെ പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് സാധാരണ ജനങ്ങളുടെമേൽ ചുമത്തുന്ന അധികനികുതിയാണ്. പരോക്ഷത്തിലും അവരുടെ വാങ്ങൽശേഷി കുറയ്ക്കുമ്പോൾ മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാംചേർത്ത് അവരുടെ വാങ്ങൽശേഷി വീണ്ടും കുറയുകയും നികുതിവരുമാനം കുറയുകയും ചെയ്യും. അതുകൊണ്ട് ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഫിനാൻസ് ബില്ലിലൂടെ നിയമമാക്കി പിരിക്കാൻ ശ്രമിക്കുന്ന അധികനികുതികളെല്ലാം പിൻവലിക്കണം.

മോട്ടോർ വാഹനങ്ങൾക്ക് ഈടാക്കുന്ന അധികനികുതിയും തുണിത്തരങ്ങൾ വില്ക്കുന്നതിന്റെ ടേണോവറിന് ഏർപ്പെടുത്തുന്ന അധികനികുതിയും പൂർണ്ണമായും

LIBRARY ARCHIVES Kerala Legislative Assembly

പിൻവലിക്കണം. മുതലാളിമാർക്ക് ഗുണകരവും സാധാരണക്കാർക്ക് ദോഷകരവുമായ എം-സാൻഡ് നികുതി വർദ്ധനവ് പിൻവലിക്കണം. ബേക്കറി ഉല്പന്നങ്ങൾക്ക് മുൻകാലപ്രാബല്യത്തോടെ ഏർപ്പെടുത്തിയ അധിക നികുതിയിലെ മുൻകാലപ്രാബല്യം പിൻവലിക്കണം. അത് സാധാരണ ബേക്കറിക്കാരെ രക്ഷിക്കാനാണ്. സമ്പദ്‌വ്യവസ്ഥ നിരന്തരമായി ചലിക്കാൻ റവന്യൂ വരുമാനം വർദ്ധിച്ചുകൊണ്ടിരിക്കണം. ഇതുവരെ ഞാൻ സൂചിപ്പിച്ചത് റവന്യൂവരുമാനം നിരന്തരമായി കുറയാനുള്ള കാരണമെന്താണെന്നാണ്. പക്ഷെ, സമ്പദ്‌വ്യവസ്ഥ നിരന്തരമായി ചലിക്കാൻ റവന്യൂ വരുമാനം നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കണമെന്നത് ശരിയാണ്. അധികനികുതി വർദ്ധനവില്ലാതെ മറ്റെന്തെങ്കിലും മാർഗ്ഗം കേരളത്തിനുണ്ടോയെന്ന് പരിശോധിക്കണം. അതിൽ ഒന്നുരണ്ട് കാര്യങ്ങൾ മാത്രമാണ് ഞാൻ സൂചിപ്പിക്കുന്നത്. ഒന്ന്, നികുതി അധികം ചെലുത്താതെ നികുതിവരുമാനം വർദ്ധിപ്പിക്കാനുള്ള വഴിയെന്തെന്നുള്ളതാണ്.

2013 മാർച്ച് 31 വരെ കേരളത്തിൽ കുടിശ്ശികയായി പിരിക്കാതെ കിടക്കുന്ന തുകയുടെ കണക്ക് പറയാം. വാണിജ്യ വകുപ്പ്-6,140 കോടി രൂപ. ഇപ്പോൾ പിരിക്കാൻ പോകുന്നത് 1,500 കോടി രൂപ. വനം വകുപ്പ്-251 കോടി രൂപ, ലോക്കൽ ഫണ്ട് ആഡിറ്റ്-25 കോടി രൂപ, സ്റ്റേഷനറി-14 കോടിരൂപ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്-5,564 കോടി രൂപ, എക്സൈസ്-225 കോടി രൂപ, ജിയോളജി വകുപ്പ് - ഒരുകോടി രൂപ. അങ്ങനെ ആകെ 12,243 കോടിരൂപ കേരളത്തിൽ 2013 മാർച്ചുവരെ പിരിക്കാനുണ്ടെന്ന് എ.ജി.-യുടെ ആഡിറ്റ് റിപ്പോർട്ടിൽ വ്യക്തമായി പറയുന്നുണ്ട്. 2008 മുതൽ 2013 വരെയുള്ള കേരളത്തിന്റെ നികുതി വരുമാന വർദ്ധനവ് 100% ആണ്. 15,000 കോടി രൂപയിൽനിന്ന് 30,000 കോടി രൂപയായി വർദ്ധിച്ചു. 2008 മുതൽ 2013 വരെ കേരളത്തിന്റെ നികുതിയേതര വരുമാന വർദ്ധനവ് 150 ശതമാനമാണ്; അത് 16,000 കോടി രൂപയിൽനിന്നും 42,000 കോടി രൂപയായി വർദ്ധിച്ചു. 100 ശതമാനം നികുതിയും 150 ശതമാനം നികുതിയേതര വരുമാന വർദ്ധനവുമുണ്ടായി. അതേസമയം കേന്ദ്ര സർക്കാരിൽനിന്ന് നികുതിവിഹിത വർദ്ധനവ് കേവലം 30% മാത്രമാണ്. കേന്ദ്ര സഹായത്തിന്റെ വർദ്ധനാനിരക്ക് കേവലം 12 ശതമാനമാണ്. കേരളത്തിന്റെ വരുമാന വർദ്ധനവ് ഏത് മേഖലയിൽ വേണമെന്നുള്ള അനാലിസിസാണ് ഇവിടെ കാണുന്നത്. അതിന് കേരളത്തിലെ ജനങ്ങളുടെ നികുതി വീണ്ടും കൂട്ടുകയാണോ വേണ്ടത്; വർദ്ധനവ് ആവശ്യമുള്ള മേഖലയിൽ ശ്രദ്ധ ചെലുത്തിക്കൊണ്ട് വരുമാനം വർദ്ധിപ്പിക്കുന്ന കാര്യമാണ് നാം ചിന്തിക്കേണ്ടത്. വരുമാന വർദ്ധനവിന് വേണ്ടി ഏത് സ്രോതസ്സാണ് ഉപയോഗിക്കേണ്ടതെന്ന് ഇതിൽനിന്ന് വ്യക്തമാണ്. കേരളത്തിന്റെ റവന്യൂ വരുമാനത്തിന്റെ 72 ശതമാനവും കേരളത്തിൽ നിന്നുതന്നെയാണ് കിട്ടുന്നത്. കേന്ദ്രത്തിൽനിന്ന് കേവലം 22 ശതമാനം മാത്രമേ കിട്ടുന്നുള്ളൂ. ഇവിടെ നമ്മൾ ശ്രദ്ധിക്കേണ്ടത്, കേരളത്തിൽ ജനങ്ങളെ വീണ്ടും ടാക്സ് ചെയ്യുകയാണോ വേണ്ടത്; ടാക്സ് ചെയ്ത് കേരളത്തിന്റെ വരുമാനശേഷി കുറച്ചുകൊണ്ട് സമ്പദ്‌വ്യവസ്ഥയെ തകർക്കുകയാണോ വേണ്ടത്; അതോ നികുതി കിട്ടേണ്ട മേഖലയിൽനിന്ന് കിട്ടാനുള്ള ശ്രമം നടത്തുകയാണോ വേണ്ടത് എന്നാണ്. കേരളത്തിന്റെ തനതു വരുമാനത്തിൽ കൂടുതൽ ലഭിക്കുന്നത് മദ്യത്തിൽനിന്നും നികുതിയേതര വരുമാനത്തിൽ കൂടുതൽ ലഭിക്കുന്നത് ഭാഗ്യക്കുറിയിൽനിന്നുമാണ്. ഭാഗ്യക്കുറിയിൽനിന്നും 55 ശതമാനം വരുമാനമുണ്ട്. ഇതിന്റെ ബഹുഭൂരിപക്ഷവും സാധാരണക്കാരിൽ നിന്നുതന്നെയാണ്

പിരിച്ചെടുക്കുന്നത്. 45 ശതമാനം മാത്രമേ മറ്റ് മേഖലകളിൽനിന്ന് ലഭിക്കുന്നുള്ളൂ. അതുകൊണ്ട് നല്ല രീതിയിൽ വികസിപ്പിക്കാവുന്ന ഒരു മേഖലയാണിത്. നോൺ ടാക്സ് നെറ്റ് വികസിപ്പിക്കുക മാത്രമാണ് ഇതിനൊരു പരിഹാരമുള്ളത്. പരിസ്ഥിതി മലിനീകരണം ഭയാനകമാംവിധം വർദ്ധിച്ചുവരുന്ന കാലഘട്ടത്തിൽ നോൺ ടാക്സ് റവന്യൂ വർദ്ധിപ്പിക്കാൻ കഴിയുമെന്നുമാത്രമല്ല ഒരു പരിധിവരെ മലിനീകരണത്തെ തടഞ്ഞുനിർത്താനും ഇതിലൂടെ സാധിക്കും.

കേരളത്തിന്റെ ടാക്സ് വരുമാനം വർദ്ധിപ്പിക്കാനുള്ള ഒന്നു-രണ്ട് കാര്യങ്ങൾ കൂടി പറയാം. അപ്പലേറ്റ് അതോറിറ്റിയിൽ (ഡെപ്യൂട്ടി കമ്മീഷണർ) ധാരാളം അപ്പീലുകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുകയാണ്. ആ അപ്പീലുകൾക്ക് തീർപ്പ് കൽപ്പിച്ചാൽ ചുരുങ്ങിയത് 1,000 കോടി രൂപയെങ്കിലും പെൻഡിംഗ് അപ്പീലിന്മേൽ നമുക്ക് വരുമാനമുണ്ടാക്കാം. നികുതി വെട്ടിപ്പുമൂലം ചുരുങ്ങിയത് 1,000 കോടി രൂപ നമുക്ക് നഷ്ടം വരുന്നുണ്ട്. സ്വർണ്ണക്കച്ചവടം, കോഴിക്കച്ചവടം, ഇലക്ട്രിക്കൽ ഉപകരണക്കടത്ത് ഇവയിലൂടെയെല്ലാം കേരളത്തിന് കോടിക്കണക്കിന് രൂപയാണ് നഷ്ടം വന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ആ മേഖലയിലേക്ക് ശ്രദ്ധ ചെലുത്തണോ പാവപ്പെട്ടവരുടെ വരുമാനം കുറയ്ക്കത്തക്ക രീതിയിലുള്ള നികുതി വർദ്ധിപ്പിക്കണോ എന്നുള്ളത് വളരെ പ്രധാനപ്പെട്ട ചോദ്യങ്ങളാണ്. കേരളം അതിൽ ഫോക്കസ് കൊടുക്കേണ്ടതെവിടെയാണെന്ന്......

ശ്രീ. സാജു പോൾ: സർ, വനമേഖലയിൽനിന്നുള്ള വിഭവങ്ങൾ സമാഹരിച്ച് സർക്കാരിന് സാമ്പത്തികസമാഹരണം നടത്താം. നമ്മൾ പറയുന്നതൊന്നും അംഗീകരിക്കാത്ത ഗവൺമെന്റിന് ഇങ്ങനെയുള്ള നല്ല കാര്യങ്ങൾ പറഞ്ഞു കൊടുക്കണോ?

മി. ചെയർമാൻ: അദ്ദേഹം ദാർശനികനായ ഒരു എം.എൽ.എ. ആണ് അതുകൊണ്ടാണ് നല്ല കാര്യങ്ങൾ പറയുന്നത്.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അഴിമതിരഹിത വാളയാർ പോലെ അഴിമതിരഹിത വകുപ്പാക്കി മാറ്റിയാൽ ചുരുങ്ങിയത് 1,000 കോടിരൂപ വരുമാനമുണ്ടാക്കാം. ട്രഷറി നിക്ഷേപത്തെ പ്രോത്സാഹിപ്പിക്കണം. എല്ലാ സർക്കാർ ട്രാൻസാക്ഷനുകളും ട്രഷറിവഴിയാക്കണം. എം.എൽ.എ.-മാരുടെ ശമ്പളം എന്തിനാണ് ബാങ്കുവഴിയാക്കിയത്; എന്തിനാണ് പെൻഷനും മറ്റും ബാങ്കിംഗ് ഓപ്ഷൻ കൊടുക്കുന്നത്; എന്തുകൊണ്ടാണ് ട്രഷറി നിക്ഷേപത്തെ ഏറ്റവും കൂടുതൽ അട്രാക്റ്റീവ് ഡെപ്പോസിറ്റാക്കി മാറ്റാത്തത്; സംസ്ഥാന സർക്കാരിന്റെ വരുമാനത്തിന്റെ നാലഞ്ചുവഴികൾ മാത്രമേ ഞാൻ സൂചിപ്പിച്ചുള്ളൂ. പാവപ്പെട്ടവന്റെ തലയിൽ നികുതി നിർദ്ദേശം ചെലുത്താൻ എളുപ്പമാണ്. സാധാരണക്കാരന്റെ വാങ്ങൽശേഷി കുറയ്ക്കുന്ന നികുതി നിർദ്ദേശ വർദ്ധനവിനെക്കുറിച്ച് വിശകലനം ചെയ്ത് കേവലം ഈ ഫിനാൻസ് ബില്ലിനെ എതിർക്കാൻ മാത്രമല്ല, മറിച്ച് ഭാവികേരളത്തിന്റെ ഇരുളടഞ്ഞ സമ്പദ്‌വ്യവസ്ഥയുടെകൂടി പ്രശ്നമാണിത്. എങ്ങനെയാണ് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ രക്ഷിക്കേണ്ടത്; അതിന്റെ പ്രഭവകേന്ദ്രം എവിടെയാണ്; അത് തിരിച്ചറിയണം. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക നിലപാട് വ്യക്തമാക്കപ്പെട്ടുകഴിഞ്ഞു. കേരളത്തിന്റെ ഇന്നത്തെ സമ്പദ്‌വ്യവസ്ഥയുടെ പ്രശ്നമല്ല നാളത്തെ സമ്പദ്‌വ്യവസ്ഥയുടെ പ്രശ്നമായി വരാൻ പോകുന്നത്. പാവപ്പെട്ടവരിൽനിന്ന് വീണ്ടും ടാക്സ് ഈടാക്കുക

LIBRARY ARCHIVES Kerala Legislative Assembly

യാണെങ്കിൽ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ അപകടത്തിലേക്കെത്തുമെന്ന് നമ്മൾ തിരിച്ചറിയണം. നവലിബറൽ നയം ബീഭത്സരൂപം പൂണ്ടുകഴിഞ്ഞു. കേരളം കൂടുതൽ അവഗണിക്കപ്പെടുകയാണ്. 12% മാത്രം വളർച്ചയുള്ള കേന്ദ്ര സഹായം വർദ്ധിക്കുമെന്ന് ആരും കരുതരുത്. ഫെഡറൽ ബാങ്കും ധനലക്ഷ്മി ബാങ്കും കാത്തലിക് സിറിയൻ ബാങ്കും സംസ്ഥാന സഹകരണ ബാങ്കും മറ്റ് ധനകാര്യ സ്ഥാപനങ്ങളുമെല്ലാം നമുക്ക് നഷ്ടപ്പെടാൻ പോവുകയാണ്. മാധ്യമങ്ങളിലടക്കം 100% എഫ്.ഡി.ഐ. വരാൻ പോകുന്നു. എല്ലാ സബ്സിഡികളും നിർത്തലാക്കാൻ പോകുന്നു. ഇതെല്ലാം ഭാവി കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ പ്രശ്നങ്ങളാണ്. ആ പ്രശ്നങ്ങൾകൂടി കണക്കിലെടുത്ത് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ വലുതാക്കാനുള്ള ഫിനാൻസ് ബില്ലിൽ വീണ്ടും പാവപ്പെട്ടവന്റെ വാങ്ങൽശേഷി കുറയ്ക്കുന്ന നികുതി നിർദ്ദേശങ്ങളുള്ളതുകൊണ്ടാണ് ഫിനാൻസ് ബില്ലിലെ നികുതി നിർദ്ദേശങ്ങളെ ഞാൻ എതിർക്കുന്നത്. ഫൈനാൻസ് ഒരു financial onslaught എന്ന് വേണമെങ്കിൽ ഇംഗ്ലീഷിൽ പറയാം. അത് കേരളത്തിൽ വരാൻ പോവുകയാണ്. ഫിനാൻസ് ക്യാപ്പിറ്റൽ കേരളത്തിലേക്ക് കുത്തിയൊഴുകി കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ തകർക്കാൻ പോകുന്നൊരന്തരീക്ഷം നമ്മൾ മുന്നിൽ കാണണം. വരാൻപോകുന്ന ഈ പ്രശ്നത്തെ ചെറുത്തുനിൽക്കാൻ ഇടതുപക്ഷ സാമ്പത്തിക ബദലിനേ കഴിയുവെന്ന് കേരളം തിരിച്ചറിയണം. സാധാരണക്കാരനുമേൽ ഒരു പൈസ പോലും ഭാരം കയറ്റരുത്. ഇത് സമ്പദ്‌വ്യവസ്ഥയോട് ചെയ്യുന്ന അനീതിയാണ്. അതുകൊണ്ട് ഈ ബില്ലിനെ എതിർക്കാതിരിക്കാൻ കഴിയുകയില്ല. ധനമൂലധനത്തെ തടഞ്ഞുനിർത്താൻ ശ്രമിക്കുകയാണോ വേണ്ടത്? ധനമൂലധനത്തിന്റെ തേരോട്ടത്തെ തടഞ്ഞുനിർത്തുന്ന അണക്കെട്ടുകളാണ് നമുക്ക് വേണ്ടത്. അത്തരത്തിൽ മാത്രമേ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ രക്ഷിക്കാൻ സാധിക്കൂ. പിരിക്കാനുള്ള നികുതി പിരിച്ചെടുക്കൂ, അഴിമതി തടയൂ, അപ്പീലുകൾക്ക് തീർപ്പ് കൽപ്പിക്കൂ, നോൺ ടാക്സ് നെറ്റ് വികസിപ്പിക്കൂ, ചെക്ക് പോസ്റ്റുകൾ അഴിമതി രഹിതമാക്കൂ, ഉത്പാദനത്തിന് മുൻതൂക്കം കൊടുക്കൂ, സാധാരണക്കാരന്റെ വാങ്ങൽശേഷി കുറയ്ക്കരുതേ, ഈ ആശയങ്ങൾക്ക് വിരുദ്ധമായതിനാൽ ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഇവിടെ സംസാരിച്ച അംഗങ്ങളൊക്കെ വളരെ നല്ല നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചത്. ആ നിർദ്ദേശങ്ങളൊക്കെ ഗവൺമെന്റ് ഉൾക്കൊള്ളുകയാണ്. ശ്രീ. പി. സി. ജോർജ് ആസ്തിവികസന
01.48 AM ഫണ്ട് മുഖേന 25 ലക്ഷം രൂപയുടെ വർക്ക് എന്ന നിബന്ധനയ്ക്കു പകരം 10 ലക്ഷം രൂപയാക്കണമെന്ന് പറയുകയുണ്ടായി. നല്ല നിർദ്ദേശമാണ്. 25 ലക്ഷംരൂപയെങ്കിലുമുണ്ടെങ്കിലേ ഒരു അസറ്റ് ക്രിയേറ്റ് ചെയ്യാൻ സാധിക്കൂ. അത് 10 ലക്ഷംരൂപയാക്കണമെന്നാണ് എം.എൽ.എ.-മാരുടെ ജനറൽ വിൽ എന്നുണ്ടെങ്കിൽ 10 ലക്ഷം രൂപയാക്കി കുറയ്ക്കുന്നതിന് വിരോധമില്ല. അതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. സംസ്ഥാനത്തിന്റെ കടബാധ്യതയെപ്പറ്റി ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

Page 56 of 59

വിമർശനമുണ്ടായി. കടബാധ്യത വർദ്ധിക്കുന്നു എന്നുള്ളത് ശരിയാണ്. 31-3-2011-ൽ കടം 78,673 കോടി രൂപയായിരുന്നു. 31-3-2014-ൽ അത് 1,19,000 കോടി രൂപയായി. 3 വർഷംകൊണ്ട് 40,320 കോടിരൂപ വർദ്ധിച്ചു. കടം വർദ്ധിക്കും. കടമെടുക്കുകയെന്നത് പ്ലാനിന്റെ ഒരുഭാഗം തന്നെയാണ്. ഞാനത് പലതവണ പറഞ്ഞിട്ടുള്ള കാര്യവുമാണ്. കടമെന്നുപറയുന്നത് പ്ലാൻ റിസോഴ്സാണ്. അത് പ്ലാനിംഗ് കമ്മീഷൻ അനുവദിച്ചിരിക്കുന്നതാണ്. ജി.എസ്.ഡി.പി.-യുടെ റേഷ്യോ വച്ചാണ് ഡെബ്റ്റ് റേഷ്യോ നോക്കേണ്ടത്. സമ്പദ്വ്യവസ്ഥ അനുസരിച്ച് നമ്മുടെ കടം ബെയർ ചെയ്യാൻ കഴിയുമോ എന്നുള്ളതാണ് പ്രധാനം. ആ നിലയ്ക്ക് ആലോചിക്കുമ്പോൾ ഒരാശങ്കയുമില്ല. 2007-08-ൽ 55,410 കോടി രൂപയായിരുന്നു കടം. അന്ന് ജി.എസ്.ഡി.പി.-യുടെ കടത്തിന്റെ റേഷ്യോ 31.64 ശതമാനം ആയിരുന്നു. 2013-14-ൽ 1,19,000 കോടിരൂപയെന്നുപറയുന്നത് ജി.എസ്.ഡി.പി.-യുടെ 29.53 ശതമാനമാണ്.

കടം വർദ്ധിച്ചിട്ടുണ്ട് പക്ഷേ ജി.എസ്.ഡി.പി.-യുടെ ശതമാനം കുറഞ്ഞിരിക്കുകയാണ്. അത് നല്ല ധനകാര്യ മാനേജുമെന്റിന്റെ ലക്ഷണമാണെന്ന് ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് അക്കാര്യത്തെ സംബന്ധിച്ച് ഒരാശങ്കയ്ക്കും അടിസ്ഥാനമില്ല. കരാറുകാരുടെ ബിൽ കുടിശ്ശിക കുമിഞ്ഞു കൂടുന്നുവെന്നും ബില്ലുകളൊന്നും പാസ്സാക്കുന്നില്ലെന്നും ശ്രീമതി ഇ.എസ്. ബിജിമോൾ പറയുകയുണ്ടായി. ആഗസ്റ്റ്-സെപ്തംബർ മാസങ്ങളിലെ പി.ഡബ്ല്യു.ഡി., വാട്ടർ റിസോഴ്സ് വകുപ്പുകളിലെ എൽ.സി. മുഴുവൻ നൽകിയിട്ടുണ്ട്. ബാക്കി ഘട്ടംഘട്ടമായി നൽകുന്നതാണ്. പഴയകാലവുമായി കംപെയർ ചെയ്താൽ വലിയൊരു ഇംപ്രൂവ്മെന്റ് ഇക്കാര്യത്തിലുണ്ടെന്ന് മനസ്സിലാകും. പക്ഷേ ആ ഇംപ്രൂവ്മെന്റ് ആരും കാണുകയില്ല, ഇംപ്രൂവ്മെന്റ് നോക്കാതെയാണ് പലരും സംസാരിക്കുന്നത്. അക്കാര്യത്തെ സംബന്ധിച്ച് ആരും വിഷമിക്കേണ്ട.

എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഡോ.തോമസ് ഐസക് 500 കോടിരൂപയുടെ എ.എസ്. കൊടുത്തു. കൂടാതെ സ്റ്റിമുലസ് പാക്കേജിന് അയ്യായിരം കോടിരൂപയുടെ എ.എസ്. കൊടുത്തിട്ടാണ് എൽ.ഡി.എഫ്. സർക്കാർ അധികാരം വിട്ടുപോയത്. ആ അയ്യായിരം കോടിരൂപയുടെ വർക്കുകൾ ഞങ്ങളാണ് ചെയ്തത്, അവ ചെയ്യേണ്ടി വന്നു. ആ ഭാരവുംകൂടി ഏറ്റെടുത്തതിനു ശേഷം ജി.എസ്.ഡി.പി.യുടെ 29 ശതമാനത്തിലേക്ക് കടം കൊണ്ടുചെന്ന് നിർത്തുകയെന്നുപറയുന്നത് വലിയൊരു കാര്യമായി ഞാൻ കരുതുകയാണ്. സാമൂഹ്യ സുരക്ഷാ ബില്ലുകൾ ഘട്ടംഘട്ടമായി നൽകും. അക്കാര്യത്തിൽ ഒരു വിഷമതയുമില്ല.

ശ്രീ. സാജു പോൾ: സർ, കേരളമാകെ കരാറുകാർ ടെണ്ടറുകൾ ബഹിഷ്കരിച്ചിരിക്കുകയാണ്. വൻകിട പദ്ധതികളുൾപ്പെടെയുള്ളവയുടെ നിർമ്മാണം സാമ്പത്തിക പ്രശ്നങ്ങൾ പറഞ്ഞുകൊണ്ട് നിർത്തിവച്ചിരിക്കുകയാണ്. നമ്മുടെ പദ്ധതിച്ചെലവ് നടക്കാതെ വരികയും തുടർന്നുള്ള വികസന പ്രവർത്തനങ്ങൾ സ്തംഭിക്കുകയും ചെയ്യുകയാണ്. അതിന് എന്താണൊരു പ്രതിവിധി?

ശ്രീ. കെ. എം.മാണി: സർ, അതിന് പ്രതിവിധിയായി കരാറുകാർക്ക് ഉടൻ തന്നെ ഒരു ഇൻസ്റ്റാൾമെന്റ് തുക കൊടുക്കാൻ പോകുകയാണ്. കരാറുകാർക്ക് ഘട്ടം ഘട്ടമായി മുഴുവൻ തുകയും കൊടുത്തുതീർക്കും. അതിൽ വിഷമമൊന്നും

LIBRARY ARCHIVES Kerala Legislative Assembly

വിചാരിക്കേണ്ട. അക്കാര്യത്തിൽ anxiety-യുടെ ആവശ്യമില്ല. തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന തോംസൺ ഗ്രൂപ്പ് സ്ഥാപനങ്ങളുടെമേൽ തൃശ്ശൂർ വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗം 32 കോടിയോളം രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തിയിരുന്നു. വിവിധ സ്ഥാപനങ്ങൾ അണ്ടർവാല്യൂ ചെയ്ത് കോഴി വിറ്റ വകയിൽ നികുതി വെട്ടിച്ചു എന്നതാണ് കേസ്. ഇരട്ടിത്തുകയായി 64 കോടിരൂപ നികുതി വകുപ്പ് പെനാൽറ്റിയായി ചുമത്തി. ചുമത്തിയ പെനാൽറ്റി അട്ടിമറി നടത്തിയെന്ന് ഡോ. ടി. എം. തോമസ് ഐസക് പറയുകയുണ്ടായി. അതിന്റെ ചരിത്രം കേൾക്കുമ്പോൾ വാദി പ്രതിയാകുന്ന അവസ്ഥയാണ് വരുന്നത്. ഇതിനെതിരെ തോംസൺ ഗ്രൂപ്പ് ഡെപ്യൂട്ടി കമ്മീഷണർ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുകയും ഹൈക്കോടതി ഉത്തരവുപ്രകാരം 6 കോടിരൂപ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 6 കോടിരൂപ അടയ്ക്കുന്നതിന് സുപ്രീം കോടതി സ്റ്റേ ചെയ്തു. 29-10-2013-ൽ ഡെപ്യൂട്ടി കമ്മീഷണർ പെനാൽറ്റി ഓർഡർ അസ്ഥിരപ്പെടുത്തി റിമാന്റ് ചെയ്തിരുന്നു. ഇക്കാര്യം സംബന്ധിച്ച് പത്രങ്ങളിൽ വാർത്ത വരികയും അന്നുതന്നെ ഇതുസംബന്ധിച്ച് ജോയിന്റ് കമ്മീഷണറെക്കൊണ്ട് ഒരന്വേഷണം നടത്തിക്കുകയുമുണ്ടായി. I could not find anything from the record to the subject any negligence, collusion among the officers എന്നാണ് ജോയിന്റ് കമ്മീഷണറുടെ റിപ്പോർട്ടിൽ പറയുന്നത്. എങ്കിലും ഡെപ്യൂട്ടി കമ്മീഷണറുടെ റിമാന്റ് ഉത്തരവിനെതിരെ വാറ്റ് ട്രിബ്യൂണലിൽ ഡിപ്പാർട്ടുമെന്റ് 6 അപ്പീലുകൾ ഫയൽ ചെയ്തിട്ടുണ്ട്. അപ്പീൽ ഫയൽ ചെയ്തിട്ടില്ലായെന്ന് ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത് ശരിയല്ല. അദ്ദേഹത്തിന് മുഴുവൻ അറിയിപ്പും കിട്ടാത്തതുകൊണ്ടായിരിക്കാം...

ഡോ. ടി. എം. തോമസ് ഐസക്: സർ, അപ്പീൽ ഫയൽ ചെയ്തു എന്നല്ല ഞാൻ പറഞ്ഞത്. ഒന്ന് സ്റ്റേ, അർജൻസി ക്ലാസ് വച്ച് അർജന്റായി പെറ്റീഷൻ കേൾക്കണമെന്ന് പറഞ്ഞിട്ടില്ലല്ലോ, അപ്പീൽ ഫയൽ ചെയ്തു, അതോടെ ഫിനിഷ്ഡ് ആയി എന്നു പറഞ്ഞാൽ ഒരു വർഷമായി അതവിടെ കിടക്കുകയാണ്.

ശ്രീ. കെ. എം. മാണി: സർ, തോക്കിൽ കയറി വെടിവയ്ക്കാതെ മുഴുവൻ കേൾക്കൂ. ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞതെല്ലാം വിഴുങ്ങി. ഞാനൊന്നും പറഞ്ഞില്ല, അങ്ങനെയാണോ; ഡെപ്യൂട്ടി കമ്മീഷണറുടെ റിമാന്റ് ഉത്തരവിനെതിരെ ഡിപ്പാർട്ടുമെന്റ് വാറ്റ് ട്രൈബ്യൂണലിൽ ആറ് അപ്പീലുകൾ ഫയൽ ചെയ്തിട്ട് അപ്പീൽ കൊടുത്തിട്ടില്ലെന്ന് ഡോ. ടി. എം. തോമസ് ഐസക് സഭയിൽ പറഞ്ഞാൽ ഞാനെന്തു എന്തുപറയും?

ഡോ. ടി. എം. തോമസ് ഐസക്: സർ, പോയിന്റ് ഓഫ് ഓർഡർ, ഇന്ന് നടന്ന സംഭാഷണത്തെക്കുറിച്ചാണ്. ഞാൻ അപ്പീൽ ഫയൽ ചെയ്തിട്ടില്ലെന്ന് പറഞ്ഞിട്ടേയില്ല. ഞാൻ ചോദിച്ചത് സ്റ്റേയ്ക്കുവേണ്ടി നിങ്ങൾ മൂവ് ചെയ്തിട്ടുണ്ടോ എന്നാണ്. അല്ലെങ്കിൽ ആറരക്കോടിരൂപ തിരിച്ചുകൊടുക്കേണ്ടേ? മറ്റൊന്ന്, ഒരു വർഷമായിട്ടും അടിയന്തരമായി അപ്പീൽ നോക്കണമെന്ന്. ഫയൽ ചെയ്തിട്ടുണ്ടോ; ഇല്ലല്ലോ? ആറ് അപ്പീൽ എന്നുപറഞ്ഞാൽ ഒന്നുമില്ല, ആറുപേർക്ക് ആറ് അപ്പീൽ കൊടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

Page 58 of 59

ശ്രീ. കെ. എം.മാണി: സർ, മുഴുവൻ പറഞ്ഞുകഴിയുമ്പോൾ കാര്യങ്ങൾ മനസ്സിലാകും. പെനാൽറ്റി ഉത്തരവുകൾ റിമാന്റ് ചെയ്യാൻ പാടില്ലെന്ന വിഷയം ഈ സർക്കാർ ഉന്നയിച്ചതാണ്. ഡോ. ടി. എം. തോമസ് ഐസക് അല്ല. പെനാൽറ്റി ഉത്തരവുകൾ റിമാന്റ് ചെയ്യാൻ പാടില്ലെന്നതാണ് ഈ ഗവൺമെന്റിന്റെ നിലപാട്. അക്കാര്യം പരിശോധിക്കുകയും അത്തരം ഉത്തരവുകൾ റിമാന്റ് ചെയ്യാൻ പാടില്ലായെന്ന് കമ്മീഷണർ സർക്കാരിനോട് അറിയിക്കുകയും ചെയ്തു. എന്നാൽ ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന സമയത്തും ഡെപ്യൂട്ടി കമ്മീഷണർ പെനാൽറ്റി ഉത്തരവുകൾ റിമാന്റ് ചെയ്തുകൊണ്ടിരിക്കുന്നതാണെന്നുള്ള വസ്തുത നിഷേധിക്കാൻ സാധിക്കുമോ; അങ്ങയുടെ കാലഘട്ടത്തിലും പെനാൽറ്റി ഉത്തരവുകൾ റിമാന്റ് ചെയ്തുകൊണ്ടിരുന്നു എന്നുള്ളതാണ് സത്യം. അത് മറച്ചു വയ്ക്കേണ്ട കാര്യമില്ല. തെറ്റാണെന്നെന്നും ഞാൻ പറയുന്നില്ല. ഭാവിയിൽ പെനാൽറ്റി ഉത്തരവുകൾ ഒരുകാരണവശാലും ഡെപ്യൂട്ടി കമ്മീഷണർമാർ റിമാന്റ് ചെയ്യാതിരിക്കുന്നതിലേക്കാണ് ഇപ്പോൾ വാറ്റ് നിയമത്തിൽ ഈ വ്യവസ്ഥ കൊണ്ടുവരുന്നത്. ഞാനൊരു നല്ല കാര്യമാണ് ചെയ്യുന്നത്. ഇനി അങ്ങനെ ചെയ്യാൻ പാടില്ല എന്നൊരു വ്യവസ്ഥ, ആദ്യമായിട്ടാണ് ഇങ്ങനെയൊരു വ്യവസ്ഥ നിയമത്തിൽക്കൂടി വരുന്നത്. അങ്ങയുടെ കാലത്ത് അങ്ങനെയില്ല. അങ്ങയുടെ കാലത്ത് റിമാന്റ് ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ഇപ്പോൾ ഞങ്ങളത് തിരുത്തുകയാണ്. അപ്പോൾ എന്നെ അഭിനന്ദിക്കുന്നതിനുപകരം കുറ്റപ്പെടുത്തിയാലോ; അഭിനന്ദിക്കുകയാണ് വേണ്ടത്. അഭിനന്ദനമൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല. ഡോ. തോമസ് ഐസക്കിന്റെ മനസ്സിൽ എന്നെപ്പറ്റിയൊരു സന്തോഷവും ഞാൻ ചെയ്യുന്നതൊക്കെ ശരിയാണെന്നുമുണ്ട്. പക്ഷേ അങ്ങനെ പുറമേ പറയാൻ അദ്ദേഹത്തിന് സാധിക്കില്ലല്ലോ; അങ്ങനെ പറഞ്ഞാൽ പ്രതിപക്ഷമാകുമോ; എന്തായാലും ഒരു നല്ലകാര്യം ഗവൺമെന്റ് ചെയ്തതാണ്.

മറ്റൊരു കാര്യം കേസ് കേൾക്കാൻ അർജന്റ് പെറ്റീഷൻ കൊടുത്തോയെന്ന് ചോദിച്ചു. കേസ് കേൾക്കാൻ അർജന്റ് പെറ്റീഷൻ 7-1-2014-ൽ കൊടുത്തിട്ടുണ്ട്. വകുപ്പ് അപ്പീൽ ഫയൽ ചെയ്തതിനാൽ ആറ് കോടിരൂപ തിരികെ നൽകിയിട്ടില്ല. 2-6-2011-ലാണ് തൃശ്ശൂർ ഡെപ്യൂട്ടി കമ്മീഷണർ നികുതി വെട്ടിപ്പ് സംബന്ധിച്ച് കമ്മീഷണർക്ക് പരാതി നൽകിയത്. ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ് ഈ വെട്ടിപ്പ് ഉണ്ടായത്. അത് ആദ്യം മനസ്സിലാക്കണം. 5-7-2011-ൽ കേസ് അന്വേഷിക്കാൻ ഏഴംഗ ടീമിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 8-12-2011-ൽ മൂന്ന് ഉദ്യോഗസ്ഥരെക്കൂടി പ്രസ്തുത ടീമിൽ ചേർത്തു. പ്രസ്തുത ടീമാണ് പെനാൽറ്റി ചുമത്തിയത്. ടീമിലെ അംഗങ്ങൾ ആരുടെയും പ്രവർത്തനങ്ങളിൽ തടസ്സമുണ്ടാക്കുന്നില്ല. അതുകൊണ്ട് ഒന്നും ഭയപ്പെടേണ്ട കാര്യമില്ല. സർക്കാരിന് കിട്ടേണ്ട എല്ലാ നികുതിയും പിരിച്ചെടുക്കും. നികുതി വെട്ടിപ്പ് ഒരിക്കലും അനുവദിക്കില്ല, നികുതി വെട്ടിപ്പ് നടത്തുന്നവരെ നിയമത്തിന് വിധേയമാക്കും. ഡോ. ടി. എം. തോമസ് ഐസക് സദുദ്ദേശ്യത്തോടെ പറഞ്ഞതായിരിക്കുമെന്നാണ് എന്റെ വിശ്വാസം. ഏതായാലും സർക്കാരിന്റെ



LIBRARY ARCHIVES Kerala Legislative Assembly

Page 59 of 59

താല്പര്യം സംരക്ഷിക്കാൻ ഒരുമിച്ച് നിൽക്കാമെന്ന് മാത്രം പറഞ്ഞുകൊണ്ടും പല നല്ല നിർദ്ദേശങ്ങൾ സദുദ്ദേശ്യത്തോടെ പ്രതിപക്ഷം നൽകിയതിന് നന്ദി പറഞ്ഞുകൊണ്ടും ഈ ഡിമാന്റ് ഏകകണ്ഠമായി പാസ്സാക്കിത്തരണമെന്നും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മി.സ്പീക്കർ: ശ്രീമതി കെ.എസ് സലീഖ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി.ഡി. സതീശൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ : പ്രൊഫ. സി. രവീന്ദ്രനാഥ്, അങ്ങ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. സി. രവീന്ദ്രനാഥ് അവതരിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2014-ലെ കേരള ധനകാര്യ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും മരാമത്തും ഗതാഗതവും വാർത്താ വിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും സംയുക്തമായി പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെയും 2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പ്രത്യേകമായി പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയത്തെയും

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയങ്ങൾ സഭ അംഗീകരിച്ചിരിക്കുന്നു; ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly